# മൂടൽമഞ്ഞത്തിൽ മൂന്നാഴ്ച

910.2
AD

ഔവങ്ങട്ടി കാപ്പൻ

# മൂടൽമഞ്ഞിൽ മൂന്നാഴ്ച

ACHARYA PALACKAL SEVA KENDRAM
16732

റോസക്കുട്ടി കാപ്പൻ

എസ്. എച്ച്. പബ്ലിക്കേഷൻസ്

കോതമംഗലം – 686 691

M/910.2
KAP

Moodalmanjil Moonnazhcha
(Malayalam)

Autobiographical Reflections:
Sr. (Prof.) Rosakutty Kappan S. H.
M. A. (Hindi); M. A. (Malayalam)
S. H. Provincialate, Kothamangalam - 686 691

First Published : 1989

Publishers : S. H. Publications
Kothamangalam – 686 691

Distributors : St. Paul's Publications
EKM., Cochin - 682 031

Copyright : Reserved by the Author

Price : Rs. 7

Artist : Sr. Theresa M. S. M. I.

Printed at : De Paul Press
Pachalam, Cochin – 682 012.

# ആമുഖക്കുറിപ്പ്

അത്യന്തം സംഘർഷാത്മകവും വ്രണിതവുമായ ഒരു ഹൃദയം യേശുവിൻെറ സൗഖ്യദായകമായ അരൂപിയുടെ സ്പർശനത്താൽ സുഖപ്പെട്ട ഒരു സംഭവത്തിൻെറ ആവിഷ്കാരമാണ് ഈ ലഘുഗ്രന്ഥം — മൂടൽമഞ്ഞിൽ മൂന്നാഴ്ച. ആത്മാവിഷ്കാരപ്രധാനമാണ് പ്രതിപാദ്യം.

പൊടുന്നനെ, അസ്വസ്ഥതയുടെ ആഴക്കയത്തിലകപ്പെട്ട്, നീന്തിത്തളർന്ന്, മറുകര കാണാനാവാതെ വിഷമിക്കുന്നവർക്ക് സ്വല്പം സ്വസ്ഥത സംലഭ്യമാക്കുകയെന്ന ഒരൊററ ലക്ഷ്യമേ ഈ ഗ്രന്ഥരചനയുടെ പ്രേരകശക്തിയായിട്ടുള്ളു.

ഇത്തരമൊരു ആത്മകഥാംശം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ സകലവിധ പ്രോത്സാഹനവും നല്കിയത് എൻെറ സ്വന്തം സന്ന്യാസിനീ സമൂഹമാണ്; വിശിഷ്യ, സിസ്ററർ പ്രൊവിൻഷ്യൽ സ്റെറല്ലാ മാരീസ് എസ്. എച്ച്.

"ഉപനിഷത്തുകളിലും ബൈബിളിലും ഖുർ-ആനിലും" ഉള്ളടങ്ങുന്ന അത്യുദാത്ത ദർശനസംഹിതകൾ അതിമനോഹരമായി കോർത്തിണക്കിയ ഒരവതാരികയിലൂടെ ഈ ലഘുഗ്രന്ഥത്തിന് തിളക്കമേകി, മകുടം ചാർത്തി എന്നെ കനിഞ്ഞനുഗ്രഹിച്ചു ഗുരു നിത്യചൈതന്യയതി. 'മൂടൽമഞ്ഞിൽ മൂന്നാഴ്ച'യുടെ അന്തർധാരകൾ കണ്ടെടുത്ത്, അവ അദ്ദേഹം സമ്യക്കായി അവതരിപ്പിച്ചിരിക്കുന്നു, ആത്മാർത്ഥതയോടെ, സാഹോദര്യത്തികവോടെതന്നെ. അതെനിക്ക് ഒരു വലിയ ഭാഗ്യമായി.

എൻെറ മൂടൽമഞ്ഞിലെ മൂന്നാഴ്ചയ്ക്കിടെ എനിക്കു സുപരിചിതരും സുകൃതിനികളുമായ രണ്ടു കർമ്മലീത്താ സന്ന്യാസിനികൾ കർത്താവിൽ ഭാഗ്യമ

രണം പ്രാപിച്ചു. അവരുടെ പരിശുദ്ധമായ സ്മരണ എന്നിൽ കൊളുത്തിയ മഹത്തായ ദർശനധാരകൾ ഈ കൃതിയിൽ അവതരിപ്പിച്ചിട്ടുണ്ട്; അവരുടെ പുണ്യജീവിതത്തിലെ ചില ഏടുകൾക്കു നിറംചാർത്താനും പരിശ്രമിച്ചിട്ടുണ്ട്. ആ സഹോദരികളുടെ ഫോട്ടോയും ഇതിൽ കൊടുത്തിരിക്കുന്നു. ഇതിനുള്ള അനുമതി തന്നത് സിസ്ററർ പ്രൊവിൻഷ്യൽ സിബിയ സി. എം. സി. ആണ്.

ഈ ഗ്രന്ഥരചനയ്ക്ക് ഉത്തേജകശക്തിയായ പി. ഒ. സി. കുടുംബാംഗങ്ങളെ എനിക്കൊരിക്കലും മറക്കാനാവില്ല. ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളായി എൻെറ സാഹിത്യപരിശ്രമങ്ങൾക്ക് അവർ അകളങ്കമായി കൂട്ടുനില്ക്കുന്നു; പ്രത്യേകിച്ച്, ഡയറക്ടർ ഡോ. ജോർജ് ആലഞ്ചേരി.

ഈ കൃതി ദൈവശാസ്ത്രപരമായും ശൈലീസംബന്ധമായും വിലയിരുത്തലിനു വിധേയമാക്കി എന്നെ ധന്യയാക്കിയത് ഡോ. ജോർജ് മാടമന (പ്രൊഫസർ എൽ. എഫ്. സെമിനാരി, ആലുവ), സഖറിയാസ് പറനിലം എം. ടി. എച്ച്; എം. എ. (ഡീൻ ഓഫ് സ്ററഡീസ്, പി. ഒ. സി.) എന്നിവരാണ്.

വിതരണം ഏറെറടുത്തിരിക്കുന്നു എറണാകുളം സെൻറ് പോൾസ് പബ്ലിക്കേഷൻസ് മാനേജർ ഫാ. ഫ്രാൻസിസ് എസ്. എസ്. ബി.

മുദ്രണം ഇത്ര ഭംഗിയായി നിർവ്വഹിച്ചത് എറണാകുളം ഡി പോൾ പ്രസ്സുകാരാണ്.

എല്ലാവർക്കും നന്ദിയുടെ നറുമലരുകൾ അർപ്പിച്ചുകൊള്ളട്ടെ,

കൂപ്പുകരങ്ങളോടെ

റോസക്കുട്ടി കാപ്പൻ



# അവതാരിക

നിത്യചൈതന്യയതി

കുറച്ചു ദിവസങ്ങൾക്കു മുൻപ് സമാദരണീയയായ സിസ്ററർ റോസക്കുട്ടി കാപ്പൻെറ ഒരു കത്തു വന്നിരുന്നു. അനുഗൃഹീത കവയിത്രിയായ സഹോദരി എഴുതിയ 'നിവേദിത' എന്ന പുസ്തകം എനിക്ക് അയച്ചിട്ടുണ്ടെന്നറിയിക്കുവാനും പുതിയതായി എഴുതിയ 'മൂടൽ മഞ്ഞിൽ മൂന്നാഴ്ച' എന്ന പുസ്തകത്തിന് ഒരു അവതാരിക എഴുതി അയച്ചുകൊടുക്കുവാനും വേണ്ടിയുള്ളതായിരുന്നു കത്ത്. 'നിവേദിത' എന്ന പുസ്തകം ആദ്യം വന്നു. അതു പൊതിഞ്ഞിരുന്ന കടലാസ് അഴിച്ചു മാററിയപ്പോൾ അതിൻെറ മഞ്ഞക്കവറിൻെറ മുകളിൽ റോസക്കുട്ടി കാപ്പൻ എന്നെഴുതിയിട്ടുണ്ട്. മുഖചിത്രത്തിന് പശ്ചാത്തലമായി ഒരു കുരിശ്. കുരിശിൻെറ ബിന്ദുസ്ഥാനത്ത് മുൾക്കിരീടം അണിയിച്ചിരിക്കുന്ന ഹൃദയം. അതിൽനിന്ന് ഉയരുന്ന പ്രകാശം. അതിനുതാഴെ രണ്ടു കണ്ണുകൾ. രണ്ടു കണ്ണുകളിൽനിന്നും അടർന്നു വീഴുന്ന കണ്ണുനീർത്തുള്ളി. എന്തുകൊണ്ടായിരിക്കും ഈ കണ്ണുകൾ നിറഞ്ഞൊഴുകുന്നത്? ഞാൻ പുസ്തകം മറിച്ചുനോക്കി. അതിലെ ഒരു കവിതാശകലം

എൻെറ കണ്ണിൽ തടഞ്ഞുനിന്നു. ഞാനത് ഇവിടെ എഴുതട്ടെ:

തപ്തബാഷ്പമെൻകരംവേദനയ്ക്കാഴംകൂട്ടി....
എങ്കിലും, കൺകരം കൂമ്പി.... സാധനാമന്ത്രം
ചൊല്ലി
നിന്നുപോയേകാന്തത മുററിനില്ക്കവേ തന്നെ;
നിറയെത്തൂമുത്തെഴും വേദപുസ്തകം കണ്ടൂ....
വിടരും ചുരുരം കണ്ടു.... വിണ്ടുകീറിയത്തായി–
വേരിൽ നിന്നനേകമാം മുളകരം കിളിർക്കുന്നു....!

തായിവേരൊരായിരം കമ്പുകരംക്കൂർജ്ജം നല്കി....
അങ്ങു ദൂരത്തേക്കെത്തി ചുററിലും വ്യാപിക്കുന്നു.
തായ്മരം താനേതന്നെ വിണ്ണിലേക്കുന്നം വച്ചു
തളിരും പൂങ്കമ്പുമായ് പടരാൻ തുടങ്ങുന്നു.
അത്യഗാധങ്ങരംവരേക്കെത്തിടും തായ്വേരതാ....
ആദിസ്രോതസ്സിൻ കൈകരം താങ്ങിടുന്നനു
ക്ഷണം!

ഞാൻ പിന്നെയും പിന്നെയും ആ ഭാഗം വായിച്ച് അതിൽ അടങ്ങിയിരിക്കുന്ന ഉഭയകോടികളിലേക്ക് മാറിമാറി ചിന്തയെ കൊണ്ടുപോയ്ക്കൊണ്ടിരുന്നു. ഒന്ന് 'കരം വേദനയ്ക്കാഴം കൂട്ടിയ തപ്തബാഷ്പം' തൂകുന്ന കണ്ണുകളെപ്പററിയുള്ള ഓർമ്മ. വേറൊന്ന് 'അത്യഗാധങ്ങരംവരെ പോയി വൃക്ഷത്തിന്നാകവേ താങ്ങായിരിക്കുന്ന തായ്വേര്' തൊട്ടുകാണിക്കുന്ന 'ആദിസ്രോതസ്സ്'. അപ്പോരം എൻെറ മുമ്പിൽ വന്ന ചിത്രം വിങ്ങിപ്പൊട്ടിക്കരയുന്ന ഒരു കുഞ്ഞിനെ വാത്സല്യത്തോടെ വാരിയെടുത്ത് മടിയിൽവച്ച് സ്തന്യാമൃതം കൊടുക്കുന്ന ഒരു അമ്മയുടേതായിട്ടേ എനിക്ക് കാണുവാൻ കഴിഞ്ഞുള്ളൂ – കരയുന്ന കുഞ്ഞ്, പരിരക്ഷണം നല്കുന്ന അമ്മ. പ്രാതിയൌഗികമായ പരിപൂർണ്ണതയ്ക്ക് കുഞ്ഞും വേണം, അമ്മയും വേണം. ഇവിടെ സഹിക്കാനാവാത്ത ദു:ഖംകൊണ്ട് കരയുന്ന കണ്ണ് മുമ്പിലിരിക്കുന്നു. എന്നാൽ, ആ കണ്ണു

തന്നെയല്ലേ ജീവിതകാലമത്രയും അവധിയില്ലാതെ മാറിമാറി വരുന്ന ഈ വിശ്വാസത്തിൻെറ ആനന്ദരൂപങ്ങളെയെല്ലാം ഈശ്വരസൃഷ്ടിയിൽനിന്ന് ഏററുവാങ്ങി ജീവിതത്തെ ദിവ്യോത്സവമാക്കുന്ന വിഭവങ്ങളായി പിന്നെയും പിന്നെയും വിളമ്പിത്തന്നുകൊണ്ടിരിക്കുന്നത്: ഋണാത്മകതയും ധനാത്മകതയും എപ്പോഴും ജീവിതത്തിൻെറ രണ്ടുകോടികളായി വരുന്നു. 'അദ്വൈത ദീപിക'യിലെ ഒരു ശ്ലോകം എനിക്കോർമ്മ വന്നു.

കാണുന്നു — കണ്ണിഹ തുറക്കിൽ
അടയ്ക്കിൽ — അന്ധൻ താൻ,
ഉള്ളിൽമേവുമറിവിങ്ങു വരായ്കയാലേ;
ജ്ഞാനം പുറത്തു തനിയെ വരികില്ല,
കണ്ണുവേണം വരുന്നതിനു - കണ്ണിനു
കാന്തിപോലെ.

തപാൽക്കാരൻ വന്നു. ഒരു രജിസ്റേറർഡ് പാഴ്സൽ ഉണ്ട്. പൊട്ടിച്ചുനോക്കി. റോസക്കുട്ടി കാപ്പൻ എഴുതിയ 'മൂടൽമഞ്ഞിൽ മൂന്നാഴ്ച' എന്ന പുസ്തകത്തിൻെറ കയ്യെഴുത്തുകോപ്പിയാണ്. അതു മുഴുവൻ വായിക്കുവാനെനിക്കു കഴിയുമോ? എന്നാൽ, വായിക്കാൻ കഴിയുന്ന തിളക്കമുള്ള കണ്ണുകളോടു കൂടിയ ഒരു സഹായി അടുത്തു നില്ക്കുന്നുണ്ടായിരുന്നു, ത്രേസി ഡിലൈററ്.

'മകളേ, ഇതൊന്നു വായിച്ചു തരൂ'.

ഞാൻ ത്രേസിയോട് ആവശ്യപ്പെട്ടു. അതിലെ ആദ്യത്തെ വരി വായിച്ചാൽ അതുതന്നെ നമ്മെ അടുത്ത വരിയിലേക്കും പിന്നത്തെ വരിയിലേക്കും അങ്ങനെ ബലാത്കാരമായി കൊണ്ടുപോയ്ക്കൊള്ളും.

ഇതൊരു കഥയല്ല; ആരെയും സന്തോഷിപ്പിക്കാൻ വേണ്ടി എഴുതിയ സരസമായ സാഹിത്യവിഭവമല്ല; അലസമായിരുന്ന് എഴുതിയ കവിതാശകലവുമല്ല. നമ്മുടെ

കൺമുൻപിൽ നൊന്തുനീറി പുകയും ചാരവുമായി മാറുന്ന ഒരു സ്നേഹഹൃദയത്തിൻെറ ദയനീയമായ സ്ഥിതി അമ്പരപ്പോടെ നോക്കി നില്ക്കേണ്ടുന്ന ഒരവസ്ഥ! അത് നമ്മെ സംഭ്രാന്തിയിൽനിന്നു സംഭ്രാന്തിയിലേക്ക് കൊണ്ടുപോകുന്നത് കാണുകയാണ്.

ഈ ലോകത്തിൻെറ വെളിച്ചമാണ്, സൂര്യൻ. അതുപോലെ നമ്മുടെ സൂര്യകാന്തി കണ്ണാണ്. അനേകം പ്രകാശവർഷങ്ങൾക്ക് അപ്പുറത്തു നില്ക്കുന്ന നക്ഷത്രങ്ങളോടു പോലും നമുക്ക് ചങ്ങാത്തം കൂടുവാൻ മിഴികൾ ആകാശത്തേക്ക് ഒന്നുയർത്തി നോക്കിയാൽ മതി. അങ്ങനെ വിണ്ണുമുതൽ മണ്ണുവരെ നിറഞ്ഞുനില്ക്കുന്ന ലോകമെല്ലാം ഈ നേത്രങ്ങളുടെ രണ്ടു കാചങ്ങളിൽക്കൂടി ആത്മാവിനു പകർന്നു തരുന്ന കണ്ണെന്ന അതിശയം എന്നേക്കുമായി നമ്മളിൽനിന്ന് എടുത്തു മാററിയാൽ ജീവിതത്തിൻെറ എല്ലാ സന്തോഷവും അവിടെ അസ്തമിച്ചുപോവുകയില്ലേ? ഞാൻ മിൽട്ടനെപ്പററി ഓർത്തു; അദ്ദേഹം നഷ്ടപ്പെട്ട പറുദീസയെപ്പററി ഓർത്തു വിലപിക്കുന്നു. നമ്മോടൊപ്പം ഇന്നാൾ വരെ ജീവിച്ചിരുന്ന മഹാകവി വള്ളത്തോളിനെപ്പററി ഓർത്തു. മിൽട്ടന് നഷ്ടപ്പെട്ടത് കാഴ്ചയാണെങ്കിൽ വള്ളത്തോളിന് നഷ്ടപ്പെട്ടത് കേൾവിയാണ്.

റോസക്കുട്ടി കാപ്പൻെറ പ്രാർത്ഥനനിറഞ്ഞ ആത്മരോദനം എഴുതിയിരിക്കുന്നതിൽ വള്ളത്തോളിൻെറ സങ്കടകരമായ പരിദേവനവും പ്രതിദ്ധ്വനിക്കുന്നതുപോലെ തോന്നി.

വള്ളത്തോൾ എഴുതുന്നു:

> ഗദകബളിതമെൻെറ കർണ്ണയുഗ്മം
> വദനവിഭൂഷണമാത്രമായ്ച്ചമഞ്ഞു;
> കദനമിതൊഴിവാക്കുകംബികേ, നിൻ
> പദസരസീരുഹദാസനല്ലയോ ഞാൻ?

അഴലിതുവരുവാനൊരജ്ഞനാം ഞാൻ
പിഴ പലതും ബത, ചെയ്തുപോയിരിക്കാം;
അഴകിലവ പൊറുത്തുകൊൾക നീ, തൃ-
ക്കഴലിണയേ മമ താങ്ങലുള്ളു തായേ!

ശ്രുതിയുടെ പൊരുളെന്ന പുണ്യലോക-
ശ്രുതി പുലരും തവസേവ ചെയ്യുമീ ഞാൻ
ശ്രുതിവിരഹിതനാകിലുൽക്കടാപ-
ശ്രുതി പുതുതായവിടേയ്ക്കു പററുമല്ലൊ!

ക്രിസ്തീയജീവിതത്തിന് ഒരു പഞ്ചാംഗസൌഷ്ഠവമാണുള്ളത്. കാഴ്ചക്കുറവുകൊണ്ടുണ്ടാകുന്ന ദയനീയമായ പതനം. തുടർന്നുവരുന്ന പശ്ചാത്താപം. അതിൻെറ ഇരുളിൽ ആണ്ടുപോകാതിരിക്കുവാൻ ദൈവത്തിൻെറ കരുതൽപോലെ വരുന്ന പ്രത്യാശ. പ്രത്യാശയുടെ നിറവേറലിന്നായി അകമഴിഞ്ഞു ചെയ്യുന്ന പ്രാർത്ഥന. പ്രാർത്ഥന പൂവണിയുന്നതുപോലെ വരുന്ന ഈശ്വരാനുഗ്രഹപ്രാപ്തി.

ഇത് അഞ്ചും റോസക്കുട്ടി കാപ്പൻെറ മൂന്നാഴ്ചത്തെ നിരന്തരമായ വേദനയുടെ, ഉൾത്താപത്തിൻെറ, പശ്ചാത്താപത്തിൻെറ, പ്രത്യാശയോടുകൂടി നടത്തിയ പ്രാർത്ഥനയുടെ വിവരണം വായിച്ചാൽ ആർക്കും മനസ്സിലാകും.

മനുഷ്യന് എങ്ങനെ പതനമുണ്ടാകുന്നു? ഉപനിഷത്തുകളിലും ബൈബിളിലും ഖുർ-ആനിലും ഒരുപോലെയുള്ള പരാമർശമുണ്ട്. മനുഷ്യന് കണ്ണുണ്ടായിട്ടും അവൻ കാണുന്നില്ല. കാതുണ്ടായിട്ടും അവൻ കേൾക്കുന്നില്ല. അങ്ങനെ വരുമോ? മനുഷ്യന് കണ്ണുതുറന്നു കിട്ടിയ കഥ ഞാൻ 'പഴയനിയമ'ത്തിലെ ഉല്പത്തിപ്പുസ്തകത്തിൽ വായിച്ചു; ഉല്പത്തിപ്പുസ്തകം അധ്യായം മൂന്ന് ഒന്നു മുതൽ പതിന്നാലുവരെയുള്ള വാക്യങ്ങൾ. അതിലെ സംഗതമായ ഭാഗം ഇവിടെ എഴുതട്ടെ.

ദൈവം സൃഷ്ടിച്ച നരനെയും നാരിയെയും ഏതു തോട്ടത്തിലാണോ ജീവിക്കാനനുവദിച്ചത് "ആ

തോട്ടത്തിൻെറ നടുവിൽ നിന്നിരുന്ന വൃക്ഷത്തിൻെറ കനി അവർ തൊടുകപോലും ചെയ്യരുതെന്ന് ദൈവം കല്പിച്ചിരുന്നു.'' എന്നാൽ, സർപ്പത്താൽ നീതരായി ആ വൃക്ഷത്തിൻെറ അടുത്തു ചെന്നപ്പോ൦ അവർക്കു കാണാൻ കഴിഞ്ഞത് ''കണ്ണിനാനന്ദകരമായ കനിയാണ്. ആ വൃക്ഷത്തിൻെറ കനി തിന്നാൽ നല്ലതും ജ്ഞാനപ്രാപ്തിക്ക് കാമ്യവുമാണെന്നു'' കണ്ടപ്പോ൦ ''സ്ത്രീ അതിൻെറ കനി പറിച്ചു തിന്നു. കുറെ ഭർത്താവിനും കൊടുത്തു. അപ്പോ൦ ഇരുവരുടെയും കണ്ണുക൦ തുറന്നു.''

അത്രയും വായിച്ചപ്പോ൦ എനിക്കു തോന്നി എന്തനുഗ്രഹമായി, അവർക്ക് കണ്ണുക൦ തുറന്നു കിട്ടിയല്ലൊ, എന്ന്.

പിന്നെയും തുടർന്നു വായിച്ചപ്പോഴാണ് മനസ്സിലാകുന്നത്, കണ്ണു തുറന്നതോടെ അവർ സ്വന്തം വിശുദ്ധിയിൽ സംശയാലുക്കളായി ലജ്ജിച്ചു പോയെന്ന്. എന്നു മാത്രമല്ല, അവർ ഭയചകിതരായി. ദൈവത്തിലേക്ക് അടുത്തു ചെല്ലുന്നതിനു പകരം അവനിൽനിന്ന് അകലേക്ക് ഓടി മറഞ്ഞു. കണ്ണിനെപ്പററിയുള്ള ഈ പ്രതിപാദനവും തുടർന്നുണ്ടായ ആദ്യപാപത്തിൻെറ ദയനീയകഥയുമാണ് ക്രിസ്തീയ ജീവിതത്തിൽ ദൈനംദിനജീവിതത്തിൻെറ ഊടുപാകാനുള്ള പാവായി അറുതിയില്ലാതെ നീണ്ടുപോകുന്നത്. പുറംകണ്ണ് മൂടിവച്ചാൽ ഒപ്പം അകക്കണ്ണ് ഇരുണ്ടുപോകുമെങ്കിൽ കണ്ണിനുണ്ടായിരിക്കുന്ന മൂല്യം എത്ര വലുതെന്ന് മനുഷ്യനറിയും. ഈശ്വരനിൽനിന്ന് ദാനമായി ലഭിച്ചതാണ് ആത്മപ്രകാശമെങ്കിലും ഈശ്വരൻ നഷ്ടപ്പെട്ടാൽ എല്ലാ പ്രകാശവും അതോടെ ഒടുങ്ങിപ്പോകും. ഇവിടെ, ദൈവകാരുണ്യം തന്നെ ഇരുളായിവന്ന് ബാഹ്യരതിയിൽനിന്ന് മനുഷ്യനെ അവൻെറ സ്വന്തം തടവറയിലേക്കു കൊണ്ടുപോകുന്നു. അത് ഏററവും ഹൃദയസ്പൃക്കായ രീതിയിൽ കുരിശിൻെറ യോഹന്നാൻ (St. John of the cross) ''ആ

ത്മാവിൻെറ മൂന്നു കറുത്തരാത്രികൾ" എന്ന പേരിൽ എഴുതിയിരിക്കുന്നതു വായിക്കുമ്പോൾ നമുക്ക് മനസ്സിലാകും, ദൈവത്തിൻെറ കാരുണ്യം എത്ര 'കഠിന'മാണെന്ന്. എന്നാൽ താൻ ശുദ്ധീകരണത്തിനായി നടത്തുന്ന തീവ്രവേദനയുടെ മാർഗ്ഗത്തിന്നപ്പുറത്ത് ഏറെ ആകാംക്ഷയോടുകൂടി നമ്മെ പ്രതീക്ഷിച്ചു നില്ക്കുന്നതും അവൻ തന്നെയാണെന്നുള്ള പരമാർത്ഥം അറിയുക. ലോകത്ത് എവിടെയുമുള്ള വിശുദ്ധന്മാരുടെ ജീവചരിത്രം വായിച്ചു നോക്കിയാലും ദിവ്യമായ ഈ പ്രഹേളിക കാണുവാൻ കഴിയും. അപ്രകാരമുള്ള അനുഭവത്തിന് മകുടമായി ശോഭിക്കുന്നത് കുരിശിൽ പിടഞ്ഞു മരിക്കുന്ന യേശുവിൻെറ അവസാനനിമിഷങ്ങളാണ്.

മത്തായിയുടെ സുവിശേഷം. 27-ാം അദ്ധ്യായം 46-ാം വാകൃത്തിൽ ഇങ്ങനെ പറയുന്നു:

"ഏകദേശം ഒൻപതാം മണിക്കൂർ ആയപ്പോൾ യേശു ഉച്ചത്തിൽ നിലവിളിച്ചു - 'ഏലി, ഏലി, ല്മാ സബക്ഥാനി' അതായത് എൻെറ ദൈവമെ, എൻെറ ദൈവമെ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?

ഏതാണ്ട് അങ്ങനെ, ഒരു നിമിഷംവരെ സഹോദരി റോസക്കുട്ടി കാപ്പനും മൂടൽമഞ്ഞിൻെറ തീവ്രമായ നിരാശയിൽ പൂർണ്ണമായി മുങ്ങിനില്ക്കേണ്ടതായി വന്നു. ക്രിസ്തീയ ജീവിതത്തിൽ ഒരിക്കലും തോൽവി സംഭവിക്കാത്ത പ്രാർത്ഥനയുടെ അനുഗ്രഹം റോസക്കുട്ടി കാപ്പനിലേക്ക് മൂന്നാഴ്ചത്തെ ഇടവേളയ്ക്കുശേഷം വന്നത് അപ്പോസ്തോല പ്രവർത്തനങ്ങൾ 9-ാം അദ്ധ്യായം രേഖപ്പെടുത്തിയിരുന്ന തലക്കെട്ടായിട്ടാണ്. കണ്ണിലൊഴിച്ച മരുന്നൊന്നുമല്ല സിസ്ററർ റോസക്കുട്ടി കാപ്പന് വെളിച്ചം തിരികെ നല്കിയത്; സമചിത്തതയുള്ള, ധീരനായ ഒരു ആചാര്യൻ വിശ്വാസത്തോടെ തൻെറ തികച്ചും ക്രിസ്തീയമായ പ്രത്യാശ അറിയിക്കുകയാലാണ്. അദ്ദേഹം പറഞ്ഞു:

"അപ്പോസ്തോലപ്രമുഖന് കാഴ്ച കിട്ടിയ സത്യകഥ നാലഞ്ചു നാളുകൾക്കകം ഭംഗിയായി വായിക്കാൻ സാധിക്കും."

സരളചിത്തനായ ആ ശുദ്ധമാനസൻെറ പ്രവചനം കേട്ടപ്പോൾ കരച്ചിൽ മാത്രം കൈമുതലായിരുന്ന വിരഹിണി (വെളിച്ചത്തിൽനിന്ന് അകന്നുപോകയാൽ ഉണ്ടായ വിരഹം) റോസക്കുട്ടിയിൽ പ്രവേശിച്ചത് പൊട്ടിച്ചിരിയായിട്ടാണ്. കരഞ്ഞുകരഞ്ഞു കൺപോളകൾ കൂമ്പിപ്പോയിരുന്ന റോസക്കുട്ടിയുടെ ഹൃദയത്തിലേക്ക് പൊട്ടിച്ചിരി കടന്നുവന്ന് അതിൻെറ പൊന്നലകൾകൊണ്ട് കൺപോളകൾ വിടർത്തി. ഈസ്ററർ നാളിൽ ഹൃദയസൗന്ദര്യമുള്ള ഒരു സഹോദരി ആലങ്കാരികമായി രേഖപ്പെടുത്തിയിരുന്ന 'The Lord has risen for you' എന്ന വാക്കുകൾ നമ്മുടെ അനുഗൃഹീത സഹോദരി കണ്ണുനിറയെ കണ്ടു. പിന്നെ അങ്ങോട്ടു കൃതജ്ഞതയുടെ പ്രവാഹമാണ്.

ഇതാണ് 'മൂടൽമഞ്ഞിൽ മൂന്നാഴ്ച' എന്ന ഈ ചെറിയ പുസ്തകത്തിൽ സിസ്ററർ റോസക്കുട്ടി കാപ്പൻ ലേഖനം ചെയ്തു വച്ചിരിക്കുന്ന ക്രിസ്തീയ ജീവിതത്തിൻെറ 'അകനാനൂറ്'. ആ സഹോദരിയുടെ ദു:ഖത്തിലും സന്തോഷത്തിലും പങ്കുകൊള്ളുവാൻ ക്ഷണിച്ച സൗഹൃദയത്തിന് നന്ദി പറയുവാൻ വാക്കുകളില്ലെന്ന് പറയേണ്ടല്ലോ.

"ദൈവമെ, നീയല്ലോ മായയെ നീക്കി
സായുജ്യം നല്കുമാര്യനും"

എന്നു വിനയത്തോടെ പ്രാർത്ഥിച്ച്, അദ്ഭുതകരമായ ഈ സത്യകഥ മനുഷ്യഹൃദയത്തിൽ നിവസിക്കുന്ന സ്നേഹമൂർത്തിയായ ദൈവത്തിന് സമർപ്പിക്കുകയും സ്നേഹശാലികളായ വായനക്കാരുടെ ശ്രദ്ധയ്ക്കായി അവതരിപ്പിക്കുകയും ചെയ്യുന്നു.

വിധേയൻ

നിത്യചൈതന്യയതി



ഇവരുടെയിക്കൺമണികളിലൂടെയാണ്....
കുഞ്ഞുന്നാളിലെൻ കൺമിഴികളിലേക്ക്
എൻപ്രഭുവാം പരംപൊരുൾ
തൻപരമപ്രകാശത്തിൻ കണികകളാദ്യമായ്
നിക്ഷേപിച്ചത്.... അതിന്നുഞാനോർമ്മിക്കുന്നു;
ശ്രദ്ധാഞ്ജലികളോടെ!!!

# ഇതര കാപ്പൻകൃതികൾ

1. മുത്തുമണികൾ (കവിതാസമാഹാരം)
2. വാനമ്പാടി ,,
3. റാണി ,,
4. ദീപശിഖ ,,
5. തീർത്ഥം ,,
6. ജ്യോതിഷ്പഥം (കഥകൾ)
7. മാഗിമോൾ ,,
8. സൗഖ്യപ്രകാശം (പരിഭാഷ – ആഗ്നസ് സാൻഫോർഡിൻെറ ആത്മകഥ)
9. പുഞ്ചിരിക്കുന്ന അമ്മ (ജീവചരിത്രം)
10. ദേവസഹായം പിള്ള ,,
11. നിവേദിത (കവിതാസമാഹാരം)

# I

## – ഒരുകോടി സംശയങ്ങളുടെ നടുക്കയത്തിൽ –

ഹൃദയം വിങ്ങുകയും കരം വിതുമ്പുകയും മന സ്സ് പതറുകയും പാദങ്ങൾ ഇടറുകയും കണ്ണുകൾ ഈറനണിയുകയും ചെയ്ത ഒരു സാബത്ത് സായം സന്ധ്യ – 1988 മാർച്ച് 13.

എൻെറ അസ്ഥികൾ തീക്കൊള്ളിപോലെ എരി യുന്നു; എൻെറ ഹൃദയം പുല്ലുപോലെ വാടിപ്പോ കുന്നു – സഹസ്രക്കണക്കിനു വർഷങ്ങൾക്കപ്പുറത്തൊ രിക്കൽ ദാവീദ് പ്രവാചകൻ മനോവേദനയോടെ ഉരു വിട്ട വാക്കുകൾ! അവ എൻെറ ജീവിതത്തിലും സംഘർ ഷമുണർത്തി. തത്ഫലമായി, ഒരു കദനകഥയ്ക്ക് അന്തർധാരയായി ചുടുനെടുവീർപ്പുകൾ ഉരുകിക്കൂ ടി. അവയെനിക്ക് ഓർമ്മിക്കുക വയ്യ.... അക്ഷരങ്ങ ളിൽ ആവിഷ്കരിക്കുക വയ്യ.... മുദ്രാങ്കിതമാക്കുക വയ്യ.... എങ്കിലും.... എങ്കിലും.... ഞാനെഴുതിപ്പോകു ന്നു. സ്വമേധയാ അല്ലെങ്കിൽപോലും! ഇനി എനിക്കെ ഴുതാതെ വയ്യെന്നായിരിക്കുന്നു. മനസ്സിൻെറ അ ഗാധക്കയത്തിൽനിന്ന് എന്തോക്കെ എഴുന്നെഴുന്നു വരുന്നു. അജയ്യമായ ഒരാന്തരികശക്തി എന്നിൽ പി ടിമുറുക്കിയിരിക്കുന്നു! അത്യുജ്ജ്വലമായ ഒരുൾപ്ര ചോദനത്തിന് ഞാൻ വശംവദയായിപ്പോകുന്നു. തൂ ലികത്തുമ്പിലേക്ക് വികാരവിചാരങ്ങൾ കൂലംകുത്തി യൊഴുകുന്നു.

അന്നത്തെ സായാഹ്നം.... അതു പെട്ടെന്നു മൂടൽ മഞ്ഞു ചൂടി! ചക്രവാളംതൊട്ടു ചക്രവാളംവരെ എ ങ്ങും ഭീതിജനകമായ ഒരവ്യക്തത! ദിക്തലങ്ങളാസക ലം വെൺമൂടുപടമണിഞ്ഞ മാതിരി. വൃക്ഷലതാദിക ളും സൗധപംക്തികളുമൊക്കെ തൂവെള്ളപ്പട്ടുകൊണ്ട്

ആരോ ആവരണം ചെയ്ത മാതിരി. എന്റെ ആശ്ച ര്യം അമ്പരപ്പായി. കണ്ണുകൾ ആവുന്നത്ര വിടർത്തി നോക്കി. കൺമിഴികൾ വേദനിച്ചു. ഒന്നുരണ്ടു കണ്ണീർ കണികകൾ ഉതിർന്നുവീണു.... പക്ഷേ ഫലം തഥൈ വ. അന്തരംഗത്തിൽ ഭയപ്പാട് തളംകെട്ടി. കണ്ണെത്താ ദൂരംവരെയും മൂടൽമഞ്ഞ്! അജ്ഞാതമായ ഏതോ പ്രപഞ്ച രഹസ്യം! മൂടൽമഞ്ഞ് തുരുതുരാ കുമി ഞ്ഞുകൂടുന്ന കോടിക്കണക്കിനു മലമടക്കുകളും ഗിരി ശൃംഗങ്ങളും താഴ്വരഭൂമികളും നാട്ടിൻപുറങ്ങളും പട്ടണവീഥികളും ചെററക്കുടിൽ താവളങ്ങളും പഞ്ചന ക്ഷത്ര ഹോട്ടലുകളും ചില്ലുകൊട്ടാരങ്ങളുമൊക്കെ ഭാ വനയിൽ വാർന്നുവന്നു. ആകെക്കൂടി ഒരു തൂവെൺ പ്രപഞ്ചശില്പം.

രഹസ്യാത്മകമായ ഈ മൂടൽമഞ്ഞിൽ അനർഘ നിധികളുടെ – സുവർണ്ണനിധി കുംഭങ്ങളുടെ – വെട്ടി ത്തിളക്കം! പക്ഷേ, അവയെനിക്ക് എണ്ണി തിട്ടപ്പെടു ത്താനാവില്ലായിരുന്നു. എന്റെ സൂക്ഷ്മദർശന ശക് തി അററുപോയിരുന്നു.... ചിന്തിച്ചപ്പോൾ ഉൾക്കിടില മായി. എന്തോ ഭയാനക നിഗൂഢത. ഈ ഭൂമിയിലെ ഓരോ ജീവതരംഗവും ഓരോ ജീവസ്പന്ദവും ഓരോ ജീവശ്വാസവും ഓരോ താളലയവും ഏതോ ഒരജ്ഞാത കേന്ദ്രത്തിലേക്ക് എന്നെ നയിച്ചു. ലക്ഷം ലക്ഷം വെൺ മാടപ്പിറാക്കൾ എന്നെ വട്ടമിട്ടു പറക്കുമ്പോലെ! ജീവി തത്തിലെ ഒരൊററ വർണ്ണപ്പൊട്ടുപോലും കണ്ണിണയ് ക്കു വിഷയമാകാനാവാത്തവിധം ഏതോ കിനാവിന്റെ കായലോരത്തേക്ക് ഞാൻ നയിക്കപ്പെട്ടു. എന്റെ ഹൃദ യം വിങ്ങി വിങ്ങുകീറി....!

കൺമിഴികളുടെ തിളക്കം കെട്ടുവോ? സാവധാനം അന്ധകാരത്തിന്റെ നടുക്കയത്തിലേക്ക് ഞാൻ വി ക്ഷേപിക്കപ്പെട്ടേക്കുമോ? സംശയങ്ങളുടെ ശ്വാസംമുട്ടി ക്കുന്ന നടുക്കയം! കടുത്ത മൂടൽമഞ്ഞ് എന്നെ ഗ്രസി ച്ചുകഴിഞ്ഞു. ഇതിൽനിന്ന് ഇനി രക്ഷ കിട്ടുമോ? എ നിക്കു ഭയമായി.

എണ്ണമററ അനർത്ഥങ്ങരം എന്നെ ചുററിയിരിക്കുന്നു. എൻെറ കാഴ്ച നഷ്ടപ്പെടത്തക്കവിധം എൻെറ ദുഷ്ടകൃത്യങ്ങരം എന്നെ പൊതിഞ്ഞിരിക്കുന്നു. അവയെൻെറ തലമുടിയിഴകളേക്കാരം അധികമാണ്. എനിക്കു ധൈര്യം നഷ്ടപ്പെടുന്നു – സങ്കീർത്തകൻെറ ഈ മൊഴികരം ഞാനുമുരുവിട്ടു ആകുലതയോടെ, വെമ്പലോടെ, ആത്മാവിൻെറ മണിമന്ദിരത്തിൽ നിത്യം കുടിയിരിക്കുന്ന ആത്മനാഥൻെറ – എൻെറ കർത്താവിൻെറ – തിരുസാന്നിധ്യസ്മരണയോടെ.

സത്യമായും അതു സംഭവിച്ചു.... നിത്യേന ഭദ്രദീപം കൊളുത്തി, ആരതിയർപ്പിച്ച്, പൂവിട്ടുപൂജിക്കുന്ന എൻെറ കർത്താവിൻെറ തിരുസ്വരൂപം അലങ്കരിച്ചു വച്ചിരുന്നിടത്തേക്ക് തപ്പിത്തടഞ്ഞു നീങ്ങി, അങ്ങോട്ടുററുനോക്കി. അവിടുത്തേ തങ്കം പൂശിയ തിരുമുഖവും തിരുഹൃദയവും മൂടൽമഞ്ഞിൽ അദൃശ്യമായിരുന്നു. ആ തിരുമിഴികളിൽ കനിവൂറുന്ന പുഞ്ചിരിപ്രഭ കാണാനാവില്ലായിരുന്നു. ആ വക്ഷസ്സിലെ ചായക്കൂട്ടുകരം അപ്രത്യക്ഷമായിരുന്നു.

എൻെറ നെഞ്ച് നടുക്കംകൊണ്ടു, ഹൃദയം പൊള്ളി. കൺമിഴികരം നിഷ്പ്രഭമായി കൂമ്പിനിന്നു. ഉരുകുന്ന ലാവ കൺകോണുകളിലൂടെ ഒഴുകിയിറങ്ങി. ഞാൻ നടുങ്ങി വിറച്ചു. ഭൂമി എനിക്കു ചുററും കറങ്ങുന്നതുപോലെ. ചുട്ടുപൊള്ളിക്കുന്ന അഗ്നിപർവ്വതത്തിൻെറ അടിയൊഴുക്കുകരം എന്നെ വെട്ടിവിഴുങ്ങി.

കർത്താവ് തൻെറ ഉഗ്രമായ രോഷം എൻെറ നേർക്ക് അഴിച്ചു വിട്ടുവോ? ഞാൻ സന്ദേഹത്തിൻെറ നീർച്ചുഴിയിൽ വീർപ്പുമുട്ടി. നാവ് ദാഹംകൊണ്ട് അണ്ണാക്കിൽ ഒട്ടിപ്പിടിച്ചു. ശിരസ്സിന്നുള്ളിൽ കൊടുങ്കാററിരമ്പി. അതിശക്തമായ ചുഴലിക്കാററ്! അതെന്നെ പൊക്കിയെടുത്തു പിന്നീട്, നിലത്തടിച്ചു വീഴ്ത്തി. ഞാൻ പരവശയായി.

സ്വന്തം നാട്ടിലെ ധർമ്മഗിരി ആശുപത്രിയുടെ 203-ാം നമ്പർ മുറിയിലായിരുന്നു ഞാൻ. വിഷമിച്ച്, തകർന്ന മനസ്സോടെ ജനൽക്കമ്പികളിൽ ഇറുക്കിപ്പിടിച്ചു. ദൂരേക്ക്.... ദൂരേക്ക്.... എത്തിയെത്തി നോക്കി. സർവ്വത്ര മൂടൽമഞ്ഞ്! എന്നിൽ കൊടും പിരിമുറുക്കം! ആത്മാവിന്നുള്ളിലെ പൊൻതാമരക്കുളം വെന്തുവെണ്ണീറായി. അതിന്നടിത്തട്ടിലൂടെ കയ്പുനീരുറവ പൊട്ടിയൊഴുകി.

ഏതാനും നിമിഷങ്ങൾക്കകം മൂടൽമഞ്ഞ് ഇരുൾപ്പാളികളായി. തപ്പിത്തടഞ്ഞ് കട്ടിലിന്നരികിലെത്തി.. .... മനോവേദനയോടെ കിടക്കയിൽ തലകുമ്പിട്ടിരുന്നു. ചുററും കരിനിഴലുകൾ! തൊട്ടാലറിയാവുന്ന കൂരിരുട്ട്! ഞാൻ കണ്ണുകൾ ഇറുക്കിയടച്ചു. പ്രത്യാശ കെടാതെ കാത്തു സൂക്ഷിച്ചു. വീണ്ടും കണ്ണുകൾ വിടർത്തി. ആരോ വന്ന് ഇലക്ട്ററിക് ലൈററിട്ടു. അതിൽനിന്ന് അസാധാരണമായി നൂറായിരം കതിരുകൾ പ്രവഹിക്കുന്നതു കണ്ടു. കാരണം മനസ്സിലായില്ല. വീണ്ടും മൂടൽമഞ്ഞു തന്നെ ചുററിലും. നൂറു നൂറു ശബ്ദതരംഗങ്ങൾ കാതിൽ വന്നലച്ചു. അടുത്ത മുറിയിലെ മരണാസന്നനായ ആസ്ത്മാരോഗിയുടെ ഞരക്കവും മൂളലും. വരാന്തയിൽ സന്ദർശകരുടെ വിരസമായ സംഭാഷണങ്ങൾ. കുഞ്ഞുങ്ങളുടെ വാർഡിൽ നിന്ന് ഇടതടവില്ലാത്ത കൂട്ടക്കരച്ചിൽ. ഇടനാഴിയിലൂടെ നിഴലുകൾപോലെ നടന്നകലുന്ന രോഗീശുശ്രൂഷകർ. ഞാൻ തരിച്ചുനിന്നു. ചുട്ടുനീററുന്ന വികാരസ്ഫുലിംഗങ്ങൾ. ഒരു കൊടും മഴയുടെ കുത്തൊഴുക്കിന്റെ മുന്നൊരുക്കം. സംഭ്രാന്തിജനകമായ ഒരു ഉരുൾപൊട്ടലിന്റെ നാന്ദി.

ഞാൻ ഭീതിയോടെ ചിന്തിച്ചു: മൂടൽമഞ്ഞിന്റെ കുരുക്കിൽ പെട്ടതു തന്നെ! ഇനി കൂരിരുട്ടിലേക്കാകുമോ എന്റെ യാത്ര? എന്റെ ദർശനം കാടുകയററി. അന്തരംഗത്തിൽ ഉരുണ്ടുകൂടിയ തീക്കയം ഒന്നുകൂടി ആളിക്കത്തി. അവസാനം അത് ഈയക്കട്ടപോലെ കടു

ത്തു. ഒപ്പം ചൂടുനീരാവിയും ചൂടുകാററിന്റെ സീൽ ക്കാരവും. കദനം കുന്നുകൂടിയതുപോലെ. എനിക്കെ ന്റെ കർത്താവിന്റെ തിരുഹിതം കണ്ടുപിടിക്കുക വ യ്യെന്നായി. അവിടുന്ന് എന്റെ അടുത്തെത്തി, ഭയ പ്പെടേണ്ടാ, നിന്നോടുകൂടി ഞാനുണ്ട് എന്നൊന്ന് അ രുളിച്ചെയ്തെങ്കിലെന്നു ഞാനാശിച്ചു. പക്ഷേ, ഒരു പുൽക്കൊടിപോലും എനിക്ക് എത്തിപ്പിടിക്കാനില്ലെ ന്നായി. അത്രയ്ക്ക് എന്റെ ഹൃദയം തകർന്നു കഴി ഞ്ഞു.

എനിക്കൊരു കൂട്ടിന് ആളെത്തി; ഒരിഷ്ട തോ ഴി. സ്വരംകൊണ്ടേ തിരിച്ചറിഞ്ഞുള്ളു. എന്റെ മുഖ ത്തെ വ്യാകുലതയും വിവശതയും അവരം കണ്ടുകാ ണും; കൊടും ദു:ഖത്തിലാണു ഞാനെന്ന് വ്യക്ത മായിക്കാണും. എന്തു സംഭവിച്ചു? തുടരെത്തുടരെ ചോദ്യമായി. അതിൽ അവളുടെ ഉത്കടമായ ആകാം ക്ഷ പ്രതിഫലിച്ചു. എന്റെ കാഴ്ച മങ്ങിയിരിക്കു ന്നു.... ഞാൻ ഗദ്ഗദത്തോടെ പ്രത്യുത്തരിച്ചു. പി ന്നീടൊന്നും എനിക്ക് ഉരിയാടാൻ സാധിച്ചില്ല. അവരം ക്കു നീണ്ട മൗനമായി; സഹാനുഭൂതിയുടെ പ്രകാശ നം; ആത്മാർത്ഥസൗഹൃദത്തിന്റെ അടയാളം; അതാ യിരുന്നു ആ നിശ്ശബ്ദത.

ആ രാത്രി എന്റെ നിമിഷങ്ങരം എനിക്കു സമ്മാ നിച്ചത് ഹൃദയത്തെ കുത്തി മുറിപ്പെടുത്തുന്ന മുരം ക്കിടക്കയാണ്. തിരിഞ്ഞും മറിഞ്ഞും കിടന്നു. കൺ പോളകരം കരഞ്ഞു കരഞ്ഞു കുതിർന്നിരുന്നു. എ ങ്ങനെയോ ആ രാത്രി എന്നെ കടന്നുപോയി. അവശേ ഷിച്ചത് ഗദ്ഗദങ്ങരം മാത്രം.

## II

## – മരുപ്പച്ച അങ്ങുമിങ്ങും –

പിറേറന്നാറം എൻെറ വ്യാകുലം ഒട്ടും കെട്ടടങ്ങിയിരുന്നില്ല. പ്രഭാതപൂജയ്ക്കുള്ള മണിമുഴക്കം കേട്ടു. കണ്ണുകറംക്കകം വിങ്ങുകയായിരുന്നു. മൂടൽമഞ്ഞിനോടൊപ്പം വേദനയും. ഒരുനിമിഷം ഏകാഗ്രമായ മൗനപ്രാർത്ഥനയിൽ മുഴുകി.

തത്ക്ഷണം ഏതോ വിദൂരത്തുനിന്ന് ഒരു കുളിർകാററ് ഒഴുകിയെത്തി. അതെന്നെ തഴുകിത്തലോടി. എൻെറ ഹൃദയപുഷ്പം താനേ ഒന്നു വിടർന്നു. കർത്താവിൻെറ കൃപ എന്നെ പൊതിഞ്ഞു. ഒരിററു സ്വർഗ്ഗീയകാന്തി എൻെറ കൺമിഴികളിൽ തൊട്ടു, ഏതു കൂരിരുറംക്കാട്ടിലും പ്രഭുവായ കർത്താവ് കൂട്ടിനുണ്ടെങ്കിൽ സ്വച്ഛന്ദം മുന്നേറാമെന്ന് എൻെറ ആത്മാവ് മന്ത്രിച്ചു. ശുഭപ്രതീക്ഷ എനിക്കു കരുത്തേകി. ഉരുണ്ടുകൂടിയ കാർമേഘപടലങ്ങറം അദൃശ്യമായി. സുപരിചിതമായ വേദപുസ്തകസൂക്തങ്ങറം ഉരുവിട്ടുരുവിട്ട് ഉറംക്കുളിർമ്മ നേടി. മരുഭൂമീയാത്രയ്ക്കിടെ അങ്ങുമിങ്ങും മരുപ്പച്ച! എൻെറ ആത്മീയ നയനങ്ങറംക്കു പ്രകാശമരുളിയ കർത്താവിനെത്തന്നെ സർവ്വാത്മനാ നമസ്കരിച്ചു. സഖിക്ക് ഒരു മന്ദസ്മിതം സമ്മാനിച്ചു. എന്നെ ചുററിപ്പൊതിഞ്ഞ് വശംകെടുത്തുന്ന മൂടൽമഞ്ഞ് ക്ഷണികമെന്ന് അവറം കരുതി. കണ്ണിൻെറ കൃഷ്ണമണിപോലെ മനുഷ്യമക്കളെ കാത്തുസൂക്ഷിക്കുന്ന പരമകാരുണികനായ കർത്താവിൻെറ കൃപാദൃഷ്ടി എൻെറമേൽ പതിയട്ടെ എന്ന് അവറം രാത്രിയിൽ പ്രാർത്ഥിച്ചുകാണും.

മൂടൽമഞ്ഞിൻെറ ഈ ഘട്ടത്തിൽ കർത്താവിൻെറ തിരുമൊഴികറം സർവ്വദാ കൂട്ടിനെത്തി. അവ എത്ര

യോ തവണ ഹർഷാതിരേകത്തോടെ പ്രഘോഷിച്ചിട്ടുള്ളതാണ്! അവസാനം അവ എൻെറ നാവിൻതുമ്പിൽ ഒട്ടിപ്പിടിച്ചിരിക്കുന്നു! അവ അയവിറക്കി ആവോളം ഉണർവു നേടി. അങ്ങനെ, നുറുങ്ങിത്തകരാതെ എൻെറ ജീവൻ പച്ചപിടിച്ചു.

എങ്കിലും, ജീവിതത്തിലാദ്യമായി കാഴ്ചമങ്ങിയ കണ്ണുകളോടെ, ദിവ്യകാരുണ്യനാഥന് ദൈവജനത്തോടൊത്തു ബലിയർപ്പിക്കേണ്ടിവന്നപ്പോഴ ഉള്ളിലെങ്ങോ ഒരു വിങ്ങൽ. ശാന്തമായി ഒന്നൊരുങ്ങുവാനോ ഉജ്ജ്വലിക്കുന്ന സ്നേഹപ്രകരണങ്ങൾ കർത്താവിനു കാണിക്കയേകുവാനോ സാധ്യതയില്ലായിരുന്നു. നിസ്സംഗതയോടെ, പരിക്ഷീണയായി അങ്ങയെ കരളറയിൽ എതിരേററപ്പോൾ ദേഹമാസകലം നൊമ്പരം ഉറഞ്ഞുകൂടി. മുഖപ്രസാദം കെട്ടുപോകാതിരിക്കാൻ പണിപ്പെട്ടു, എങ്കിലും, ശൂന്യതയിലേക്കു മനസ്സ് താണുകൊണ്ടേയിരുന്നു.

അന്ന് പകൽ എനിക്കുവേണ്ടി മിന്നിത്തിളങ്ങിയില്ല. അക്ഷരങ്ങളിലൂടെ കണ്ണോടിക്കാൻ സാധിക്കാത്ത സ്ഥിതി! ശരീരത്തിൻെറ വിളക്കായ കണ്ണ് ഇനി തെളിയുമോ എന്ന ഭീതി! പഴയ നെരിപ്പോടിലേക്കുതന്നെ ഞാൻ വീണ്ടും എടുത്തെറിയപ്പെട്ടു. കരഞ്ഞുകലങ്ങിയ കണ്ണുകളും വിണ്ടുണങ്ങിയ അധരങ്ങളുമായി ഞാൻ ചലനമററുകിടന്നു. മയങ്ങിയും ഉണർന്നും പകലന്തിയോളം കടന്നുപോയി. ഭക്ഷ്യപേയങ്ങൾ പരിത്യജിച്ചു. എരിതീയിൽ സ്വല്പം തണലേകിയിരുന്ന കർത്താവ് തൻെറ മുഖം എന്നിൽനിന്നു മറച്ചതുപോലെയായി; കാവൽമാലാഖ വെട്ടിത്തിരിഞ്ഞതുപോലെയും. ഒരു നീണ്ട പീഡാസഹനം ഞാനെൻെറ കൺമുമ്പിൽ ദർശിച്ചു. അതിന് ആത്മനാഥൻ എന്നെ സജ്ജമാക്കുകയായിരുന്നു. ആദ്യമേതന്നെ നിരാശയിൽ നിപതിക്കാതെ മുന്നേറുന്നതിനുവേണ്ടിയാകാം ആധ്യാത്മികസ്വസ്ഥതയുടെ ഒരിടവേള അവിടുന്നെനിക്കു സമ്മാനിച്ചത്.

നിത്യവും വായിച്ചു ധ്യാനിക്കാറുള്ള സൽഗ്രന്ഥങ്ങൾ അതേപടി മേശപ്പുറത്ത്. തലേനാൾ സായാഹ്നംവരെ ഏകാഗ്രമായ വായനയിലും വിചിന്തനത്തിലും ആഹ്ലാദം കണ്ടെത്തിയതാണ്. ഇന്നതു നഷ്ടമായിരിക്കുന്നു. ഓർമ്മിക്കുന്തോറും നൊമ്പരം. നൊമ്പരപ്പെടുന്തോറും ഓർമ്മകൾ! ഭക്ഷണത്തിൽ മനംമടുത്തു. കുടിവെള്ളത്തിൽ കണ്ണീരു കലർന്നു.

അന്നു പകൽ അസ്തമിക്കുംമുമ്പേ, ചില ഇഷ്ടമിത്രങ്ങൾ സന്ദർശിക്കാനെത്തി. അവരുടെ ആശ്വാസവചസ്സുകൾ എനിക്കു സ്വല്പം തണുപ്പേകി. ഭാവനയാകുന്ന വാനമ്പാടിക്ക് അല്പം ദൂരെ ചിറകുവിരിച്ചു പറക്കാമെന്നായി. പക്ഷേ, ഈ അസുലഭഭാഗ്യം ക്ഷണികമായിരുന്നു. കൂട്ടുകാരികൾ യാത്ര ചൊല്ലിപ്പിരിഞ്ഞുപോകവേ, ഞാൻ വീണ്ടും അസ്വാസ്ഥ്യചിത്തയായി. മൂടൽമഞ്ഞ് ദുസ്സഹമായി. ആധ്യാത്മികമായി ഒന്നും സമ്പാദിക്കാനാവാതെ ദിവസം എന്നേക്കുമായി കടന്നുപോയെന്ന ചിന്ത എന്നിൽ തുളച്ചിറങ്ങി. അതെന്നിൽ അപരാധബോധമായി പടർന്നുകയറി. ഉറക്കമററ രാത്രിയാമങ്ങൾ ഇഴഞ്ഞുനീങ്ങി.

പാതിരാത്രിയായി, പെട്ടെന്ന് ഒരിടിമുഴക്കം! ഭയങ്കരമായ പേമാരിയും; കൂരിരുട്ട് കീറിമുറിച്ച് കൊള്ളിയാൻ മിന്നുന്നുണ്ടെന്ന് മനസ്സിലായി. ജീസസ് എന്ന ഇഷ്ടമന്ത്രം ഉരുവിട്ടുമയങ്ങാൻ വിഫലശ്രമം നടത്തി. അതത്ര ഫലിച്ചില്ല. കൺതിളക്കവും കൺകാഴ്ചയും എനിക്കിനി തിരികെ കിട്ടുമോയെന്ന പ്രശ്നം എന്നെ അലട്ടി. ദു:ഖത്തിൻെറ തീനാളങ്ങൾ അതിഭീകരമായി, അവയെന്നെ വീണ്ടും ദഹിപ്പിക്കാൻ തുടങ്ങി. എൻെറ സഖി തത്സമയം സുഖനിദ്രയിലായിരുന്നു. അതുകൊണ്ട്, സ്വതന്ത്രമായി ഒന്നു കരയുവാൻ, ഗദ്ഗദത്തോടെ ഒന്നു പ്രാർത്ഥിക്കുവാൻ, സ്വച്ഛന്ദമായി ഒന്നു നെടുനിശ്വാസമുതിർക്കുവാൻ തക്ക അവസരം കിട്ടി. അതെനിക്ക് അനുഗ്രഹമായി

രുന്നു; കുമിഞ്ഞുകൂടുന്ന വേദനയ്ക്കൊരു ലാഘവം കിട്ടി. യുഗാന്ത്യത്തോളം മനുഷ്യഹൃദയത്തിൽ വസിക്കുവാനുള്ള കർത്താവിൻെറ അഭിലാഷം ഞാൻ ധ്യാനവിഷയമാക്കി. അവിടുന്ന് മരക്കുരിശിൽ സ്നേഹംകൊണ്ടു വിങ്ങിപ്പൊട്ടി മരിച്ചതു ഞാനോർമ്മിച്ചു; തൻെറ പ്രിയംകരിയായ അമ്മയെ എനിക്ക് അമ്മയായി നല്കിയ രംഗം എൻെറ ഹൃദയത്തിൽ തെളിഞ്ഞുവന്നു. അവളുടെ സഹവാസസുഖം എനിക്ക് അനുഭവവേദ്യമായി. സമാധാനത്തിൻെറ രശ്മികൾ എന്നിലേക്ക് വർഷിക്കപ്പെട്ടു. ആ ശുഭനിമിഷങ്ങളിൽ എൻെറ കർത്താവിൻെറ സ്നേഹസാമ്രാജ്യം തിരശ്ശീലയകററി ഞാൻ നോക്കിക്കണ്ടു. യഥാർത്ഥത്തിൽ അതെനിക്കു സ്വന്തമാകുകയായിരുന്നു. കാരണം, ഞാനും അവിടുത്തെ സ്വന്തമാണല്ലോ. ദിവ്യജ്ഞാനത്തിൻെറ മൊഴിമുത്തുകൾ ഞാൻ ആവോളം സംഭരിച്ചു; ദു:ഖസാഗരത്തിൽ മുങ്ങിത്തപ്പവേ അവയെൻെറ കൈകളിൽ എത്തുപെട്ടതാണ്.

അങ്ങനെ, പാതിരാത്രിക്കുശേഷം ഞാനുറങ്ങി. ശാന്തമായ ഒരുറക്കം. മൂടൽമഞ്ഞ് എന്നെ വിട്ടുപോകുമെന്ന പ്രതീക്ഷ എന്നിൽ പൂവിട്ടുനിന്നു. അങ്ങനെ തുടങ്ങിയ മയക്കം നിദ്രയിൽ കലാശിച്ചു. ഒരു സുഖസുഷുപ്തി.

മൂടൽമഞ്ഞിലെ മൂന്നാം ദിവസമുദിച്ചു. പിന്നിട്ടനാളിലെ സംഘർഷാവസ്ഥയ്ക്കു ദൈവാനുഗ്രഹത്താൽ ശമനം കിട്ടി. എങ്കിലും, കണ്ണിൽ വേദനയും വിങ്ങലും ഒട്ടും ശമിച്ചില്ല. മൂടൽമഞ്ഞിന് കട്ടി അധികമായി. വേദപുസ്തകത്തിൻെറ ഇതളുകളിൽ മനക്കണ്ണു പാകുവാനേ കഴിഞ്ഞുള്ളു: അവ സംവഹിക്കുന്ന ദർശനം ആവുന്നത്ര സ്വാംശീകരിക്കാൻ പരിശ്രമിച്ചു. തിരുവചനശക്തി എന്നെ തൊട്ടുരുമ്മുന്നതായി അനുഭവപ്പെട്ടു; അങ്ങനെ സുരക്ഷിതത്വം കിട്ടി. എങ്കിലും, വഴിക്കണ്ണു കാണാൻ സാധിക്കില്ലായിരുന്നു. ആകയാൽ, ആശുപത്രിമുറിയിൽ സ്വസ്ഥ

മായിരുന്നു. വിശുദ്ധപൂജയിൽ ആത്മനാ പങ്കുകൊണ്ടു. പൂജകഴിഞ്ഞ് ഹൃദയത്തിൻെറ സിംഹാസനത്തിലേക്ക് എൻെറ കർത്താവിനെ എതിരേൽക്കുവാനുള്ള സുവർണ്ണമുഹൂർത്തം എനിക്കു കൈവന്നു. സ്വന്തം ഹൃദയദു:ഖങ്ങൾ അങ്ങേ സമക്ഷം ഞാൻ തുറന്നുവച്ചു; ഉററവർക്കും ഉടയവർക്കുംവേണ്ടി പ്രാർത്ഥിച്ചു; എൻെറ ജീവിതയാത്രയിൽ താങ്ങും തണലുമേകുന്ന ഏവരേയും അനുസ്മരിച്ചു. ഞാൻ നിമിത്തം സഹനത്തിൻെറ തീച്ചൂളയിൽ അകപ്പെട്ടവരെയൊക്കെ എൻെറ കർത്താവിൻെറ തിരുമുമ്പിൽ അണിനിറുത്തി. അണമുറിയാത്ത പ്രാർത്ഥന അവർക്കുവേണ്ടി കാഴ്ച വച്ചു; എൻെറ കർത്താവിൻെറ അനുഗ്രഹം അവരിൽ സമൃദ്ധമായി വർഷിക്കപ്പെടട്ടെ എന്ന് മനംനൊന്ത് അപേക്ഷിച്ചു. സങ്കടത്തിൻെറ കൊടുങ്കാററ് എന്നെ വെട്ടിവിഴുങ്ങാതിരിക്കാൻ കർത്താവിൻെറ കരങ്ങളിൽ അഭയം തേടുകയെന്നത് ഒരു പ്രതിജ്ഞാപുഷ്പമാക്കി ആത്മനാഥൻെറ പക്കൽ ഞാൻ പ്രതിഷ്ഠിച്ചു.

പിന്നീട്, പരിശുദ്ധമായ ഏകാന്തമുഹൂർത്തങ്ങളിൽ ഞാനെൻെറ പ്രിയപ്പെട്ട പുസ്തകങ്ങളിലേക്കു കണ്ണുനട്ടു നോക്കിയിരുന്നു. പക്ഷേ, ഒരൊററ അക്ഷരംപോലും കണ്ണിൽ പെട്ടില്ല; പകരം വെറും തൂവെള്ളക്കടലാസ്! പിന്നിട്ട ജീവിതത്തിൻെറ പരുപരുത്ത നാളുകളിൽ, എന്നെ ഒരിക്കലും വിട്ടുപിരിയാതെ കൂട്ടുനിന്ന പുസ്തകശേഖരം എനിക്കിന്ന് ഒന്നുമല്ലാതായിരിക്കുന്നു. ഈ ദു:സ്ഥിതി എന്നവസാനിക്കും? ശാന്തി നുകരാനാവാതെ ഇനി എത്രനാൾ പിന്നിടേണ്ടിവരും? ഞാൻ സ്വയം ചോദിച്ചു. ഉത്തരം കിട്ടാത്ത ചോദ്യം.

ദു:ഖത്തിൻെറ ആധിക്യത്തിൽ ചുടുനെടുനിശ്വാസങ്ങൾ മാത്രമായി എൻെറ കൂട്ടുകാർ; എങ്കിലും, വിചിന്തനത്തിൻെറ അഗാധത്തിൽ നിരാശകൂടാതെ മുങ്ങിത്തപ്പി. പവിഴപ്പുററുകൾ എവിടെയെങ്കിലും കണ്ടുമുട്ടുമോ എന്ന് ആകാംക്ഷയോടെ ഞാൻ അന്വേ

ഷിച്ചു. കൂരിരുൾപ്പടർപ്പുകൾ മാത്രമേ കൺമുമ്പിൽ നിരന്നുള്ളു! കാരിരുമ്പാണികൾ മാത്രമേ ഭാവനയിൽ തെളിഞ്ഞുള്ളു! ഏകാഗ്രത അററുപോയെങ്കിലും, സാധാരണ ഉരുവിടാറുള്ള ജീസസ് എന്ന സുകൃതജപം ഇവിടെ എനിക്കു വഴി കാട്ടി. എൻെറ ജീവിതയാത്രാപഥത്തിലേക്ക് അത് ഇടയ്ക്കിടെ പൂങ്കതിർ പാകിത്തന്നു.

അങ്ങനെ മുന്നോട്ട്.... മുന്നോട്ട്.... തട്ടിയും മുട്ടിയും, മുട്ടിയും പൊട്ടിയും, വിശന്നും ദാഹിച്ചും ഞാൻ നടന്നു നീങ്ങി, തീക്കല്ലുകൾ വിലങ്ങനെ പാകപ്പെട്ട തീർത്ഥാടനപഥം!

അന്നു സന്ധ്യയ്ക്കു ജപധ്യാനങ്ങൾക്ക് എൻെറ സഖി ഒപ്പമുണ്ടായിരുന്നു. അവൾ മധുരമായി, ഭക്തിരസത്തോടെ ചൊല്ലിക്കേൾപ്പിച്ച നമസ്കാരങ്ങൾ ഏറെ ഹൃദയസ്പർശകമായിരുന്നു; കഴിയുന്നത്ര സഹകരിച്ചു. അത്താഴത്തിനുശേഷം സമാധാനമായി ഒന്നുറങ്ങാമെന്നു കരുതി. മനസ്സിൽ ആഴ്ന്നിറങ്ങുന്ന കൂർമുള്ളുകൾ ഒന്നൂരിമാററി ഒന്നുമയങ്ങുവാനുള്ള അഭിനിവേശം.

ഏതാനും നിമിഷങ്ങൾ ഒരാത്മശോധനയിലൂടെ കടന്നുപോയി; ആത്മാവിൻെറ പാകപ്പിഴകൾ മായിക്കുവാൻ ശ്രമിച്ചു; കർത്താവിൻെറ കാരുണ്യത്തിന് സ്വയം വിട്ടുകൊടുത്തു; പ്രത്യാശയുടെ പൂത്തിരി ഹൃദയത്തിൽ കൊളുത്തിക്കിട്ടുവാനായി ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചു; സാവധാനം മയക്കത്തിലേക്കു വഴുതി വീണു. ദൈവദത്തമായ വിശ്രാന്തി! ഇടയ്ക്കിടെ ഞെട്ടിയുണർന്നു. ക്ഷണികമെന്നു കരുതിയ മൂടൽമഞ്ഞ് സ്ഥായിയായ ഇരുൾക്കൂമ്പാരമാകുമോ എന്ന കൊടും ഭീതി! ചില സ്വപ്നങ്ങൾ, കണ്ണറിയാതെ വഴിക്കവലകളിൽ ചുററിക്കറങ്ങി വിഷമിക്കുന്നത്, എന്നെ വിഭ്രാന്തിയിലാഴ്ത്തി. ഔഷധത്തിൻെറ മയക്കുശക്തികൊണ്ടു മാത്രമേ എനിക്കു പിന്നീട്

ഉറങ്ങാൻ സാധിച്ചുള്ളു. പ്രഭാതമണി മുഴങ്ങുംവരെ ഈ നിലയിലായിരുന്നു.

അടുത്തപ്രഭാതം ഉദിച്ചുയർന്നതായി മൂടൽമഞ്ഞിലാണെങ്കിലും എനിക്കനുഭവപ്പെട്ടു. സൂര്യപ്രഭ എന്നിൽനിന്ന് എത്രയോ അകലെയാണെന്ന് ഓർമ്മിക്കവേ വീണ്ടും ഹൃദയം വിതുമ്പി. സ്വസ്ഥത കിട്ടിയപ്പോൾ, എൻെറ സഖി വേദപുസ്തകത്തിൽനിന്ന് ഏതാനും തിരുവചനങ്ങൾ വായിച്ചു കേൾപ്പിച്ചു: നിൻെറ ഹൃദയം എൻെറ കല്പനകൾ പാലിക്കട്ടെ. അവ നിനക്കു ദീർഘായുസ്സും സമൃദ്ധമായി ഐശ്വര്യവും നല്കും. കരുണയും വിശ്വസ്തതയും നിന്നെ പിരിയാതിരിക്കട്ടെ. അവയെ നിൻെറ കഴുത്തിൽ ധരിക്കുക; ഹൃദയഫലകത്തിൽ രേഖപ്പെടുത്തുക – ഈ മധുമൊഴികൾ ഞാൻ പല തവണ അയവിറക്കി അതിൻെറ മധുരം നുകർന്നു, വേദനയ്ക്കിടയിലും.

ജീവിതത്തിൻെറ കളങ്കങ്ങൾ പരിഹരിക്കുവാൻ ഈ അമൃതവചസ്സുകൾ എനിക്കു പ്രചോദനമേകി. കരുണയും വിശ്വസ്തതയുമെന്യെ, സ്വാർത്ഥം തേടിത്തേടി ദൈവികനിയമങ്ങൾ ധിക്കരിച്ചതിൽ ഞാൻ ദു:ഖിച്ചു; പ്രായശ്ചിത്തമായി വരുംകാല ചെയ്തികളിൽ നിസ്വാർത്ഥതയുടെ നിറം പിടിപ്പിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കണമെന്നു നിശ്ചയിച്ചു; അതിനുള്ള ഉൾക്കരുത്ത് കർത്താവിനോടു യാചിച്ചു; അവിടുത്തെ തിരുമൊഴികൾ സ്വഹൃദയത്തിൻെറ ആഴങ്ങളിൽ ഒരിക്കലും മായിക്കാനാവാത്തവിധം മുദ്രിതമാക്കി.

ഹൃദയം മുറിപ്പെട്ടവരെ സൗഖ്യമാക്കുകയും അവരുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്ന കർത്താവിനെ ഞാൻ കീർത്തനം പാടി സ്തുതിച്ചു. ഭജനഗാനത്തിൻെറ ഈരടി നാവിൻതുമ്പിലേക്കൊഴുകിയെ


ത്തി. ഇങ്ങനെ, എൻെറ സങ്കടത്തിൻെറ ഈ നാളുകൾ ജീവിതപരിവർത്തനത്തിനുള്ള ഒരു സന്ദർഭമായി. തുടരെത്തുടരെയുള്ള ഭജനഗീതങ്ങൾ എൻെറ ആത്മാവിൻെറ ഉൾത്തട്ടിൽ നവംനവങ്ങളായ ഊർജ്ജത്തിൻെറ കണികകൾ സൃഷ്ടിക്കുന്നതായി അനുഭവവേദ്യമായി. ദിവ്യാനുഭൂതിയുടെ ഒരു മേഖല എനിക്കു മുമ്പിൽ തുറക്കപ്പെട്ടു.

പക്ഷേ, മൂടൽമഞ്ഞിലെ ആ രാത്രി എൻെറ സഹനനിമിഷങ്ങൾ ഒരഗ്നി പരീക്ഷണത്തിലേക്കു കടന്നു. പാതിരാത്രിയോടടുത്താണ് അതു സംഭവിച്ചത്. അപ്രതീക്ഷിതമായി വേദനയുടെ അഗ്നികുണ്ഡത്തിൽ ചിറകുകൾ കരിയാൻ തുടങ്ങി. ക്ഷീണവും മററ് അസ്വസ്ഥതകളും എന്നിൽ ഒരു കോളിളക്കം സൃഷ്ടിച്ചു. ഹൃദയപേശികൾ വലിഞ്ഞു മുറുകി; രക്തധമനികളിൽ വിങ്ങൽകൊണ്ടു; കൈകാലുകൾ തണുത്തു മരവിച്ചു; ഉൾത്തട്ടു വെന്തുരുകി; ശ്വാസഗതിക്കു വിഘാതം നേരിട്ടു. വീര്യമേറിയ ഔഷധങ്ങളോട് ശൂന്യമായ ഉദരം പ്രതികരിക്കുകയായിരുന്നു. ഡോക്ടർ രാജേന്ദ്രനും വാർഡ് സിസ്ററർ വിജിയും തിടുക്കത്തിലെത്തി. നാലഞ്ചു മണിക്കൂർ ദീർഘിച്ച സഹനസമരം! ശ്രദ്ധാപൂർവ്വകമായ പരിശോധനകൾക്കായി വിദഗ്ദ്ധർ പണിപ്പെട്ടു. എല്ലാ പങ്കപ്പാടുകളും കുന്നുകൂടുകയായിരുന്നു. ആത്മീയൗഷധം ജീസസ് എന്ന ദിവ്യമന്ത്രം മാത്രം അതു സ്വതസിദ്ധമായിത്തന്നെ അധരങ്ങളിൽ തങ്ങിനിന്നു; പുത്തൻ ജീവതരംഗങ്ങൾ പകർന്നു. ആന്തരികശക്തിയുടെ ശീതളച്ഛായയിൽ ഞാനുറങ്ങി. കൊടുങ്കാററിനു ശേഷമുള്ള പ്രശാന്തത!

ഉണർന്നതേ എൻെറ കൂട്ടുകാരി, ഒരു കർമ്മലീത്താ സന്ന്യാസിനിയായ സി. ആനി റോസിലിൻെറ

മരണവാർത്ത എന്നെ അറിയിച്ചു. ഏറെനാളായി മാര കരോഗത്തിൻെറ പിടിയിലൊതുങ്ങി, സഹിച്ചു സ ഹിച്ച് ജീവിതം രക്തസാക്ഷിത്വമാക്കി, സഹനപൂജ യാക്കി മാററിയ ഒരു സഹോദരി! അവളുടെ പുഞ്ചിരി ക്കുന്ന മുഖം പെട്ടെന്നു ഞാനോർമ്മിച്ചു. 38 വയസ്സിലെത്തിയതേ ആത്മനാഥനായ യേശു ആ പുഷ്പത്തെ ഇറുത്തെടുത്തിരിക്കുന്നു. അവരം പറുദീസാ യുടെ പൂമുഖത്തുനിന്ന് ലക്ഷക്കണക്കിനു മാലാഖമാ രാൽ പരിസേവിതയായി, സകല വിശുദ്ധരുടേയും ആഹ്ലാദഘോഷങ്ങരംക്കിടെ, ഈ ഭൂമുഖത്തേക്കു നോക്കി പുഞ്ചിരിക്കുന്നുണ്ടാവുമെന്നു ഞാൻ കരുതി.

മരണംവരെ, തന്നോട് ഇടപഴകിയ സർവ്വർക്കുമായി, നീറുന്ന വേദനയ്ക്കിടയിലും പുഞ്ചിരിയൂറുന്ന സൗഹൃദം സമ്മാനിച്ചിട്ടു കടന്നുപോയ സി. ആനി റോസിലിൻ. ആ വ്യക്തിത്വത്തിൻെറ, സന്ന്യാസാധിഷ്ഠിതമായ വ്യക്തിത്വത്തിൻെറ, സവിശേഷതകരം ഒന്നൊന്നായി ഞാനോർമ്മിച്ചു. നേരിട്ട് അധികമൊന്നും പരിചിതയല്ലെങ്കിലും, ആ സന്ന്യാസിനിയേപ്പററി അവരം രോഗിണിയായതിനുശേഷം, പലരും വാതോരാതെ സംസാരിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടായിരുന്നു; പ്രത്യേകിച്ച്, മരണം അത്യാസന്നമാകുന്നതുവരെ. അവളുടെ സഹനക്ഷമത, സന്ദർശകർക്ക് ഒരിററു ദു:ഖത്തിനുപോലും ഇടയാക്കാത്ത സംഭാഷണരീതി, സ്വർഗ്ഗത്തേക്ക് ഉന്നമിട്ട് തൻെറ നാഥനെ സ്വീകരിക്കാൻ സന്നദ്ധമായി മിന്നിമിന്നി കൂമ്പിനില്ക്കുന്ന കണ്ണുകരം, വശ്യമായ മന്ദഹാസം, സർവ്വോപരി വിശുദ്ധിയുടെ പരിവേഷം ചാർത്തുന്ന മുഖം എന്നിവയൊക്കെ ഏവർക്കും ഹൃദയസ്പർശകമായിരുന്നു. അവരം പാടിപ്പറന്നു സ്വർഗ്ഗത്തിൻെറ പൂങ്കാവിലേക്ക്.



സി. ആനി റോസിലിൻ സി. എം. സി.
(ആനി അറയ്ക്കൽ)

ആ സഹോദരിയുടെ ഭാഗ്യമരണം എന്നെ വളരെയധികം ചിന്തിപ്പിച്ചു. മരണമെന്ന കവാടം കടക്കേണ്ടി വരുമ്പോൾ എന്താകും എന്റെ അവസ്ഥയെന്നോർത്ത് ഞാൻ ഇടയ്ക്കിടെ ആകുലചിത്തയാകാറുണ്ട്; നിത്യസമ്മാനത്തിന്റെ പ്രതീക്ഷയാണ് എന്റെ കർത്താവ് എന്നിലുണർത്തുന്നതെങ്കിലും, മരണം എനിക്കെന്നും ഭീതിജനകമായിത്തോന്നുന്നു. കുട്ടിക്കാലം തൊട്ട് നിരവധിയാളുകളെ മരണനിമിഷങ്ങളിൽ കണ്ടുമുട്ടിയിട്ടുണ്ട്; അവരൊക്കെ തീരാത്ത വേദനകൊണ്ടു പുളയുന്നത് എന്റെ മനസ്സിനെ കഠിനമായി നൊമ്പരപ്പെടുത്തിയിട്ടുണ്ട്. സി. ആനി റോസിലിൻ കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചതുപോലെ എനിക്കും ഒന്നു മരിക്കാൻ സാധിച്ചുവെങ്കിലെന്നു ഞാൻ

ചിന്തിച്ചു. എൻെറ കർത്താവിൻെറ പക്കൽ എനിക്കു വേണ്ടി, സ്വർഗ്ഗത്തിലിരുന്ന് ആ സഹോദരി മാധ്യസ്ഥ്യപ്രാർത്ഥന നടത്തണേ എന്നു ഞാൻ മനസ്സുകൊണ്ടു മന്ത്രിച്ചു. ആ സഹോദരിക്ക് ഇത്ര സൗഭാഗ്യദായകമായ ഒരു മരണത്തിനു കൂട്ടുനിന്ന കർമ്മലീത്താ സഭയിലെ മററു സഹോദരികളും അനുഗൃഹീതരാണെന്നു ഞാൻ കരുതി.

വീണ്ടും ആഴമേറിയ ചിന്താധാരകൾ എന്നിൽ ഉരുണ്ടുകൂടി. അവയൊരു ആഴക്കടലായി എന്നിൽ വിലയംകൊണ്ടു. ''ദൈവം സ്വർഗ്ഗീയസഭയിൽ ഉപവിഷ്ടനായി, സ്വർഗ്ഗവാസികൾക്കിടയിലിരുന്ന്, ന്യായം വിധിക്കു''മ്പോൾ നിത്യമായ സമാധാനത്തിൻെറ, പരിശുദ്ധമായ പ്രശാന്തതയുടെ, കിരീടമണിയാൻ തക്കവിധം എൻെറ ജീവിതത്തെ ധന്യമാക്കണേ എന്ന് എൻെറ കർത്താവിനോടു ഞാൻ പ്രാർത്ഥിച്ചു; ഈലോകയാത്രയ്ക്കിടെ, അവിടുത്തേ കണ്ടുമുട്ടാനാവുംവിധം ഒന്നു ജീവിക്കാൻ ഇടയാകണേ എന്നു ഹൃദയംകൊണ്ടു യാചിച്ചു. ഇവിടെത്തന്നെ എൻെറ കർത്താവിൻെറ തിരുമുമ്പിൽ, നിഷ്കളങ്കയും സ്നേഹിക്കുന്നവളും പ്രവർത്തനനിരതയുമായി ജീവിക്കാൻ സാധിക്കുമെങ്കിൽ അതായിരിക്കും എനിക്കു ഭാഗ്യം! ഇങ്ങനെ മഹനീയമായ ചില ആശയസ്ഫുലിംഗങ്ങൾ എന്നിൽ നിക്ഷേപിച്ചുകൊണ്ടാണ് സി. ആനി റോസിലിൻ കടന്നു പോയത്.

എൻെറ ഈ ജീവിതഘട്ടത്തിൽ, മൂടൽമഞ്ഞിൻെറ അഞ്ചാം നാൾ, ഒരു സവിശേഷദർശനം എൻെറ കർത്താവ് എനിക്കു കനിഞ്ഞരുളി. ദിവ്യപൂജാവേളയിൽ ഈ ബോധ്യത്തോടെയാണ് ഹൃദയപ്രതിഷ്ഠ പുതുക്കിയത്. ജീവിതനവീകരണത്തിനുള്ള ഒരന്തർദ്ദാഹം എന്നിൽ ഉരുത്തിരിഞ്ഞു. അനുഗൃഹീതഗായികയും സ്ററാഫ്നേഴ്സുമായ റോസ്ലിൻ എന്ന യുവതിയുടെ നേതൃത്വത്തിലുള്ള ഗായകസംഘത്തിൻെറ മധുരസംഗീതങ്ങൾ ഈ അന്തർദ്ദാഹത്തിന് ഇണ

ങ്ങുന്നതായിരുന്നു. കാട്ടരുവി തേടുന്ന മാൻപേടയേപ്പോലെ ദൈവമേ, എൻെറ ഹൃദയം അങ്ങയെ തേടുന്നു; എൻെറ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു – മനോഹരമായ ഈ സത്യം സമാവിഷ്കരിക്കുന്ന സംഗീതമധുരിമയിൽ ഞാൻ ആഹ്ലാദവതിയായി. പരിസരമാകെ കർണ്ണാനന്ദകരമായ, ഭക്തിദ്യോതകമായ, സ്വർഗ്ഗീയമായ ഒരു ലഹരി മുററിത്തുടിച്ചു. അതിൻെറ മുഖ്യ സ്രോതസ്സ് പ്രസ്തുത സംഗീതധാരകളായിരുന്നു.

പൂജാനമസ്കാരങ്ങൾ ആത്മാർത്ഥഭക്തിയോടെ ഉരുവിട്ട്, വിണ്ണിൻെറ നാഥനെ മണ്ണിൻെറ മക്കൾക്കുവേണ്ടി അൾത്താരയിലേക്കു ക്ഷണിച്ചുവരുത്തി അഭിഷിക്ത പുരോഹിതൻ. മൂടൽമഞ്ഞിൽ എനിക്ക് ആ മുഖം അവ്യക്തമായിരുന്നു. എങ്കിലും, ആ സ്വരം എനിക്കു ഹൃദ്യമായിരുന്നു. അതിൻെറ തുടിപ്പുകൾ ഞാൻ ഉൾക്കൊണ്ടു. അതെൻെറ ഹൃദയത്തിൽ ഒരു സ്വർഗ്ഗം സൃഷ്ടിച്ചു; ഹൃദയേശ്വരനെ സ്വഹൃദയത്തിലേക്ക് സ്വാഗതം ചെയ്തു, ഉൾത്തുടിപ്പുകൾ അങ്ങയുടെ തിരുമുമ്പിൽ കാണിക്കയേകി.

അധികം വൈകാതെ ഞാനെൻെറ താവളത്തിലേക്കു നീങ്ങി. വഴിക്കണ്ണു കാണാൻ ക്ലേശിക്കേണ്ടിവന്നു. എങ്കിലും, അതത്ര ദുസ്സഹമായിരുന്നില്ല. ഒരു പരവശത എന്നെ പിടികൂടി. അതൊരു ലഘുവായ മയക്കത്തിലേക്കു നീണ്ടു. സത്യമായും, അതൊരനുഗ്രഹമായിരുന്നു എനിക്ക്. കാരണം, നവോന്മേഷം കൈവരിക്കുന്നതിൻെറ മുന്നോടിയായിരുന്നു അത്.

എൻെറ ജീവിതയാത്രയിൽ കണ്ടുമുട്ടിയവരെയാകെ എൻെറ കർത്താവിങ്കലേക്ക് ആകർഷിക്കുകയും അവരുടെ സ്നേഹസൗഹൃദം ഒരനശ്വര സമ്പത്താക്കുകയും ചെയ്യുന്നതിൽ ഇത്രയുംനാൾ ഞാൻ വിജയിച്ചില്ല. അതിൻെറ കാരണം ഈ ദിവസം ഞാൻ ഗ്രഹിച്ചു. ഉന്നതമായ ജീവിതവീക്ഷണത്തിൻെറ അഭാവം, സഹജീവികളുടെ ജീവിതവ്യഗ്രതകളിൽ പങ്കെടുക്കുന്നതിലുള്ള അനാസ്ഥ, ചില സഹോദരങ്ങളിൽനിന്നു

മുറംക്കിരീടം കിട്ടിയപ്പോറം അവരെ കൈവിട്ടത്, അവരുടെ കരറംക്ഷതങ്ങറംക്ക് സൗഖ്യമേകുന്ന തൈലലേപനം നിർവ്വഹിക്കാതെ പിൻതിരിഞ്ഞത്, അവർക്കുവേണ്ടി എൻെറ കർത്താവിൻെറ തിരുസന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കാതിരുന്നത്.... ഇങ്ങനെ കണക്കററ പാകപ്പിഴകറം! സുദീർഘമായ ഇടവേളകറം സമൃദ്ധമായതുകൊണ്ട്, അനവധി കണ്ണീർമുത്തുമണികറം പരിഹാരമായി അർപ്പിക്കുന്നതിൽ എനിക്കവസരം സുലഭമായി കിട്ടി. തത്ഫലമായി ഉദാത്തവീക്ഷണങ്ങറം എന്നെ സ്വാധീനിച്ചു. അതെൻെറ ജീവിതവൃക്ഷത്തിൽ പുഷ്പിച്ചു കനിചൂടി. ഈ നാളുകറം അങ്ങനെ എനിക്കനുഗ്രഹമായി.

സ്നേഹാശംസകളുമായി ചില സുഹൃത്തുക്കറം അടുക്കലെത്തി. എയ്ഞ്ചൽ എന്ന സന്ന്യാസിനി അക്കൂട്ടത്തിൽ പ്രധാനിയാണ്; മിഡിൽ സ്കൂറം വിദ്യാഭ്യാസകാലത്തെ സ്നേഹസമ്പന്നയായ സഹപാഠിനി. ഇന്നും ആ സൗഹൃദബന്ധം പച്ചകെടാതെ നില്ക്കുന്നു. ഞങ്ങറം പരസ്പരം ഹൃദയരഹസ്യങ്ങറം കൈമാറി. അങ്ങനെ, എൻെറ മൂടൽമഞ്ഞിൻെറ ഈ ദിവസം എനിക്ക് ആഹ്ളാദദായകമായി തീക്ഷ്ണമതിയും സുകൃതസമ്പന്നയുമായ ആ സഹോദരിയുടെ സാമീപ്യത്തിലൂടെ എൻെറ കർത്താവ് എന്നിലേക്ക് നവജീവൻ കൊളുത്തിത്തന്നു.

എൻെറ മൂടൽമഞ്ഞിലെ ആറാംനാറം പ്രത്യേകതകളൊന്നും കൂടാതെ കടന്നു പോയി. ഏകാകിനിയായി, ശാന്തത മുററിനില്ക്കുന്ന മുറിയിൽ ഹൃദയദാഹം ശമിക്കുന്നതുവരെയും, എനിക്കേററവും പ്രിയംകരമായ 'ജീസസ്'' മന്ത്രം ഉരുവിട്ടു മയങ്ങുവാൻ എനിക്കന്ന് ഭാഗ്യം കിട്ടി. കണ്ണുകറം ഇറുക്കിയടച്ച് പകലുറക്കത്തിനു ശ്രമിച്ചിട്ടും ഫലിച്ചില്ല. പക്ഷേ, എനിക്കതു ഭാഗ്യമായി. ഭാഗ്യം വർഷിക്കുന്ന ഏകാന്തത എത്ര മധുരമാണെന്ന് ഞാനന്ന് ആസ്വദിച്ചറിഞ്ഞു; മൂടൽമഞ്ഞിൻെറ നാളിലാണെങ്കിലും.

# III

## – ആശുപത്രിയോടു വിട –

മൂടൽമഞ്ഞിൽ എന്റെ ആശുപത്രിവാസത്തിന്റെ ഏഴാംനാൾ എനിക്കുവേണ്ടി ഉദിച്ചു; അതേ എനിക്കു വേണ്ടിമാത്രം; എന്റെ കർത്താവ് അതിനനുവദിച്ചതു കൊണ്ടു മാത്രം.

പ്രഭാതം പൊട്ടിവിടർന്നതേ കണ്ണുകൾ വിടർത്തി നോക്കി. തലേനാളിലെ സ്ഥിതിവിശേഷംതന്നെ. പ്രഭാത പൂജയ്ക്ക് തയ്യാറെടുത്തു. ഉടൻ സഹായാഭ്യർത്ഥനയുമായി കടന്നുവന്നു ഒരു യുവാവ്. അന്നത്തെ കണി അവൻ തന്നെയായിരുന്നു; അഭ്യർത്ഥന മുദ്രണം ചെയ്ത ഒരു കടലാസ് ചുരുൾ വേദനയോടെ, എന്തോ അസ്പഷ്ടമായി പറഞ്ഞുകൊണ്ട്, എന്റെ കയ്യിൽ നിക്ഷേപിച്ചു; എന്നിട്ട്, ത്വരപ്പെട്ട് ഇറങ്ങിപ്പോയി. ഒരു നിഴൽ മാത്രമായിട്ടാണ് അവൻ എന്റെ കണ്ണിൽപെട്ടത്. ആ കടലാസിലെ അക്ഷരങ്ങളും മൂടൽമഞ്ഞു വിഴുങ്ങിയിരിക്കുന്നു! ഉടനടി ബാഗിൽനിന്ന് ഒരഞ്ചുരൂപ തപ്പിയെടുത്തു. അപ്പോഴേക്കും അവൻ എത്തിക്കഴിഞ്ഞു. എന്താണ് അസുഖം? ഞാൻ തിരക്കി. അവൻ അവ്യക്തമായി, ഗദ്ഗദത്തോടെ, അതുമിതുമൊക്കെ പറഞ്ഞു. കനത്തനാവു കാരണം സ്ഫുടമായി സംസാരിക്കാൻ സാധിക്കാത്തതാണെന്ന് എനിക്കു തോന്നി. നാവു കട്ടിയായി പിമ്പോട്ടു തള്ളുന്നതുകൊണ്ട് സംസാരിക്കാനാവാത്ത ഒരു പയ്യനെ എനിക്കു പണ്ടു പരിചയമുണ്ടായിരുന്നു. അവനാണോ ഈ യുവാവ് എന്നു ഞാൻ സംശയിച്ചു. പക്ഷേ, മൂടൽമഞ്ഞിൽ ഒന്നും വ്യക്തമല്ലല്ലോ. പണം കിട്ടിയ ഉടൻ അവൻ അതിവേഗം സ്ഥലം വിട്ടു ഒരു നിഴൽ പോലെ തന്നെ.

എന്നിൽ നവമായി കുരുത്തുപൊങ്ങിയ ഉദാത്ത ദർശനങ്ങൾ പൂവും കായുമണിയുവാൻ എൻെറ ദൈവം എനിക്കേകിയ അസുലഭ, സുവർണ്ണ നിമിഷങ്ങൾ! അവൻെറ യഥാർത്ഥ മുഖഭാവം, ഹൃദയദു:ഖം പ്രകാശിപ്പിക്കുന്ന അടയാളങ്ങൾ, എനിക്കദൃശ്യമായിരുന്നു. എൻെറ മുറിയിൽനിന്ന് ഒരു ദീർഘനിശ്വാസത്തോടെ നടന്നകന്നുപോയ അവന്, ആ നീറുന്ന മനസ്സിന്, ദാനധർമ്മത്തേക്കാളേറെ ആവശ്യം സമാധാനം തൂകുന്ന ഒരു അനുകമ്പാർദ്ര ഹൃദയത്തിൻെറ വാക്കുകളായിരുന്നുവെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ, പിന്നീടൊരിക്കലും ഞാനവനെ കണ്ടുമുട്ടിയില്ല. അന്നുരാത്രി ആശുപത്രിയുടെ വിശാലമായ അങ്കണത്തിൽനിന്ന് അസ്പഷ്ടവും വേദനാദ്യോതകവുമായ ആ സ്വരം ഞാൻ കേട്ടു; മൂകമായ ഹൃദയത്തിൻെറ വാചാലമായ തേങ്ങൽ; ഇന്നും അതെൻെറ കാതുകളിൽ മുഴങ്ങുന്നു. ഞാൻ സ്നേഹിക്കുന്ന എൻെറ ദൈവത്തിൻെറ പക്കൽ നിത്യവും ആ യുവഹൃദയത്തിൻെറ സൗഖ്യത്തിനായി ഒരു സ്നേഹപ്രകരണമെങ്കിലും ഞാൻ സമർപ്പിക്കാറുണ്ട്. എന്നെങ്കിലുമൊരിക്കൽ അവനു സൗഖ്യം കിട്ടുമെന്നു തന്നെയാണ് എൻെറ ശുഭപ്രതീക്ഷ.

അന്ന് ദിവ്യബലിവേളയിൽ പതിവു നമസ്കാരങ്ങൾക്കു ഭംഗം നേരിട്ടു. മനസ്സിൻെറ ആഴങ്ങളിൽ അവർണ്ണ്യമായ ആകുലതകളും വ്യാകുലതകളും ഉഷ്ണജല പ്രവാഹമായി കുത്തിയൊഴുകി; ആത്മാർത്ഥമായി, എൻെറ മുഴുവൻ ആകാംക്ഷകളും പ്രതീക്ഷകളും കർത്താവിൻെറ സമക്ഷം പാദകാണിക്കയേകാനേ ശക്തി കിട്ടിയുള്ളു. പൊതുവെ ആരോഗ്യം വീണ്ടുകിട്ടിയതുകൊണ്ട് അന്ന് ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്തേക്കുമെന്ന് വാർഡ് സിസ്ററർ ഒന്നു സൂചിപ്പിച്ചിരുന്നു. അത് എനിക്കൊരു ശുഭസൂചനയായിരുന്നു. എങ്കിലും, പ്രതീക്ഷിച്ചത്ര സ്വസ്ഥത കിട്ടിയില്ല. അതെന്നിൽനിന്ന് വളരെ വിദൂരത്താണെന്നു തോന്നി.

തത്കാലം ആശുപത്രിവാസം അവസാനിപ്പിക്കാമെന്നും കണ്ണു ചികിത്സ സ്വന്തം വസതിയിൽ ആകാമെന്നും ഡോ. രാജേന്ദ്രൻ അറിയിച്ചു; എന്നിട്ട്, കണ്ണിന്റെ മൂടൽ പരിശോധിച്ചു. ഡോ. ആനന്ദവും അതിൽ പങ്കെടുത്തു. സാവധാനം സുഖമാകുമെന്ന പ്രതീക്ഷ അവരെന്നിൽ കൊളുത്തിവച്ചു. സമാധാനമായി ഞാൻ യാത്രയ്ക്കൊരുങ്ങി; ഉച്ചവെയിലുദിക്കും മുമ്പേ പോകാനുള്ള ഒരുക്കം. പ്രധാന ചികിത്സകനായ ഡോ. ഈപ്പൻ വിദഗ്ദ്ധ പരിശോധനയ്ക്കു ശേഷം ഡിസ് ചാർജ്ഡ് എന്നു ചാർട്ടിൽ രേഖപ്പെടുത്തി, 'ഓകെ' പറഞ്ഞു.

കൂട്ടുകാരിയെത്താൻ ഒരു മണിക്കൂർ ബാക്കിയുണ്ടായിരുന്നു. അതിനാൽ ഏകാന്തതയിലിരുന്ന് ചിന്തിച്ചു, ധ്യാനിച്ചു. ആ ഭാഗ്യനിമിഷങ്ങളിൽ എന്റെ ഉൾത്തട്ടിൽ മുദ്രിതമായ ഏതാനും ചിന്താശകലങ്ങൾ ഇവിടെ കുറിക്കട്ടെ: എന്റെ കർത്താവ്, ഒന്നിനു നൂറായി സത്കർമ്മങ്ങൾക്കു പ്രതിഫലംതരുന്ന ദൈവം, കടുത്ത മൂടൽമഞ്ഞിലൂടെയുള്ള ഈ സഹനയജ്ഞത്തിന് എനിക്ക് അമർത്തിക്കുലുക്കി സമ്മാനം അളന്നിട്ടുതരും. അനാദിയിലേ, എന്നിലൂടെ ഈ ഭൂമിയിൽ സഫലമാകണമെന്ന് അവിടുന്ന് മുൻകൂട്ടിക്കണ്ട രക്ഷാകരദൗത്യം, അതിന്റെ ഒരു നേരിയ തരിയെങ്കിലും, വിജയിക്കാൻ ഇനിയും എനിക്കു പ്രകാശം തരും. അങ്ങനെ, എന്റെ സൂര്യൻ എനിക്കു സ്വന്തമാകും – എന്നിൽ പുതുജീവൻ കനിചൂടും.

ഈ സമയം എന്റെ സഖിയെത്തി. ആദ്യമായി ഒരു ദു:ഖവാർത്തയാണ് അവളെനിക്കു സമ്മാനിച്ചത്; ഞാൻ പലതവണ യാത്രചെയ്തിരുന്ന ബസ്സിലെ കണ്ടക്ടർ അതിദയനീയമായി, മൃഗീയമായി, വധിക്കപ്പെട്ടുവെന്ന്! ഹൃദയഭേദകമായിരുന്നു അത്. അയാളുടെ മുഖചിത്രം പെട്ടെന്ന് എന്റെ ഓർമ്മയിലെത്തി. എന്റെ കന്യകാലയത്തിന്റെ സമീപത്തുകൂടി സമയനിഷ്ഠയോടെ ഓടിയിരുന്ന വണ്ടി. ഒരിക്കൽ

വഴിയോരത്ത് ബസ്സ് കാത്ത് അക്ഷമയായി നിന്ന എന്നെ അയാരം അതിൽ കയറാൻ ക്ഷണിച്ചതാണ്. അന്നായിരുന്നു അതിൻെറ കന്നിയാത്ര. നിങ്ങളെപ്പോലുള്ളവർക്കുവേണ്ടിയാണ് ഈ വണ്ടി എന്നുപറഞ്ഞ് അയാരം കുടുകുടാ ചിരിച്ചു. അതൊരു സുഹൃത്ബന്ധത്തിൻെറ തുടക്കമായിരുന്നു. നല്ല പ്രസരിപ്പുള്ള, സൗമ്യസ്വഭാവമുള്ള, പ്രസന്നതയുള്ള ഒരു യുവാവ്. ഒരു കലാലയത്തിൽ പതിനെട്ടുവർഷം ഈയുള്ളവരം ഇടപഴകിയ ചില യുവാക്കന്മാരുടെ ഒരു പ്രതീകം. സൗമ്യതയും സുകൃതങ്ങളും പ്രതിഫലിപ്പിക്കുന്ന ചെയ്തികരം. ഉന്നതമായ ഒരു വ്യക്തിത്വത്തിൻെറ ഉടമ. പക്ഷേ, ആ ഹൃദയത്തിൽ ഏതോ മൗനദു:ഖം നിഴൽ തൂകുന്നതായി എനിക്കു തോന്നിയിരുന്നു. ഈ ഭൂമിയിലെ യാത്രയ്ക്കിടെ, ആർക്കും ആരെയും ശ്രദ്ധിക്കുവാനോ ദു:ഖരഹസ്യങ്ങരം കൈമാറുവാനോ അവ ശ്രവിച്ച് ഒരു നുറുങ്ങുവെളിച്ചമെങ്കിലും ഇതരനു കാണിച്ചുകൊടുക്കുവാനോ സമയമില്ലല്ലോ! യാത്രക്കാർ തിക്കിത്തിരക്കി കയറുമ്പോഴും ഇരിപ്പിടത്തിനുവേണ്ടി നെട്ടോട്ടമോടുമ്പോഴും 'ബാലൻസ്' കിട്ടാതെ തട്ടിക്കയറുമ്പോഴും ക്ഷമയോടെ, പുഞ്ചിരിയോടെ അയാരം നില്ക്കുന്നതു കണ്ടിട്ടുണ്ട്. കോപം അയാരംക്ക് അപരിചിതമായിരുന്നു. ആ നല്ല മനുഷ്യൻെറ മരണം എനിക്കു ദുസ്സഹമായി. എൻെറ കണ്ണുകരം കുതിർന്നു. കണ്ണീർ ചാലുവച്ചൊഴുകി, ചങ്കിലേക്ക് ഭീമാകാരമായ ഒരു കരിങ്കല്ല് ആരോ വിക്ഷേപിച്ചതുപോലെ! പ്രാണരക്ഷാർത്ഥം സർവ്വശക്തിയും സമാഹരിച്ച് സ്വന്തം വീട്ടിലേക്ക് ഓടുന്നതിനിടെ കത്തിക്കുത്തേററു പിടഞ്ഞുമരിച്ച മനുഷ്യസ്നേഹി! ജീവിതത്തിൻെറ ഒത്ത മധ്യത്തിൽവച്ചുതന്നെ ഓട്ടം പൂർത്തിയാക്കി നിത്യസമ്മാനത്തിനായി യാത്രയായ സുഹൃത്ത്. ആ സഹോദരനു സ്വർഗ്ഗീയഭാഗ്യം കൈവരട്ടെ.

മരണത്തെ എനിക്ക് മുഖാഭിമുഖം ദർശിക്കേണ്ടിവരുമ്പോരം, സ്വർഗ്ഗീയ സമ്മാനം ലഭ്യമാകുവാൻ

തക്കവിധം ഭൗമികജീവിതം ധന്യമാക്കുവാൻ, നീതിനിഷ്ഠമായി ജീവിക്കുവാൻ, സാധിക്കണേ എന്നു ഞാൻ പ്രാർത്ഥിച്ചു. മരണമെന്ന സത്യത്തേക്കുറിച്ച് ഇടയ്ക്കിടെ ഞാൻ ധ്യാനിക്കാറുണ്ട്. ഉടയവനായ ദൈവം മനുഷ്യനെ മരണനിമിഷം കൂട്ടിക്കൊണ്ടുപോകുവാൻ വരുമെന്നാണല്ലോ വി. വേദപുസ്തകം പഠിപ്പിക്കുക. അങ്ങയിലേക്കുതന്നെ ഉന്മുഖയായി എനിക്കു വളരുവാൻ സാധിക്കണം. അതല്ലെങ്കിൽ, ഈ ലോകം അതിന്റെ വശീകരണശക്തിയാൽ എന്നെ അപകടത്തിലാക്കും – എന്റെ മനസ്സ് മുന്നറിയിപ്പു നൽകി. എങ്കിലും, മരണഭീതി അഗ്നിസർപ്പമായി എന്നെ വലയംചെയ്തു ചുററിവരിഞ്ഞു. അസ്ഥികരം ഞെരിഞ്ഞ്, മാംസപേശികരം തളർന്ന്, ശ്വാസഗതി നിലച്ച് ഞാൻ മരണാസന്നയാകത്തക്കവിധം അതെന്നെ തൊട്ടുനിന്നിരുന്നു; എന്റെ ജീവിതാകാശത്തിൽ കാറും കറുപ്പും സൃഷ്ടിച്ചിരുന്നു. സ്നേഹസമ്പന്നനും കാരുണ്യസ്വരൂപനും ജീവിതേശ്വരനുമായ കർത്താവിന്റെ പാർശ്വത്തിൽ മുഖമൊളിക്കുക എന്നതു മാത്രമായിരുന്നു എന്റെ പ്രതിവിധിയും പ്രത്യൗഷധവും, ആഴങ്ങരം തന്നെ വിഴുങ്ങാതിരിക്കാൻ, അഗാധങ്ങരം തന്നെ മൂടിക്കളയാതിരിക്കാൻ, തന്റെ സ്വന്തമായ കർത്താവിനോട് ഹൃദയവ്യഥയോടെ കേണപേക്ഷിച്ച ദാവീദും ഈ മുഖമൊളിക്കൽ നയമാണല്ലോ കൈക്കൊണ്ടത്.

ഈ ആത്മപ്രകാശനത്തിന് ഇവിടെ വിരാമംകുറിക്കട്ടെ. ഇനി ആശുപത്രിമുറിയിലേക്കുതന്നെ പിൻതിരിയട്ടെ; അവിടത്തെ അന്തരീക്ഷത്തിൽനിന്ന് തത്ക്കാലം വിമുക്തയായിട്ടില്ലല്ലൊ. പശ്ചാത്തലമൊരുങ്ങിയിട്ടല്ലേയുള്ളു. വേഗം ആശുപത്രിയോടു വിടപറയാനുള്ള ഒരുക്കമായി, പൊള്ളിക്കുന്ന വെയിൽകൊണ്ട്, തീപ്പൊരിപാളുന്ന മണൽക്കാട്ടിലൂടെയായിരിക്കുമോ ഭാവിജീവിതയാത്ര! ഈ ചിന്ത എന്നെ വീണ്ടും ദു:ഖത്തിലാഴ്ത്തി. ഒരു ദു:ഖത്തിൽനിന്ന് കരകയറു

ണ്ടോരാം മറെറാന്ന് എന്ന സ്ഥിതി! കർത്താവിൻെറ കടാക്ഷം എന്നും കൂട്ടിനുണ്ട് എന്ന് മനസ്സാക്ഷി അനുശാസിച്ചിട്ടും ഇതുതന്നെ ഗതി.

ആശുപത്രിയിലെ ഏതാനും അന്തേവാസികരം– വിദഗ്ദ്ധമായ, കരുണാമസൃണമായ പരിചരണങ്ങ ളിലൂടെയും സ്നേഹസംഭാഷണങ്ങളിലൂടെയും എ ൻെറ കരരം കവർന്നവർ– വിട പറയാനെത്തി. മധുര കീർത്തനങ്ങളാൽ എന്നിൽ പരിശുദ്ധമായ ഭക്തി ഭാവന കൊളുത്തിയവർ, തക്ക സന്ദർഭങ്ങളിൽ വേദന കരം ആററിത്തണുപ്പിച്ചിരുന്ന വാർഡ് സിസ്ററർ വിജി എന്നിവർ വേഗമെത്തി. യഥാവിധി ഔഷധ ങ്ങരം തന്ന് പുഞ്ചിരി സമ്മാനിച്ചിരുന്ന നേഴ്സസ്– മറിയമ്മയും ലിസിയും സാലിക്കുട്ടിയുമൊക്കെ– അ ന്നെനിക്കു ശുഭാശംസ നേർന്നു.

എനിക്കു കടപ്പെട്ടവർ അനേകരായിരുന്നു. എ ൻെറ പ്രധാന ഭിഷഗ്വരൻമാരെക്കൂടാതെ, ഡോ. തോ മസും ഡോ. ഹെൻട്രിയും സി. ഇവാനും സി. വിമല യും ഹൃദയംഗമമായ ആശംസകരം നേർന്നു. ഒരു കാ വൽമാലാഖയ്ക്കു സമം രോഗസ്ഥിതി തിരക്കി എ ത്തിയിരുന്ന സി. റോസ് മേരിയും വിടചൊല്ലി, ആ രുടെയും മുഖം മൂടൽമഞ്ഞിൽ വ്യക്തമായിരുന്നി ല്ല. എങ്കിൽ തന്നെയും, തനതായ വ്യക്തിത്വം പ്ര ദ്യോതിപ്പിക്കുന്ന സ്വരങ്ങരം എനിക്കു തിരിച്ചറിയാ മായിരുന്നു. ആത്മാവിഷ്കാരത്തിൻെറ ഭാഷയ്ക്ക് ഒരിക്കലും ചിറകററു പോവുകയില്ലല്ലോ. അങ്ങനെ, ഞാനെൻെറ കന്യകാമന്ദിരത്തിലേക്കു പുറപ്പെട്ടു. പൂർ ണ്ണമായ കൺതിളക്കത്തോടെ ആശുപത്രിയിലേക്കു പോയ എനിക്ക്, കാഴ്ച മങ്ങി, മൂടൽമഞ്ഞിൽ, എ ട്ടാംദിവസം അവിടെനിന്നു തിരിക്കേണ്ടിവന്നതോർ ത്ത് മനസ്സ് നൊമ്പരപ്പെടുകയായിരുന്നു ആ യാത്രാവേളയിൽ, കൺമുമ്പിൽ തിങ്ങിക്കൂടുന്ന മൂടൽ മഞ്ഞ്! മനസ്സിൽ നിറയെ നൊമ്പരം! ആത്മാവിൽ

അസ്വസ്ഥത! ബുദ്ധിയിൽ അവ്യക്തത! ഭാവനയിൽ ശൂന്യത! ഇതായിരുന്നു എൻെറ നില.

പക്ഷേ, മണിക്കൂറുകൾക്കുശേഷം എൻെറ കർമ്മപൂജയ്ക്കു ജീവൻ പകർന്ന ഒരു സ്വരം എൻെറ കാതിൽ മുഴങ്ങി: ഭയപ്പെടേണ്ടാ, നിന്നോടുകൂടി ഞാനുണ്ട്.... ഞാൻ നിന്നെ ഒരിക്കലും അനാഥയായി വിടുകയില്ല.... നിൻെറ ഹൃദയം ഇങ്ങനെ അസ്വസ്ഥമാകരുത് – എൻെറ കർത്താവിൻെറ സ്വരമായിരുന്നു അത്. രണ്ടു സഹസ്രവർഷങ്ങൾക്കപ്പുറത്ത് ഈ മണ്ണിൽ മുഴങ്ങിക്കേട്ട അവൻെറ സ്വരം ഇന്നും തലമുറകളിലൂടെ ആവർത്തിക്കപ്പെടുന്നു. എനിക്ക് അവൻെറ നാമം തുരുതുരാ ഉച്ചരിക്കണമെന്നു വലിയൊരാവേശമായി.

ഭക്തിപാരമ്യത്തിലേക്ക്, സ്നേഹസായൂജ്യത്തിലേക്ക്, പറന്നെത്താൻ തക്ക യോഗ്യതയെനിക്കില്ല. എങ്കിലും, ഉജ്ജ്വലിക്കുന്ന ഈ സ്നേഹമന്ത്രണത്തിലൂടെ – ഇഷ്ടമന്ത്രമായ 'ജീസസ്' എന്ന സുകൃതജപത്തിലൂടെ, സ്നേഹം തുളുമ്പിത്തുടിക്കുന്ന നാമജപത്തിലൂടെ – അതെനിക്കു സാധിക്കുമെന്നു ഞാൻ വിശ്വസിച്ചു 'ജീസസ്' മന്ത്രം എനിക്കമൃതാണ്; ജീവനേക്കാൾ പ്രിയംകരമാണ്. കുട്ടിക്കാലംതൊട്ടേ ഈ മധുരമന്ത്രം ഞാനഭ്യസിക്കുന്നതാണ്. അത് ഉരുവിട്ടുരുവിട്ടു നിർവൃതിനേടുക! ഹോ! അതെത്രയോ ആനന്ദകരം! കൺകാഴ്ച മങ്ങി മൂടൽമഞ്ഞിൽ തപ്പിത്തടഞ്ഞു സഞ്ചരിക്കേണ്ടിവന്ന ആ നാളുകളിൽ ഈ മന്ത്രജപം എനിക്കു ബലമേകി. ഉരുകുന്ന യാതനാവേളകളിൽ എൻെറ കർത്താവിനെ അകക്കണ്ണാലെ കണ്ട് ആ നാമം മതിവരെ മന്ത്രിക്കുവാൻ സാധിക്കുമെങ്കിൽ, ഒരൊററ മനുഷ്യവ്യക്തിപോലും നിരാശയുടെ നെരിപ്പോടിൽ നിപതിക്കുകയില്ലെന്നാണ് ഞാൻ കരുതുക. മനുഷ്യനെ രക്ഷിക്കാൻ കരുത്തുററ മറെറാരു നാമധേയവും ഇഹത്തിലില്ല. ഇത്ര ആസക്തിയോടെ ഉരുവിടുവാൻ തക്കതായി മറെറാരു നാമവും ഇല്ല.

ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ നാമങ്ങളിലുംവച്ച് ഏററവും ശക്തമാണിത്. അതിൽ പ്രപഞ്ചനാഥനും പിതാവുമായ ദൈവത്തേയും ദൈവപുത്രനേയും പരിശുദ്ധാത്മാവിനേയും ഞാൻ കണ്ടുമുട്ടുന്നു ആ സ്ഥിതിയാണ് എനിക്കു സ്വർഗ്ഗം. ആ കണ്ടുമുട്ടലാണ്, അതിൻെറ അയവിറക്കലാണ്, അതിൻെറ മയക്കുലഹരിയാണ് എനിക്കെൻെറ സഹജീവികൾക്കു പങ്കുവയ്ക്കുവാനുള്ളത്. തൂലികത്തുമ്പിലൂടെ, ഹൃദയസ്പന്ദനത്തിലൂടെ, എനിക്കെൻെറ ഹൃദയത്തിൻെറ ആനന്ദം – കർത്താവിനെ കണ്ടുമുട്ടുന്നതിലുള്ള ആഹ്ളാദം – മാത്രമേ ആവിഷ്കരിക്കാനുള്ളു. ഇന്ന്, സഹസ്രക്കണക്കിന് യേശുശിഷ്യർ 'ജീസസ്' മന്ത്രമുച്ചരിച്ച് ആനന്ദനിർവൃതി, ഹൃദയാഹ്ളാദം, തേടുന്നുണ്ടെന്ന് എനിക്കറിയാം. അവരുടെ ഹൃദയഭാവങ്ങളോടൊത്ത് എൻെറ ഹൃദയത്തിൻെറ നാമജപവും സമ്മിളിതമാകുമ്പോൾ ഈ ലോകത്ത് സ്വർഗ്ഗം പുഷ്പിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എൻെറ അന്തരാത്മാവ് നിത്യേന പ്രബോധിപ്പിക്കുന്നതും ഇതുതന്നെ.

## IV

### – സ്വന്തം താവളത്തിൽ –

സ്വന്തം കന്യകാമന്ദിരത്തിന്റെ പ്രശാന്തമായൊരു കൊച്ചുതാവളം. എത്ര നീറുന്ന വേളയിലും, സ്വന്തമെന്നു പറയാവുന്ന ഒരു സങ്കേതം എത്രയോ ആഹ്ലാദജനകം. ഏതൊരു കിളിക്കും സ്വന്തം കിളിക്കൂട് എത്രയോ ഹൃദ്യം. അതിന്റെ ആനന്ദം വർണ്ണിക്കാവതല്ല. ജീവിതവീക്ഷണങ്ങൾ സ്വാംശീകരിക്കാനും നവം നവങ്ങളായ ഉൾക്കാഴ്ചകൾ സ്വരൂപിക്കാനും ജീവൻ പച്ചപിടിക്കാനും സ്നേഹിക്കുന്നവരുടെ കഥകൾക്കു നിറംചാർത്താനും എനിക്കെന്റെ അധികാരികൾ കനിഞ്ഞുതന്നൊരിടം. അതെന്നെ പ്രബുദ്ധയാക്കി. സമീപസ്ഥിതമായ പുഴയോരത്തെ കുളിർക്കാററ് എനിക്കു തണുപ്പേകി. മാർച്ച്മാസത്തെ ഉരുകുന്ന വെയിലിൽ അതെനിക്ക് ഒരു വലിയ ആശ്വാസമായിരുന്നു. പ്രാർത്ഥനാലയം എന്റെ പ്രതീക്ഷകൾക്ക് ഈടുപകർന്നു. സേവനസന്നദ്ധരും സഹൃദയരുമായ സന്ന്യാസിനീ സഹോദരികൾ. നമസ്കാരപ്പുസ്തകത്തിലെ തിരുമൊഴികൾ ചൊല്ലിക്കേൾപ്പിക്കുവാൻ, ദൈവാനുഗ്രഹത്തിന്റെ നൂറുനൂറു കഥകൾ പൊരുൾ തിരിച്ചു വ്യാഖ്യാനിക്കുവാൻ, സുമധുര കീർത്തനങ്ങളാൽ ഹൃദയദു:ഖം ശമിപ്പിക്കുവാൻ, സർവ്വോപരി എന്റെ കർത്താവിന്റെ പക്കൽ എനിക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുവാൻ, സ്നേഹസമേതം അന്നപാനാദികൾ വിളമ്പിത്തരുവാൻ ഉത്സുകരായ കൂട്ടുസഹോദരികൾ. ചെളിയിൽ പൂണ്ടുപുതഞ്ഞുകിടക്കുന്ന കരിങ്കല്ലുപോലെ ഞാൻ നിഷ്പ്രഭയാകാതിരിക്കാൻ അവർ ശ്രദ്ധാലുക്കളായി. പക്ഷേ, പാളിച്ചകളും പാകപ്പിഴകളും എന്നിൽ കുന്നുകൂടി. അവയിൽ മിക്കതും എന്റെ മൂടൽമഞ്ഞിൽ കുരുത്തുവന്നതാണ്.

എന്റെ വായ്മൊഴികൾ ഞാനറിയാതെതന്നെ പരിദേവനത്തിന്റെ നിറംപൂണർന്നു - നീതിസഹമല്ലാത്ത വാക്ശകലങ്ങൾ; വാതിലും കൊളുത്തും അററുപോയ നാവിന്റെ സന്തതികൾ; കണ്ണീരിൽ കുതിർന്ന ചില ആത്മാവിഷ്കാരങ്ങൾക്ക് സ്വാർത്ഥതയിലേക്ക് ചായ്വുണ്ടായിരുന്നു. അതോരോന്നും വിശുദ്ധിയിലേക്കു പറന്നുയരാൻവെമ്പുന്ന എന്റെ ആത്മാവിന്റെ ബന്ധനങ്ങളായിരുന്നു, കളങ്കങ്ങളായിരുന്നു. എന്റെ സന്ന്യാസത്തിന്റെ മുഖമുദ്രയ്ക്ക് അവകൊണ്ടു കോട്ടംസംഭവിക്കാൻ സാധ്യതയുണ്ടായിരുന്നു. അവയ്ക്കടിയിൽപെട്ടു തകർന്നുതരിപ്പണമാകാതിരിക്കാൻ തീവ്രമായി ആഗ്രഹിച്ചു. എന്റെ ചിന്തകൾ നേർവഴിക്കു നയിക്കാൻ ഒരു ചാട്ടവാറും എന്റെ വികാരപരമ്പരകൾ വിവേകപൂർവ്വകമാക്കാൻ ഒരു മേധാവിയും എന്റെ സ്വരങ്ങൾക്ക് നിയമവിധേയത്വമേകാൻ ഒരു കാവലാളിയും എന്നോടൊപ്പം ഉണ്ടായിരുന്നെങ്കിലെന്ന് ഞാനാശിച്ചു; വി. വേദഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്ന, സിറാക്കിന്റെ മകനായ യേശു എന്ന ജ്ഞാനിയെപ്പോലെ. സ്വർണ്ണം അഗ്നിയിൽ ശുദ്ധിചെയ്യപ്പെടുമ്പോലെ സഹനത്തിന്റെ തീച്ചൂളയിൽ ഞാനും ശുദ്ധീകരിക്കപ്പെടുകയാണെന്ന തത്വം താമസിയാതെ എന്നിൽ നിഴൽവിരിച്ചു. അതെന്റെ ചെയ്തികളെ ഒട്ടൊക്കെ ധന്യമാക്കി. എങ്ങോ കൈവിട്ടുപോയ സൗമ്യത തേടിപ്പിടിക്കാൻ ഞാൻ കഠിനമായി യത്നിച്ചു. അതിന് ജ്ഞാനമെന്ന കൃപാവരത്തിനായി ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു. പക്ഷേ, അപ്രതീക്ഷിതമായ ചില ഘട്ടങ്ങളിൽ, പൊട്ടിത്തകർന്ന് വീണുടയുന്ന പളുങ്കുചഷകം പോലെയായിരുന്നു എന്റെ ഹൃദയം.

സ്വന്തം താവളത്തിലെത്തിയ ഒന്നാമത്തെ രാത്രി നിദ്രാരഹിതമായിരുന്നു. ആത്മാവിനു വിങ്ങൽ. ഹൃദയം പൊട്ടിത്തെറിക്കാറായ തീച്ചൂളയ്ക്കു സമം. കണ്ണീർക്കണികകൾ തിളച്ചു തിളച്ച് കണ്ണിൽ കുരു

ങ്ങിക്കിടന്ന്, നിമിഷങ്ങൾക്കകം നീരാവിയായി. ആ രാത്രി എനിക്കൊരുവിധ സമാധാനവും തരാതെ കടന്നുപോയി. ഇടിമുഴക്കംകൊണ്ടു പാതിരാത്രി എന്നെ ഭയപ്പെടുത്തി. രാക്കിളികളുടെ സ്വരം എനിക്കസഹ്യമായി. അടുത്തുള്ള ജലശുദ്ധീകരണശാലയിലെ യന്ത്രങ്ങളുടെ ഇരമ്പൽ എന്നിൽ വിരസതയുളവാക്കി. മുഖമാകെ വേദനിപ്പിക്കുന്ന നീർക്കെട്ട്.

അസ്വസ്ഥയായി ഞാനെഴുന്നേററു ജനലഴികളിൽ പിടിച്ച് പുറംലോകത്തേക്കു നോക്കിനിന്നു. എങ്ങും കൂരിരുട്ടിൻെറ കൂത്തരങ്ങ്. കോടക്കാററിൻെറ മുഴക്കം. വൈകാതെ ഞാനെൻെറ കിടക്കയെത്തന്നെ അഭയംഗമിച്ചു. പിന്നെ, ഒന്നുറങ്ങിയെന്നു തോന്നുന്നു. പൂങ്കിളികളുടെ പാട്ടുകേട്ടുണർന്നു. ഈ പ്രപഞ്ചമാകെ ഉണർന്നിരിക്കുന്നു; കർമ്മനിരതനായ കർത്താവിൻെറ കർമ്മപദ്ധതിയിൽ ജാഗ്രതയോടെ പങ്കുകൊള്ളുന്നു സൃഷ്ടികൾ ഒന്നടങ്കം. എനിക്കു മാത്രം, അതേ എനിക്കുമാത്രം, ചലനാത്മകതയില്ലെന്നോ? എൻെറ ബുദ്ധിക്കും മനസ്സിനും മാത്രം മരവിപ്പ് ബാധിച്ചുവെന്നോ? എൻെറ ചിന്താശക്തി നേർവഴി വിട്ടു. അതു പല ബിന്ദുക്കളിലും ഉടക്കിനിന്നു; ദു:ഖത്തിൻെറ കാളിമപരക്കുന്ന ചില ജീവിതസത്യങ്ങളിൽ. അങ്ങനെ ആറേഴുനിമിഷങ്ങൾ പിന്നിട്ടു. അതിരാവിലെ സ്വാദുററ പാനീയവുമായി കടന്നുവന്ന ജസ്സിയമ്മ എന്ന സന്ന്യാസാർത്ഥിനിയാണ് എന്നെ ആ ഇരുളിൽനിന്നു തട്ടിയുണർത്തി മൂടൽമഞ്ഞിലേക്കു തിരികെ കൊണ്ടുവന്നത്. അവളുടെ കനിവൂറുന്ന കൺമിഴികൾ ഞാൻ ഭാവനയിൽ കണ്ടു. ഭക്തിസാന്ദ്രമായ ആ സ്നേഹാർദ്രത ഞാൻ ആസ്വദിച്ചു. ആ കുഞ്ഞു സഹോദരിയുടെ സാന്നിധ്യം എനിക്കു പുത്തൻ ചൈതന്യമേകി.


താമസമെന്ന്യെ പ്രഭാതപൂജയ്ക്കായി ഞാൻ ദൈവാലയത്തിലെത്തി; കൂപ്പുകൈകളോടെ, കാരുണ്യം കാണിക്കണേ എന്ന യാചനയാണ് കാരുണ്യക്കാതലായ,

ചൈതന്യദായകനായ കർത്താവിൻെറമുമ്പിൽ ആദ്യംസമർപ്പിച്ചത്. തളർച്ചയും വിരസതയും പലവുരുകടന്നാക്രമിച്ചു. ആകയാൽ, എൻെറ പ്രാർത്ഥനാസ്വരം ഹൃദയത്തിലും ബുദ്ധിയിലും മാത്രമായി ഒതുങ്ങിക്കൂടി.

ഇടവേളകളിൽ എനിക്കെൻെറ ഏകാന്തസങ്കേതത്തിൽത്തന്നെ വിശ്രമിക്കേണ്ടിവന്നു. ഔഷധങ്ങൾ എന്നെ സുഖമയമായ മയക്കത്തിലാഴ്ത്തിയിരുന്നു. നിത്യേന സായാഹ്നവേളകളിൽ, സമൂഹനമസ്കാരം ഒന്നുചേർന്നു ജപിക്കാൻ, വി. ലിഖിതങ്ങൾ തന്മയത്വത്തോടെ വായിച്ചു കേൾപ്പിക്കാൻ, വിശുദ്ധരുടെ ജീവിതകഥകൾ രസാവഹമായി അവതരിപ്പിക്കാൻ ലീമാ എന്ന ഒരു കൂട്ടുസന്ന്യാസിനി കൃത്യനിഷ്ഠയോടെ എൻെറ മുറിയിലെത്തിയിരുന്നു. ആ സഹോദരിയിലൂടെ പുത്തൻ പ്രതീക്ഷകൾ എന്നിൽ മൊട്ടിട്ടു. ഇനിയും എൻെറ കർമ്മക്ഷമത ഉയിർത്തെഴുന്നേല്ക്കുമെന്ന്, വായിക്കുകയും എഴുതുകയും പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന ഭാഗ്യനിമിഷങ്ങൾ കർത്താവായ ദൈവം കനിഞ്ഞരുളുമെന്ന്, അവൾ പ്രവചിച്ചു. എനിക്കതിൽ വിശ്വാസമായി. അവളുടെ ആശംസകൾ എനിക്കു വളരെ വിലപ്പെട്ടതായി. നിഷ്കളങ്കരുടെ പ്രാർത്ഥനയും പ്രവചനവുമൊക്കെ ആകാശം തുളച്ചുകടന്ന്, പരംപൊരുൾ സന്നിധാനത്തിങ്കലെത്തിയിട്ട്, അനുഗ്രഹത്തിൻെറ തൂമഞ്ഞിൻകണികകളായി മറുരൂപം പ്രാപിച്ച്, അവ അർഹിക്കുന്നവരിൽ വർഷിക്കപ്പെടുമെന്നായിരുന്നു എൻെറ വിശ്വാസം. ദൈവാനുഗ്രഹത്താൽ, മൂടൽമഞ്ഞിലെ എൻെറ രണ്ടാം ഘട്ടം ഒരുവിധത്തിൽ സമാധാനമായി തരണംചെയ്തു.

മൂന്നാം ഘട്ടത്തിലേക്കുള്ള പ്രവേശനം ഒരു ദു:ഖസംഭവത്തോടെയായിരുന്നു; വളരെ വർഷങ്ങളായി എനിക്കു സുപരിചിതയായ മറെറാരു കർമ്മലീത്താസന്ന്യാസിനിയായ സി. ക്ലീമാക്കൂസിൻെറ മരണം. അന്ന് മാർച്ച് 28. മുപ്പത്തിയാറ് സംവത്സരങ്ങൾ പ്രതിഷ്ഠിത ജീവിതത്തിൽ സുകൃതചരിതയായി ജീവി

ച്ച ഒരു സഹോദരി ഈ ഭൂമിയിലെ തൻെറ തീർത്ഥാടനത്തിൻെറ അന്ത്യം, സ്വർഗ്ഗീയലക്ഷ്യം, കണ്ടെത്തിയിരിക്കുന്നു; നാട്ടിലെ വിദ്യാഭ്യാസ, കലാ, സാംസ്കാരിക രംഗങ്ങളിൽ യേശുവിന് ഉത്തമസാക്ഷ്യം വഹിച്ച് മധ്യവയസ്സിലെത്തിയതേ രോഗാധീനയായ സിസ്ററർ ക്ലിമാക്കൂസ്. സന്ന്യാസത്തിൻെറ തനിമ അതേപടി കാത്തുസൂക്ഷിച്ചിരുന്നു അവരം. തപോജീവിതം രക്തസാക്ഷിത്വമാക്കി അതിൽനിന്നു ഫലം കൊയ്തെടുത്തവരം; ധീരോചിത സഹനത്തിൽ പ്രസന്നത കൈവിടാതിരുന്നവരം; സ്നേഹിക്കാൻ മാത്രം പഠിച്ചവരം; അവരംക്ക് ആ രക്തസാക്ഷിത്വം ഒരു പാട്ടുപൂജയായിരുന്നു. ആ മുന്തിരിക്കമ്പ് തായ്ത്തണ്ടിനോട് സർവ്വദാ അഭേദ്യമായി ബന്ധിതമായിരുന്നു. ഏതു നിമിഷത്തിലും നാഥനായ, ദിവ്യരക്ഷക



സി. ക്ലിമാക്കൂസ് സി. എം. സി.
(റോസക്കുട്ടി മഞ്ഞാട്ട്)

നായ, കർത്താവായ, യേശുനാഥൻ തന്നെ ഇറുത്തെടുക്കാൻ സന്നദ്ധയായിരുന്നു അവരം. അവിടുത്തേ തിരുമാറിൽ ആ മനോഹരപുഷ്പം ചാർത്തപ്പെട്ടു. മരണം വിളിപ്പാടകലെ എത്തിയപ്പോഴും തൊട്ടടുത്തു വന്നു മുട്ടിവിളിച്ചപ്പോഴും സി. ക്ലിമാക്കൂസ് പ്രസന്നവതിയായിരുന്നു. സ്വന്തം ജീവൻെറ ഉടമയായ കർത്താവിങ്കലേക്കു മാത്രമാണ് അവരം ലക്ഷ്യമിട്ടിരുന്നത്; അങ്ങേ തിരുമുഖത്തു മാത്രമാണ് കണ്ണുതറപ്പിച്ചിരുന്നത്. അവരം ചിറകടിച്ച് അത്യുന്നതങ്ങളിലേക്കു പറന്നുപോയിരിക്കുന്നു.

അക്കഥ ഒരു നൂറുതവണ ഞാനനുസ്മരിച്ചു. അവരം ഈ ലോകയാത്രാപഥത്തിൽ മുദ്രകുത്തിയ സ്നേഹസന്ദേശങ്ങരം ഞാനെൻെറ ജീവിതഗ്രന്ഥത്തിൽ കുറിച്ചിട്ടു.

തത്ഫലമായി, ലൗകികമായ ആകർഷണവലയത്തിൽ കുടുങ്ങി നശിക്കാതെ, അനശ്വരസൗഭാഗ്യംമാത്രം മുന്നിൽക്കണ്ട്, മുന്നേറുവാൻ സഹായിക്കുന്ന ചില ചിന്താസ്ഫുലിംഗങ്ങരം എന്നിൽ ജന്മംകൊണ്ടു അവ ദിവ്യവേദഗ്രന്ഥത്തിൽ അടിവേരു പാകുന്നവയായിരുന്നു; കിഴക്കൻ കുളിർകാററിനൊപ്പം ഉന്മേഷദായകം.

സ്വതസിദ്ധമായി, ചില സുന്ദരവസ്തുക്കളോട് എനിക്കൊരു പ്രത്യേക മമതയുണ്ടായിരുന്നു. ഇപ്രപഞ്ചത്തിലെ സൗന്ദര്യപ്പൊലിമ എൻെറ മനം കവർന്നിരുന്നു. എൻെറ ജീവൻ നേർഗതി വിട്ട് അവയോട് ഒട്ടിച്ചേർന്നിട്ടുണ്ട് പലപ്പോഴും. ഈ വേഴ്ച എനിക്കു ബന്ധനമായി ഭവിച്ചിരുന്നു. അവയൊന്ന് അറുത്തുപൊട്ടിക്കുവാൻ മുമ്പേ കടന്നുപോയ ഈ സന്ന്യാസിനിയും എനിക്കു കരുത്തേകി.

ഇക്കഴിഞ്ഞ വർഷങ്ങളിൽ, ചില സുന്ദരവസ്തുക്കരം കൈവശമാക്കണമെന്ന ഒരു വ്യഗ്രത നിർഭാഗ്യവശാൽ എന്നിൽ കടന്നുകൂടിയിരുന്നു. അതെൻെറ ആന്തരിക സ്വസ്ഥതയ്ക്കു ഭംഗം വരുത്തിയിരുന്നു. അതിൽനിന്നു വിമുക്തി നേടുക അസാധ്യവുമായി

രുന്നു. പഴകിയതോ ദ്രവിച്ചുതുടങ്ങിയതോ നിറംമങ്ങിയതോ അഴകില്ലാത്തതോ ആയ ഉപയോഗവസ്തുക്കൾ എനിക്കു സ്വീകാര്യമല്ലായിരുന്നു. നന്നായി ഇണങ്ങുന്നതും മെച്ചപ്പെട്ടതുമായ വസ്ത്രങ്ങളായിരുന്നു എനിക്കിഷ്ടം. ഈ ദുശ്ശീലങ്ങളുടെ അടിയൊഴുക്കുകൾ തട്ടിമാററി മുന്നോട്ടുകുതിക്കണമെന്ന ആഗ്രഹം ഇക്കാലസന്ധിയിലാണ് എന്നിൽ കരുത്താർജ്ജിച്ചത്. മരണം തൊട്ടുമുമ്പിൽ പതിയിരിക്കുന്നു എന്ന വിചാരമായിരിക്കാം ഇതിന്റെ പശ്ചാത്തലം. നൂറുനൂറു ബന്ധനങ്ങളിൽ കുരുങ്ങിക്കിടന്നിരുന്ന എന്റെ പാവപ്പെട്ട ആത്മാവ് അങ്ങനെ ഭാഗികമായിട്ടെങ്കിലും വിമുക്തമായി.

വാക്കുകൾ അളന്നുതൂക്കി പ്രയോഗിക്കുക, വായ്ക്ക് വാതിലും പൂട്ടും നിർമ്മിക്കുക.... പതിയിരിക്കുന്നവരുടെ മുമ്പിൽ ചെന്നുവീഴാതിരിക്കണമെങ്കിൽ നാവുകൊണ്ടു തെററുചെയ്യാതിരിക്കുക – എന്നീ വേദപുസ്തകമൊഴികൾ പ്രഭാഷകൻ 28:25-26 എന്നിൽ ഇക്കാലത്ത് ആഴത്തിൽ വേരൂന്നി. എങ്കിലും പാകപ്പിഴകൾ അനവധിയായിരുന്നു. അതൊക്കെ പ്രതിഷ്ഠിത ജീവിതത്തിന്റെ പുഴുക്കുത്തുകളാണല്ലോ. അവയിൽനിന്ന് എങ്ങനെയെങ്കിലും കുതറിമാറി, സ്വയം വിമോചിതയാകുന്നതിൽ എനിക്ക് അത്യദ്ധ്വാനം വേണ്ടിവരുന്നുണ്ട്. എങ്കിലും, ഒട്ടൊക്കെ വിജയം കൈവരിക്കാൻ മുൻപ്രസ്താവിച്ച സന്ന്യാസിനികളുടെ ജീവിതകഥ എനിക്കു പ്രേരകമായി. അങ്ങനെയാണ് സമ്യക്കായ ഒരു മാനസികതലം എന്നിൽ സംജാതമായത്.

ഇനി ഞാനെന്റെ സന്ന്യാസഭവനത്തിന്റെ ഏകാന്തസങ്കേതത്തിലേക്കുതന്നെ പിൻതിരിയട്ടെ. ദൈവാനുഗ്രഹത്താൽ, മുമ്പ് ഹൃദിസ്ഥമാക്കിയിരുന്ന ചില സുകൃതജപങ്ങൾ നാവിൻതുമ്പിലേക്ക് ഒഴുകിയെത്തിക്കൊണ്ടേയിരുന്നു. കൈകൊണ്ടും കണ്ണുകൊണ്ടും ഒന്നും പ്രവർത്തിക്കാനാവാത്ത സ്ഥിതിയിൽ ഈ ജപങ്ങൾ എനിക്ക് ആശ്വാസമേകി. മനസ്സിൽ തിങ്ങി

കൂടിയെത്തുന്ന ആശയങ്ങൾ അക്ഷരങ്ങളിൽ ആവിഷ്കരിക്കുവാൻ സാധിക്കാതെ ഹൃദയം കട്ടിയാകുമ്പോൾ മൗനമായ സുകൃതജപമന്ത്രം മാത്രമായിരുന്നു കരണീയം. ഒരിക്കൽ, എന്നെ ചുററിവരിഞ്ഞിരിക്കുന്ന മൂടൽമഞ്ഞ് അപ്രത്യക്ഷമാകുകയും വീണ്ടും ഒരു പൗർണ്ണമി എൻെറ ജീവിതത്തിൽ ഉദിക്കുകയും ചെയ്യുന്ന ശുഭനാളുകൾ ഞാൻ കിനാവുകണ്ടു; ഭാവനയുടെ കല്പവൃക്ഷക്കമ്പുകൾ പൂചൂടുകയും കുഞ്ഞാററക്കിളികൾ അവയിൽ സഹർഷം ചേക്കേറുകയും ചെയ്യുന്ന നിമിഷങ്ങൾക്കായി പ്രതീക്ഷയോടെ കാത്തിരുന്നു. എൻെറ കർത്താവ് ഒരിക്കൽക്കൂടി ഈ ജീവിതവനിയിൽ വസന്തം വിരിയിക്കുമെന്ന് മനസ്സ് മന്ത്രിച്ചു. ഇനിയും കവിതകളും കഥകളും ആത്മഭാഷണങ്ങളുമായി എൻെറ ഹൃദയത്തിൻെറ വികാരവിചാരങ്ങൾ അവതരിക്കുമെന്നു ഞാൻ വിശ്വസിച്ചു.

പക്ഷേ, അതിനുമുമ്പ്, ഇരുൾമൂടിയ ഒരു കാലഘട്ടം ഉദിച്ചേക്കുമെന്ന ഭീതി എന്നെ കയ്യടക്കി. സഹോദരികൾ ആഹ്ലാദഭരിതരായി കൂട്ടുചേരുന്ന ഇടങ്ങളിൽ മൂടൽമഞ്ഞുനിമിത്തം സന്തോഷത്തോടെ പങ്കുകൊള്ളുവാൻ സാധിക്കുന്നില്ലല്ലോ എന്ന ദു:ഖം എനിക്കു ഭാരമായി. ഏകാന്തതയുടെ തടവറയിൽനിന്ന് ഇനി എന്നാണു രക്ഷകിട്ടുകയെന്ന് ഞാൻ സ്വയം ചോദിച്ചു. മറുപടി ആയിരമായിരം കാതങ്ങൾക്കപ്പുറത്താണെന്നു തോന്നി.

എങ്കിലും, ആത്മീയനയനങ്ങൾ കൂരിരുട്ടത്തും ദിവ്യപ്രകാശപ്പൊലിമ കൈവരിക്കുമെന്ന സത്യം ഞാൻ ഗ്രഹിച്ചു. അതെനിക്ക് സുപ്രധാനമായൊരു മുതൽക്കൂട്ടായി. വിശപ്പിൻെറ, ഹൃദയവേദനയുടെ, ആകുലതയുടെ, അഗ്നിക്കയത്തിൽ കത്തിയുരുകി മരിക്കാതെ മരിക്കുന്നവരെ ആത്മനാ വീക്ഷിക്കുവാൻ എനിക്കു സാധിച്ചു; അവർക്കുവേണ്ടി സ്വന്തം സഹനജീവിതം ബലിയർപ്പിക്കാനുള്ള വരം കിട്ടിയിരുന്നെങ്കിലെന്നാശിച്ചു; അതിൽനിന്ന് സർഗ്ഗശക്തിയു

ടെ പൊന്നിഴകരം നെയ്തെടുക്കുവാനും. തങ്ങളുടെ തീർത്ഥാടനത്തിനിടെ, മരുഭൂമിയിൽ പ്രഭാതങ്ങളിൽ വീണുകിട്ടിയ മന്ന ശേഖരിച്ചു സൂക്ഷിക്കുവാൻ ബദ്ധപ്പെട്ട ഇസ്രായേൽ ജനത്തെപ്പോലെ, ദുർലഭമായി കിട്ടുന്ന ഭക്ഷ്യവസ്തുക്കരം തങ്ങളുടെ മാളങ്ങളിൽ സൂക്ഷിച്ചുവയ്ക്കുവാൻ വ്യഗ്രതകാണിക്കുന്ന എറുമ്പുകളെപ്പോലെ ആയിരുന്നു ഞാനും; അപ്പഴപ്പോരം ഒത്തുകിട്ടിയ ആശയബിന്ദുക്കളൊക്കെ ഞാനെൻെറ മനസ്സിൻെറ മണിച്ചെപ്പിൽ സ്ഥിരമായി സൂക്ഷിച്ചുവച്ചു. അന്ന് ഭാവനയാകുന്ന എൻെറ മണിവീണയ്ക്ക് അനുസ്യൂതം തന്ത്രിമീട്ടി എന്തെങ്കിലുമൊക്കെ ആലപിക്കുവാൻ തിടുക്കമായിരുന്നു. കീർത്തനങ്ങരം മൂളിമൂളിപ്പാടുക എനിക്കന്ന് സ്വല്പം ആശ്വാസം പകർന്നിരുന്നു; ഹൃദയദാഹത്തിൻെറ ഒരംശമെങ്കിലും അങ്ങനെയാണു ശമിച്ചിരുന്നത്.

സൗഖ്യദായകനായ കർത്താവിൻെറ വിരൽത്തുമ്പു തൊട്ടതേ കൺവെളിച്ചം കിട്ടിയ അന്ധനെപ്പോലെ ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമേ എന്ന് കരംനുറുങ്ങി എൻെറ കർത്താവിനോടു കേണപേക്ഷിക്കുക എനിക്കന്ന് ആനന്ദനിർവൃതിയേകിയിരുന്നു.

പക്ഷേ, രാത്രി അന്ധകാരമയമാവുകയും ഭൂതലത്തെ ഇരുരംമൂടുകയും ചെയ്യുമ്പോരം ഭയങ്കരമായൊരു ശൂന്യതാബോധം മനോവ്യഥയുടെ അത്യഗാധത്തിലേക്ക് എന്നെ തട്ടിത്താഴ്ത്തിയിരുന്നു. ജീവിതത്തിൽ വിലപ്പെട്ടതായി യാതൊന്നും ഇതേവരെ നേടിയിട്ടില്ല എന്നൊരു വിചാരം! വിധിയോട് ഒരിക്കലും മറുതലിക്കാനാവില്ലെന്നും ദയനീയമായി ഞാൻ ശിക്ഷിക്കപ്പെടുമെന്നും സ്വർഗ്ഗം എനിക്ക് അതിവിദൂരത്താണെന്നും മററും അധോലോകത്തിൽനിന്ന് ഒരറിയിപ്പ്. കണ്ണീരുകൊണ്ട് പലപ്പോഴും കിടക്കയും തലയിണയും നനഞ്ഞുകുതിർന്നു. രക്തവാഹിനിക്കുഴലുകളിൽ കൂർമുള്ളുകരം തുളച്ചുകയറുന്ന പ്രതീതി; പ്രകൃതിശക്തികളാകെ എനിക്കെതിരേ പടയോങ്ങി

വരുന്നതായും ശത്രുക്കൾ അമർഷംകൊള്ളുന്നതായും എന്റെ നടപ്പാതകളിൽ കുപ്പിച്ചില്ലുകൾ കുന്നുകൂടുന്നതായും എന്നുമെന്റെ സുഹൃത്തുക്കളായിരുന്നവർ പോലും എനിക്കെതിരേ പോർ വിളി മുഴക്കുന്നതായും നൂറുകണക്കിനു സ്വപ്നങ്ങൾ!

ഒരൊററ വിങ്ങൽപോലും, ഒരൊററ കരൾത്തുടിപ്പുപോലും, അക്ഷരങ്ങളിൽ ആവിഷ്കരിക്കാനാവില്ലല്ലോ! അവയൊന്നും കാവ്യമയമായി ചിത്രീകരിക്കാനാവില്ലല്ലോ! ഈ സത്യവും എന്നെ നൊമ്പരംകൊള്ളിച്ചു. പക്ഷേ, സത്യത്തിൽനിന്ന് അണുവിട വ്യതിചലിക്കാതെ, എന്റെ സർഗ്ഗശക്തി ഞാനിന്നോളവും ജാഗ്രതയോടെ കാത്തുസൂക്ഷിച്ചിട്ടുണ്ടെന്നും അതൊരിക്കലും ശിക്ഷിക്കപ്പെടുകയില്ലെന്നും എന്റെ മനസ്സാക്ഷി നിത്യേന എനിക്കുറപ്പു നല്കിയിരുന്നു. എങ്കിൽതന്നെയും, ചില അപൂർവ്വ സന്ദർഭങ്ങളിൽ, എനിക്കേററം പ്രിയംകരമായ ഹൃദയപ്രാർത്ഥന ("To be at peace" - Louis Bouyer - Dictionary of theology) സ്നേഹാസക്തിയോടെ, ഹൃദയംഗമമായി അനുഷ്ഠിക്കാൻ സാധിക്കാത്ത സ്ഥിതി എന്നിലുളവായി; അപ്പോഴൊക്കെ ആത്മീയസംഘർഷമായിരുന്നു എനിക്ക്. അനേകശതം ഒളിയമ്പുകൾ എനിക്കെതിരേ അന്ന് നാരകീയ ശക്തികൾ തൊടുത്തുവിടുന്നുണ്ടായിരുന്നു. അവയുടെ കെണിയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുക അസാധ്യമായി. എന്നെ കുടുക്കിലാക്കുവാൻ സാത്താൻ വിരിച്ചുവയ്ക്കുന്ന ഉരുക്കുവലക്കണ്ണികൾ പൊട്ടിച്ചെറിയുക എന്റെ കഴിവിന്നതീതമായി. ശക്തിക്ഷയിച്ച് പൊട്ടിത്തകരാറായ എന്റെ ജീവിതമാകുന്ന തോണി സുരക്ഷിതമായി കരയ്ക്കെത്തിക്കണേ എന്ന് എനിക്കുവേണ്ടി പ്രിയപ്പെട്ട ആരെങ്കിലുമൊക്കെ പ്രാർത്ഥിക്കുന്നുണ്ടാവുമെന്നു ഞാൻ കരുതി.

തുടർന്ന് സംജാതമായ മന:ശാന്തി ഈ കരുതലിന് ആക്കം കൂട്ടി. പെരുവെള്ളത്തിൽ നിന്ന് എന്നെ പൊക്കിയെടുത്ത് ശാന്തിയുടെ തീരത്തിലെത്തിക്കാൻ, എൻെറ കർത്താവ് അയയ്ക്കുന്ന അരൂപി ചിറകടിച്ചു പറന്നെത്തുന്ന സ്വരം ഞാൻ കാതോർത്തു കാത്തിരുന്നു. ഇതിനിടെ, ആഴിയുടെ അഗാധം എന്നെ വിഴുങ്ങാതിരിക്കാൻ, എൻെറ സ്വർഗ്ഗീയ മധ്യസ്ഥർ അതിനെ വിശ്വാസമെന്ന അടിസ്ഥാനത്തിൽ ഉറപ്പിച്ചു. അതിൽ പ്രതീക്ഷയാകുന്ന കട്ടക്കല്ലുകൾ പാകിയുറപ്പിച്ചു. ഭയപ്പെടേണ്ടാ, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു; നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു; നീ എൻേറതാണ് – ഐസയാസ് പ്രവാചകനിലൂടെ കർത്താവ് ഒരിക്കൽ അരുളിച്ചെയ്തത് എനിക്കാശ്വാസമേകി. പ്രകാശം തന്നെയായ അവിടുന്ന് ഒരിക്കൽ എൻെറ കണ്ണുകൾക്ക് സമ്പൂർണ്ണ ശക്തി തരുമെന്നു ഞാനുറച്ചു വിശ്വസിച്ചു. എൻെറ നിലവിളിയുടെ സ്വരം തിരിച്ചറിയത്തക്കവിധം അവിടുന്നെനിക്കു സമീപസ്ഥനാണെന്ന് ഞാൻ അനുഭവിച്ചറിഞ്ഞു.

മൂടൽമഞ്ഞിലൂടെയുള്ള എൻെറ തീർത്ഥാടനത്തിൽ, കുളിർമഴയും കുളിർകാററും പലപ്പോഴും ക്ഷണികമായിരുന്നു. ഹൃദയത്തിൻെറ അടിത്തട്ടിൽ മിക്ക നാളുകളിലും എരിതീയും പുകച്ചുരുളുകളുമായിരുന്നു. വിശ്വാസമാകുന്ന ശുഭ്രനക്ഷത്രം അവയ്ക്കെല്ലാമുപരി പൂങ്കതിർ വാരിക്കോരിച്ചൊരിഞ്ഞതുകൊണ്ട് നിരാശയിൽ കഴുത്തററം മുങ്ങിയില്ല എന്നു മാത്രം. ഈ വിശ്വാസം സ്വജീവിതസർവ്വസ്വമായ കർത്താവിങ്കലേക്കുള്ള ഹൃദയത്തിൻെറ ഉന്മുഖതയാണെന്നാണ് എൻെറ ചിന്ത; അതൊരു ആരാധനയാണുതാനും. സങ്കടത്തിൻെറ ആഴക്കടലിൽ മുങ്ങിയും പൊങ്ങിയും നീന്തിയും നെടുവീർപ്പിട്ടും സമാധാനത്തിൻെറ തുരുത്തിലെത്തുവാൻ എനിക്ക് ഉൾക്കരുത്തേകുന്നത് ഈ വിശ്വാസമത്രേ. ഈ ദൈവോന്മുഖത സമൃദ്ധമായി പ്രതിസമ്മാനിതമാകണേ എന്നാണ്

എന്നും എൻെറ പ്രാർത്ഥന. ഈ പ്രതിസമ്മാനമാണല്ലോ സ്വർഗ്ഗം.

പക്ഷേ, തിന്മയുമായി പോരാടേണ്ടിവരുന്ന ഭയാനക നിമിഷങ്ങൾ എനിക്കു വിരളമായിരുന്നില്ല; അതിദയനീയമായി പരാജയപ്പെട്ടു നിലംമുത്തുന്ന നിമിഷങ്ങൾ ധാരാളം. ഈ ബലക്ഷയത്തിലാണ് എൻെറ കർത്താവിൻെറ കൃപ എന്നിൽ പുതുനാമ്പു ചൂടുന്നതെന്ന സത്യം ഞാൻ വിസ്മരിച്ചിട്ടുണ്ട്.

നീ അനേകരെ ഉപദേശിച്ചിട്ടുണ്ട്. ദുർബലകരങ്ങളെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കാലിടറിയവരെ നിൻെറ വാക്കുകൾ താങ്ങി നിർത്തി. ദുർബലപാദങ്ങൾക്കു നീ കരുത്തുപകർന്നു. നിനക്കിതു സംഭവിച്ചപ്പോൾ നിൻെറ ക്ഷമ കെട്ടുപോയി.... ജോബ്ബിനെ മുഖത്തുനോക്കി ചിലർ കുററപ്പെടുത്തിയത് ഈ സന്ദർഭത്തിൽ ഞാനോർമ്മിച്ചു. ഉപദേശങ്ങളും മനോഭാവങ്ങളും പ്രവൃത്തികളും തമ്മിലുള്ള നികത്താനാവാത്ത വിടവ്! അതേപ്പററി എനിക്കു പശ്ചാത്താപമായി. അതെന്നെ ആസകലം പിടിച്ചുകുലുക്കി; മനസ്താപക്കണ്ണീരോടെ കർത്താവിൻെറ ചിറകിൻകീഴ് അഭയംതേടൂ എന്ന് മനസ്സ് പ്രബോധിപ്പിച്ചു.

ഈ സ്ഥിതിയിൽ പെസഹാത്തിരുനാളിൻെറ മുന്നൊരുക്കനാളുകൾ വന്നെത്തി. ദഹനബലിയായി സ്വയം മനുഷ്യമക്കൾക്കുവേണ്ടി പ്രതിഷ്ഠിച്ച യേശു എന്നെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യം ഇനിയും പൂർത്തിയായിട്ടില്ലല്ലോ എന്നോർത്തു ഞാൻ വ്യസനിച്ചു. എനിക്കെൻെറ വഴികൾ കാണാറായാലേ മുൻപാകപ്പിഴകൾ തിരുത്തി കർമ്മപഥത്തിൽ മുന്നേറാനാവൂ. അതിനെനിക്കു കൺവെളിച്ചം മുഴുവനായും കിട്ടണം. നടപ്പാതകളിലെ ഓരോ തരിയും കണ്ണിൽപെടണം. ഇടയ്ക്കു കുത്തിക്കൊള്ളാനിടയുള്ള കരിങ്കൽ പൂളുകൾ തിരിച്ചറിയണം. വായ് പിളർന്നു വിഴുങ്ങാനെത്തുന്ന, കൊത്തിക്കൊത്തി രക്തം ഈമ്പിക്കുടിക്കുവാൻ പാ

ഞ്ഞടുക്കുന്ന നാരകീയ ശക്തികളെ ജയിക്കാൻതക്ക ജാഗരൂകത വേണം. ഇതിനൊക്കെ മൂടൽമഞ്ഞിൽ എങ്ങനെയാണു സാധ്യമാവുക!

ഇങ്ങനെ ചിന്താമഗ്നയായിരിക്കെ, ഒരിക്കൽ, മുൾക്കൂട്ടത്തിൽനിന്നു റോസാപ്പൂ വിരിയിക്കുന്ന കർത്താവിൻെറ കൃപ എനിക്കു ബോധ്യമായി. ദൈവമേ, അവിടുത്തെ കൃപ മതിയെനിക്ക് എന്നു ഞാൻ ആത്മനാ ഉദ്ഘോഷിച്ചു. പ്രകാശം കിട്ടുന്നതിനുവേണ്ടി ശുഭാപ്തി വിശ്വാസത്തോടെ ദാവീദിൻെറ പുത്രനായ യേശുവിനെ വിളിച്ചുകരഞ്ഞ ആ നല്ല മനുഷ്യൻ എൻെറ മുമ്പിൽ വന്ന് എന്നെ ഉപദേശിക്കുന്നതുപോലെ തോന്നി. സ്വഭവനത്തിൻെറ പരിധിവിട്ട്, വഴിയോരത്തേക്ക് തട്ടിമുട്ടി, പരുക്കേററ്, നടന്നെത്തിയതുകൊണ്ടാണല്ലോ അയാൾക്കു വെളിച്ചം കിട്ടിയത്, കർത്താവ് അയാൾക്കുവേണ്ടി അദ്ഭുതം പ്രവർത്തിച്ചത്. സൗഖ്യദായകമായ ആ കരസ്പർശത്തിനായി എൻെറ ഹൃദയവും ദാഹപരവശമായി. സ്വാർത്ഥതയുടെ മുഖംമൂടി വലിച്ചൂരി, വഴിയോരത്ത് പ്രകാശം കൊടുക്കുന്ന കർത്താവിനെ കാത്തുകാത്തുനിന്ന ആ മനുഷ്യനെ ഞാൻ ഉൾക്കണ്ണാലെ കണ്ടു. അക്കാഴ്ചയിൽ നിന്നു പ്രചോദനമുൾക്കൊണ്ടു. ഒരു നീണ്ട കാത്തിരിപ്പിനായി ഞാനും ഒരുങ്ങി.

പിന്നീട്ട നാളുകളിൽ, വിഭിന്ന കർമ്മരംഗങ്ങളിൽ, സ്വാർത്ഥതയുടെ കനത്ത മുഖംമൂടി ധരിച്ചതോർത്തു ഞാൻ ദു:ഖിച്ചുകേണു. സ്വാർത്ഥമയമായ അന്തർമുഖത കൈവെടിഞ്ഞ് പരോന്മുഖതയിലൂടെ ദൈവോന്മുഖതയിലേക്കു കടക്കണമെന്ന് എനിക്കു ശക്തമായ പ്രേരണ കിട്ടി; സ്വാർത്ഥപരതയുടെ ആണിക്കല്ലുകൾ പിഴുതെടുത്ത്, തത്സ്ഥാനത്ത് പരസ്നേഹത്തിൻെറ അടിക്കല്ല് കൂട്ടിയിണക്കണമെന്നു നിശ്ചയിച്ചു. അങ്ങനെ, ഞാനൊരു നവീകരണത്തിൻെറ രാജവീഥിയിലേക്കു കടന്നു. ദൈവദത്തമായ സിദ്ധി

കരം എൻെറ സഹതീർത്ഥാടകർക്കും വഴിവിളക്കാകുന്നതിനുവേണ്ടിയാണെന്ന അവബോധം എന്നിൽ അങ്കുരിച്ചു. തുടർന്ന്, അന്യർക്കുവേണ്ടിയുള്ള സ്വയംദാനത്തിൻെറ മഹത്വം എനിക്കു മനസ്സിലായിത്തുടങ്ങി. എൻെറ മൂടൽമഞ്ഞിൽ, എന്നേക്കും സുഗന്ധം വർഷിക്കുവാനായി, ദൈവം കനിഞ്ഞേകിയ ഒരുൾക്കാഴ്ചയാണ് ഇതെന്നു ഞാൻ ഗ്രഹിക്കുന്നു. ഇത് പുല്ലിൻെറ പൂവുപോലെ കൊഴിഞ്ഞുപോകാതിരിക്കട്ടെ! ഇതാണെൻെറ ആത്മാർത്ഥമായ പ്രാർത്ഥന.

## V

## - ചില രജതരേഖകൾ -

മൂടൽമഞ്ഞിൻെറ നാളുകളിൽ എൻെറ ഹൃദയത്തിൽനിന്നു കുരുത്തുവന്ന പ്രാർത്ഥനാവചസ്സുകൾ, ഭാവിയിൽ അനുഗ്രഹകുസുമങ്ങളായി പൊട്ടിവിടരുമെന്നായിരുന്നു എൻെറ വിചാരം. എൻേറതായ കൊച്ചു പൂങ്കാവനത്തിലോ, മററാരുടെയെങ്കിലും കർമ്മക്ഷേത്രങ്ങളിലോ ആ വചസ്സുകൾ ഐശ്വര്യം വർഷിക്കുമെന്ന വിശ്വാസം എന്നിൽ ആളിക്കത്തി. ഹൃദയംഗമമായ പ്രാർത്ഥനാമൊഴികൾ മുള്ളുകളിൽനിന്നുപോലും സുഗന്ധമുതിർക്കുമെന്ന ധാരണ എത്രയോ ധന്യമാണ്!

പീഡാനുഭവവാരത്തിലേക്കു കടക്കവേ, മുൻപറഞ്ഞ മാനസികസ്വാസ്ഥ്യത ഇളംകാററുപോലെ എന്നെ തലോടിക്കൊണ്ടേയിരുന്നു. ജോബിൻെറ മുഖത്ത് ഉരുമ്മിക്കൊണ്ട് ഒരിക്കൽ കർത്താവിൻെറ അരൂപി, പരിശുദ്ധാത്മാവ്, കടന്നുപോയ കഥ ബൈബിളിൽ രേഖാങ്കിതമാണല്ലോ. അങ്ങനെതന്നെ, വേദനയും നീർക്കെട്ടുമുള്ള എൻെറ മുഖത്തും ദൈവാത്മാവ് മന്ദമായി തലോടിക്കൊണ്ടു കടന്നുപോകുകയായിരുന്നു.

സായംസന്ധ്യകളിൽ, മുറിയുടെ ജനൽക്കമ്പികളിൽ പിടിമുറുക്കി, നിഴലുകൾപോലെ നടന്നുനീങ്ങുന്ന ചില സാധുതൊഴിലാളികളുടെ ഹൃദയവികാരങ്ങൾ ഒപ്പിയെടുക്കാൻ ഞാൻ പരിശ്രമിച്ചു. അവരിൽ തങ്ങിനില്ക്കുന്ന ദു:ഖത്തിൻേറയും ആശങ്കയുടേയും ആകുലതയുടേയും ചിത്രങ്ങൾ എൻെറ കൺമുമ്പിൽ മൂടൽമഞ്ഞിലും സജീവമായിരുന്നു. ഇത്രയുംനാൾ തീരക്കിട്ട ജീവിതത്തിൻെറ നെട്ടോട്ടത്തിനിടെ, സമീപത്തുകൂടി കടന്നകലുന്ന വ്രണിതഹൃദയ

രുടെ നൊമ്പരങ്ങരം അധികമൊന്നും എന്നെ സ്പർശിച്ചിരുന്നില്ല. പഴകിത്തുരുമ്പിച്ച ചില വ്യവസ്ഥിതികളിൽ കടിച്ചുതൂങ്ങി, ജീവിക്കുന്ന യാഥാർത്ഥ്യങ്ങരംക്കുനേരെ കണ്ണടച്ച കഥകരം ഓർമ്മയിൽനിരന്നു. ഒപ്പം പശ്ചാത്താപത്തിൻെറ ഉഷ്ണവും. ഇത്രയും നാരം, സ്വഹൃദയത്തിൽ കുടിയിരിക്കുന്ന കർത്താവിങ്കലേക്കുമാത്രം ഉന്നമിട്ടിരുന്ന എൻെറ ഉരംക്കണ്ണുകരം സർവ്വരിലേക്കും സ്നേഹാർദ്രതയോടെ തിരിച്ചുപിടിക്കാനുള്ള ക്ഷമത എനിക്കു കൈവന്നു. ഇതെൻെറ ജീവിതത്തിൻെറ അതിഭാസുരമായ ഒരു ഘട്ടമായിട്ടാണ് ഞാൻ പരിഗണിക്കുക. ഈ വഴിത്തിരിവിൽ എന്നെ കൊണ്ടുചെന്നെത്തിച്ചത് എൻെറ മൂടൽമഞ്ഞത്രേ.

ഇക്കാലത്ത്, കർത്താവിൻെറ ചില തിരുവചനങ്ങരം എന്നെ അതിരററ് ആകർഷിച്ചു; വിശിഷ്യ, "ദരിദ്രൻെറ സമ്പത്ത് തട്ടിയെടുത്ത് ബലിയർപ്പിക്കുന്നവൻ പിതാവിൻെറ മുമ്പിൽവച്ച് (അവൻെറ) പുത്രനെ കൊല്ലുന്നവനെപ്പോലെയാണെ"ന്ന ദൈവവചനം. ഇതെന്നിൽ നീറിപ്പിടിച്ച് ഉമിത്തീപോലെയായി. അതു കെടാത്ത പശ്ചാത്താപത്തിൻെറ അഗ്നിയായി മാറി. എൻെറ സ്വന്തം ജനവും ഞാനും ചെയ്തുകൂട്ടിയ തെററുകരം നിമിത്തമുള്ള ഉരംത്താപം! കടപ്പാടുകളുടെ മുറിപ്പാടുകരം സ്നേഹത്തിൻെറ തൈലലേപനത്തിലൂടെ നികത്തി സുഖപ്പെടുത്തുന്ന കർത്താവിനെ ഞാൻ കണ്ടുമുട്ടി. സൗഖ്യം പ്രാപിക്കാനായി പാപങ്ങരം ഏററുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ (യാക്കോബ് 3:15) എന്ന തിരുമൊഴി ഇവിടെ പ്രസക്തമായിട്ടെനിക്കു തോന്നുന്നു.

സംഭവബഹുലമായ സ്വജീവിതത്തിൽ, വർണ്ണച്ചായക്കൂട്ടില്ലാതെ നിറംമങ്ങിപ്പോയ സംഭവങ്ങരംക്ക്, പരിത്യാഗത്തിൻെറ ഈടുനല്കുന്ന ചില യാഥാർത്ഥ്യങ്ങരംക്ക്, ഇനി എങ്ങനെ നിറംപിടിപ്പിക്കാനാവുമെന്നു ഞാൻ പര്യാലോചിച്ചു. എല്ലാം കാണുന്ന കർത്താവ്, ദുഷ്ടരിലും ശിഷ്ടരിലും ഒരുപോലെ മഴ

വർഷിക്കുന്ന ദൈവം, എൻെറ ഹൃദയകളങ്കങ്ങരം ക്ഷാളനംചെയ്ത് എന്നെ ശുദ്ധീകരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിച്ചു. അവിടുന്ന് ഒരു നല്ല ഹൃദയം എന്നിൽ സൃഷ്ടിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. ഇസ്രായേലിൻെറ പരിശുദ്ധനായ കർത്താവ് എനിക്കു പകരം മോചനദ്രവ്യമായി തന്നെത്തന്നെ സമർപ്പിച്ചതാണെന്ന ബോധ്യം എന്നിൽ പൂചൂടി നിന്നു. ഇരുമ്പുനാരായംകൊണ്ട് ആയുസ്സിൻെറ പുസ്തകത്തിൽ എഴുതപ്പെട്ടുപോയ തിന്മയുടെ കഥകരം അവിടുന്ന് കാരുണ്യത്തോടെ മായിച്ചുകളയുമെന്ന് എനിക്കുറപ്പായിരുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കുന്ന, ബന്ധിതർക്കു മോചനമരുളുന്ന ആ സമഗ്രവിമോചകൻ എന്നെയും ബന്ധനവിമുക്തയാക്കുന്ന ദിവസം – കൺകാഴ്ച പൂർണ്ണമായി തിരികെ കിട്ടുന്ന ദിവസം – ഞാൻ കാത്തുകാത്തിരുന്നു; സ്വർഗ്ഗം നിത്യാവകാശമായി ലഭിക്കുന്ന മധുരമുഹൂർത്തവും.

തുരുമ്പിച്ചും ദ്രവിച്ചും നഷ്ടമാകുന്ന ഈലോകവസ്തുക്കരം ശേഖരിച്ചു കൂമ്പാരം കൂട്ടി, അവയാൽ വശീകരിക്കപ്പെട്ട്, ജീവിതം നരകസമാനമാക്കാൻ ഇടയാകരുതേ എന്നു ഞാൻ നീറുന്ന മനസ്സോടെ പ്രാർത്ഥിക്കാൻ തുടങ്ങി. അതും എൻെറ ഹൃദയപരിവർത്തനത്തിൻെറ നാന്ദിയായിരുന്നു.

ഈ ദിവസങ്ങളിൽ, അതായത്, എൻെറ മൂടൽമഞ്ഞിൻെറ രണ്ടാംഘട്ടം അവസാനിച്ചതോടെ, ജ്യേഷ്ഠസഹോദരിയായ മുൻ കർമ്മലീത്താ സന്ന്യാസിനിയുടെ സഹനബലിയുടെ ഓർമ്മയും എന്നെ സ്വാധീനിച്ചു; പരിശുദ്ധപിതാവിൻെറ അംഗീകാരത്തോടെ, വിദൂരസ്ഥമായ ഒരു തപോവനത്തിൽ ആറേഴുവർഷം തനി ഭാരതീയ മുറയിൽ തപസ്വിനിയായി ജീവിച്ച്, അന്ത്യനാളുകളിൽ ക്ഷയരോഗബാധിതയായി, ഈ ലോകം വിട്ടുപിരിഞ്ഞ് നിത്യസമ്മാനത്തിനായി പാടിപ്പറന്നുപോയ സിസ്ററർ സീമ. നിശ്ശബ്ദ സഹനബലി ജീവിതമായിരുന്നു അവളുടേത്. അതിൻെറ

രക്ഷാകരമായ സ്വാധീനവും എനിക്ക് ഒരു ആദ്ധ്യാത്മീക നവീകരണത്തിന്റെ പ്രേരകശക്തിയായി ഭവിച്ചു.

ഇടിവെട്ടുകയും കൊടുങ്കാററൂതുകയും വൻതിരകൾ ഇരമ്പിക്കുതിക്കുകയും ചെയ്യുന്ന ഭയാനകവേളകളിൽ, കർത്താവിന്റെ തിരുഹൃദയത്തിന്റെ വാഗ്ദാനം, "ഞാൻ വീണ്ടുംവന്ന്.... കൂട്ടിക്കൊണ്ടുപോകും" എന്ന വാഗ്ദാനം, എന്റെ ഭയം ദൂരെയകററിയിരുന്നു. അതും എനിക്കൊരു നേട്ടമായി പരിണമിച്ചു. ഭീതിയുടെ നിഴലിൽ ഒരു സുകൃതവും പുഷ്പിക്കുകയില്ലല്ലോ.

കൊടുംചുഴികൾ ഉരുണ്ടുകൂടുന്ന ജീവിതസമുദ്രത്തിലൂടെ ആത്മാവിന്റെ തോണി നിഷ്പ്രയാസം തുഴഞ്ഞ് പരമാന്ത്യത്തിലെത്തുവാൻ സാധിക്കുമെന്ന ആത്മവിശ്വാസം എന്റെ കർത്താവ് എന്നിൽ ഉണർത്തി. വിനാശത്തിന്റെ കൊടുങ്കാററ് കടന്നുപോകുവോളം കർത്താവിന്റെ ചിറകിൻകീഴിൽ മുഖമൊളിച്ച സങ്കീർത്തകന്റെ മാതൃക വീണ്ടും വീണ്ടും ഞാനോർമ്മിച്ചു, അതനുസരിച്ചു. എന്റെ തോണി നയിക്കുന്നത് ഞാനല്ല, എന്റെ കർത്താവാണ് എന്ന വിശ്വാസം എന്നെ ധൈര്യവതിയാക്കി.

ഭക്തിയുടെ അത്യുന്നതശൃംഗത്തിലേക്ക് അതിവേഗം കുതിച്ചുയരുക എനിക്ക് അസാധ്യമത്രേ. എങ്കിലും, വി. ചെറുപുഷ്പത്തെ അനുകരിച്ച്, ശിശുസഹജവും സ്നേഹമയവുമായ ഹൃദയത്തുടിപ്പുകളിലൂടെ പുണ്യപൂർണ്ണതയുടെ ആദ്യപടികളെങ്കിലും പിന്നിടാമെന്നു ഞാൻ കരുതി. ഇതായിരിക്കട്ടെ കർത്താവിനുള്ള എന്റെ ഹൃദയപ്രതിഷ്ഠയുടെ തേജോമയമായ സാക്ഷ്യം.

കുഞ്ഞുന്നാൾതൊട്ട്, ഹൃദയസ്പന്ദനങ്ങൾ പ്രാർത്ഥനയാക്കി മാററുകയെന്നത്, എന്റെ പ്രിയപ്പെട്ട

അമ്മയിൽനിന്നു ഞാൻ സ്വായത്തമാക്കിയതാണ്. വേദനിപ്പിക്കുന്ന അനേകം പ്രതിസന്ധിഘട്ടങ്ങളിൽ നിശ്ചലയായിനിന്ന്, കണ്ണീരുവാർത്ത്, നെടുവീർപ്പിട്ട് അവൾ പ്രാർത്ഥിക്കുന്ന രംഗങ്ങൾ ഇന്നും എന്റെ ഓർമ്മയിൽ സജീവമാണ്. ജീവിതത്തിന്റെ ചില വിഷമഘട്ടങ്ങളിൽ, ഇരുണ്ട ഊടുവഴികളിലൂടെ മുന്നിറങ്ങിയപ്പോഴൊക്കെ, എന്നെസംബന്ധിച്ച് ഇതിനു ഭംഗംവന്നിട്ടുണ്ട്. അന്ന് എന്റെ മനസ്സിന് അഗാധമായ നൊമ്പരം അനുഭവപ്പെടുമായിരുന്നു. ഇന്ന് ആ നൊമ്പരം മധുരിക്കുന്ന ഒരുതരം വേദനയായി രൂപംപ്രാപിച്ചിരിക്കുന്നു.

## VI

### – ഒരു ദു:ഖവെള്ളിയാഴ്ചയിലൂടെ –

മൂടൽമഞ്ഞിൻെറ മൂന്നാംഘട്ടത്തിലേക്ക് എൻെറ കർത്താവ് എന്നെ നയിച്ചു. പെസഹാവാരമായിരുന്നു അത്; തപസ്സിൻെറ അനുഷ്ഠാനങ്ങളിലൂടെ ആത്മീയ വിശുദ്ധി സമ്പാദിക്കുന്നതിന് വെമ്പുന്ന ദൈവജനത്തിനു സ്വീകാര്യമായ നാളുകൾ. അതിൻെറ അവസാനഘട്ടം.

എൻെറ മൂടൽമഞ്ഞിന് അതേ നിലനില്പുതന്നെ. കുരുത്തോല ഞായറാഴ്ചയായി. ഇടവക ദൈവാലയത്തിൽ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ വയ്യാത്ത നില. സ്നേഹിക്കാൻ മാത്രം പഠിച്ചുവരുന്ന സന്യാസാർത്ഥിനികൾ ഒന്നിലേറെ കുരുത്തോലകൾ വാങ്ങി. എനിക്ക് അവ സമ്മാനമായിക്കിട്ടി. അങ്ങനെ, എൻെറ സങ്കടം തെല്ലൊന്നു ശമിച്ചു.

പക്ഷേ, നിമിഷങ്ങൾക്കകം ശാന്തി എന്നെ വിട്ടകന്നു. കണ്ണുകളിൽ അസഹ്യമായ വേദനയുടെ വേലിയേററം. തീവെള്ളം മാതിരി കണ്ണീർക്കണികകൾ. മുഖത്തെ നീർക്കെട്ടും പൂർവ്വാധികമായി. കൂട്ടുസഹോദരികൾ സഹതപിച്ചു; സമാശ്വസിപ്പിച്ചു. എൻെറ വ്യഥ അണപൊട്ടിയൊഴുകി. പിന്നെയും, കരഞ്ഞുകരഞ്ഞു കണ്ണുകൾ കലങ്ങി. അവയിൽനിന്നു തീപാളുന്ന ചൂട്!

ഒരു വിധത്തിൽ സ്വരുക്കൂട്ടിയ സമാധാനം പോയ് മറഞ്ഞു! വീണ്ടും അഗ്നികുണ്ഡത്തിലേക്ക് എടുത്തെറിയപ്പെട്ടിരിക്കുന്നു! കിടന്നും കിടക്കാതെയും, പ്രാർത്ഥിച്ചും പ്രാർത്ഥിക്കാതെയും, ഭക്ഷിച്ചും ഭക്ഷിക്കാതെയും നിമിഷങ്ങൾ മുന്നോട്ടു നീങ്ങി. നീറി

യുരുകുന്ന ഹൃദയത്തോടെയാണ് അന്ന് സമൂഹ പ്രാർത്ഥനയ്ക്കെത്തിയത്. ഒന്നും ശബ്ദിക്കാൻ സാധ്യമല്ലായിരുന്നു. ദു:ഖത്തിന്റെ ഇഴകൾ കൂടുതൽ കരുത്തോടെ മനസ്സിനെയാകെ കെട്ടിവരിഞ്ഞിരിക്കുന്നു! എങ്കിലും, നിശ്ചിത സമയം മുഴുവൻ ദൈവാലയത്തിൽ ദു;ഖം വിഴുങ്ങി ഇരിപ്പുറപ്പിച്ചു.

അന്നുരാത്രി ഒന്നു കണ്ണടയ്ക്കാൻപോലും വയ്യെന്നായി. വേദനയുടെ ആധിക്യത്തിൽ കരഞ്ഞുകരഞ്ഞു തളർന്നു. പാതിരാത്രി വളരെ വിഷമിച്ച് പ്രാർത്ഥനാസ്ഥലത്തെത്തി. വിജനതയും ഭക്തിസാന്ദ്രതയും. എന്റെ കർത്താവിന്റെ സജീവസാന്നിധ്യംകൊണ്ട് എങ്ങും ജീവൻ തുടിച്ചുനിന്നിരുന്നു. ഏകാന്തതയുടെ മറവിൽ ഒന്നു സ്വസ്ഥമായിരുന്ന് എന്റെ ആത്മാവിന്റെ കദനകഥ കർത്താവിനോടു തുറന്നു പറയുക. അതെനിക്ക് അഭികാമ്യമായി. ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ എന്ന് തേങ്ങിക്കരഞ്ഞു പ്രാർത്ഥിക്കാനേ സാധിച്ചുള്ളു. പ. അമ്മയും സകല വിശുദ്ധരും ദൈവദൂതരും എനിക്കു കൂട്ടുനില്ക്കുകയായിരുന്നു. അങ്ങു ദൂരത്തിരുന്നു കരയുന്ന ചുങ്കക്കാരിയായി ഞാൻ. സ്വന്തം അയോഗ്യത ഞാനേററു പറഞ്ഞ് കർത്താവിന്റെ കാരുണ്യത്തിനായി അപേക്ഷിച്ചു.

പെട്ടെന്ന്, പശ്ചാത്താപത്തിന്റെ സരണി വീണ്ടും എനിക്കായി തുറക്കപ്പെട്ടു. ജീവിത വ്യഗ്രതകൾക്കിടെ, അത്യദ്ധ്വാനത്തിനിടെ, സ്വഹൃദയത്തിന്റെ മയൂരസിംഹാസനത്തിൽ എഴുന്നള്ളി വസിക്കുന്ന ജീവേശ്വരനായ കർത്താവിനെ കാണാനാവാത്തവിധം ഉൾക്കണ്ണുകൾ ഇറുക്കിയടച്ചത് ഞാനോർമ്മിച്ചു. സ്വയം സംതൃപ്തിക്കും പ്രശസ്തിക്കുംവേണ്ടി സിദ്ധികൾ പ്രത്യേകിച്ച് പ്രഭാഷണകല ദുരുപയോഗിച്ചത്, സാമ്പത്തികനേട്ടത്തിനു പ്രാമുഖ്യം നല്കി കർത്തവ്യങ്ങൾ അനുഷ്ഠിച്ചത് എന്നതൊക്കെ ഉരുകുന്ന സങ്കടത്തോടെ ഓർമ്മിച്ചു. എനിക്കൊന്നു സ്വസ്ഥമായി

പൊട്ടിക്കരയണമെന്നുണ്ടായിരുന്നു. പക്ഷേ, നിശയുടെ നിശ്ശബ്ദതയിൽ അതിനു സ്വാതന്ത്ര്യമില്ലായിരുന്നു. ആത്മാവിൻെറ ആഴങ്ങൾ തേടുന്ന കർത്താവിൻെറ സമക്ഷം എൻെറ ഹൃദയം മുഴുവനായി ഞാൻ തുറന്നുവച്ചു. ക്രമേണ എനിക്കു സമാധാനം കിട്ടി. വ്യഥയുടെ പാരമ്യത്തിൽ സമനില തെററാതിരിക്കാൻ എന്നെ സഹായിച്ചത് എൻെറ കർത്താവിങ്കലേക്കുള്ള ആത്മീയമായ ഉന്മുഖത മാത്രമാണ്.

പിറെറന്നാൾ പ്രഭാതപൂജയ്ക്കുശേഷം, സൗഹൃദത്തിൻെറ ഒലിവിലക്കമ്പുകളുമായി മാടപ്പിറാക്കളെപ്പോലെ പറന്നെത്തിയ ചില സഹോദരികൾ ചില സദുപദേശശകലങ്ങൾ എനിക്കു നല്കി.

ഇത്രയുംനാൾ പഠിച്ചതും സ്വജീവിതത്തിൽ അനുഷ്ഠിച്ചതുമായ ദൈവികനിയമങ്ങൾ ഒരിക്കലും മററു കളയരുത്. അവയെപ്പററിയുള്ള അവബോധം നിലനിർത്തുക. ഇനി ഒന്നും വായനയിലൂടെ നേടാൻ സാധിക്കാതെ വന്നാലും വിഷമിക്കരുത്.... നിരാശപ്പെടരുത് – ലററീസ്യ എന്ന ഒരു സഹോദരിയുടെ ഉപദേശം.

ഇക്കാലംവരെ സ്വായത്തമാക്കിയ ഉൾക്കാഴ്ചകൾ സഹോദരിക്കു ഭാവിയിലേക്കും വലിയ മുതൽക്കൂട്ടായിരിക്കും. അതിനാൽ വിഷമിക്കാതിരിക്കൂ – മറെറാരാളുടെ സമാശ്വസിപ്പിക്കൽ.

കൺകാഴ്ച വേണ്ടത്ര ഇല്ലെങ്കിലും, സ്വജീവിതത്തിൽ സാക്ഷ്യം വഹിക്കുന്ന സത്യങ്ങളേക്കുറിച്ച്, ഇനിയും അനേകരെ പഠിപ്പിക്കാമല്ലോ – ഒരാത്മമിത്രത്തിൻെറ വാക്കുകൾ.

അനവധി വർഷങ്ങൾ കഠിനമായി ബുദ്ധിമുട്ടിയതല്ലേ. ഇനി വിശ്രമിക്കാനായിരിക്കും ദൈവനിശ്ചയം – സമവയസ്കയായ ഒരു സന്ന്യാസിനിയുടെ പ്രതികരണം.

യാതൊരു പരാതിയും കൂടാതെ സഹിക്കുക. നിശ്ശബ്ദസഹനം അനുഗ്രഹം വർഷിക്കും. അങ്ങനെ പുണ്യവതിയാകാം - ഒരു സഹപാഠിനിയുടെ സദുപദേശം.

വേണമെന്നുണ്ടെങ്കിൽ എന്റെ ഒരു കണ്ണു ചുഴന്നെടുത്തു തരാം - തമാശ്കാരിയായ ടെസ്സി എന്ന ഒരു സഹോദരിയുടെ ആശ്വാസ മൊഴികൾ.

ഒന്നിനും ആരോടും പ്രതികരിക്കാൻ എനിക്കു സാധിക്കില്ലായിരുന്നു; പ്രതികരണശേഷി കെട്ടുപോയിരുന്നു. ഒന്നിനും താത്പര്യമില്ലാത്ത ഒരു സ്ഥിതി വിശേഷം. എങ്കിലും, നിവേദിത എന്ന എന്റെ കവിതാസമാഹാരത്തിലേക്ക് കണ്ണയയ്ക്കവേ ഉള്ളിന്റെയുള്ളിൽ സംഘർഷമായി. കാരണം, അവളെന്റെ പതിനൊന്നാമത്തെ മാനസപുത്രിയാണ്; എന്റെ സാഹിത്യരചനകളിൽ എനിക്കേറ്റവും പ്രിയംകരി. അവളെ കൈരളീക്ഷേത്രത്തിങ്കൽ സുമുഖിയും സുശീലയുമായി അവതരിപ്പിക്കുന്നതിനുള്ള കഠിനയത്നത്തിലാണ് എന്റെ മൂടൽമഞ്ഞിന്റെ തുടക്കം. ഏറെ ക്ലേശിച്ച് പ്രകാശനം ചെയ്ത ഗ്രന്ഥമായതുകൊണ്ട് എനിക്കവളോട് വളരെ പ്രത്യേകമായ ഒരു മമതയുണ്ട്. രാപകൽ പണിയെടുത്ത കണ്ണിന് ക്ഷീണം സ്വാഭാവികമാണല്ലോ. എങ്കിലും, അതിത്രവേഗം സംഭവിക്കുമെന്നു തോന്നിയില്ല. കണ്ണുകളിലൂടെ, ക്യാൻസർ രോഗം നിമിത്തം, തപ്താശ്രു ഉതിരുന്ന ഒരു മുഖചിത്രമാണ് അവൾക്ക്. കാരണം, വേദനകളിൽ കുരുത്തുവന്ന അവൾക്ക് വേദനിക്കുന്ന ഒരു സന്ന്യാസിനിയുടെ മുഖം തന്നെയാകട്ടെ എന്നു കരുതി. ആ വേദന എന്നിൽ ജീവനുൾക്കൊണ്ടതുപോലായിരിക്കുന്നു. ആ മുഖവും ആ ചുടുകണ്ണീരും എനിക്കു സ്വന്തമായിരിക്കുന്നു.

ജീവിതഭാരത്തിന്റെ ചുമട് ഒന്നിറക്കിവച്ച് സമാശ്വാസം പ്രാപിക്കാൻ, ഇത്തരമൊരു ഇടവേള എന്റെ കർത്താവ് എനിക്കു കനിഞ്ഞു നൽകിയതാ

ണെന്ന് ഒരാന്തരികസ്വരം ഞാൻ കേട്ടു. അതു പ്രസക്തവുമായിരുന്നു.

വൈകാതെ, എൻെറ നിവേദിതയ്ക്ക് ഹൃദയംഗമമായ ആശംസകൾ വിവിധ നിലകളിലുള്ള വ്യക്തികളിൽനിന്നു പറന്നെത്തി; കണ്ണീരിൽ വിതച്ചത് സന്തോഷത്തികവിൽ കൊയ്തെടുക്കുകയായിരുന്നു. രോഗശാന്തിക്ക്, മൂടൽമഞ്ഞ് ഉരുകിയുരുകിത്തീരുന്നതിന്, ആശംസകൾ നേർന്നുകൊണ്ടുള്ള ഏതാനും കായിതങ്ങളും കൈപ്പററി. അങ്ങനെ, കർത്താവ് എനിക്ക്, ഞാൻ വിളിച്ചപേക്ഷിക്കുന്നതിനൊക്കെ പ്രത്യുത്തരമേകി, സുഹൃത്തുക്കളിലൂടെ അഭ്യുദയകാംക്ഷികളിലൂടെ. എൻെറ ജീവിതവൃക്ഷം പൂർണ്ണമായി കൂമ്പുകരിയാതിരുന്നു. മാത്രമല്ല, പുത്തൻനാമ്പുകൾ കിളിർത്തുവരുമെന്ന പ്രത്യാശയ്ക്കു മങ്ങലേററുമില്ല.

രണ്ടു മുന്നാഴ്ചയ്ക്കകം ഈ മൂടൽമഞ്ഞ് അദൃശ്യമായി കണ്ണുകൾക്കു പൂർവ്വസ്ഥിതി കൈവരും; ഇനിയും സാഹിതീസൃഷ്ടിക്കും സുവിശേഷ പ്രഘോഷണത്തിനും കർത്താവ് വഴിയൊരുക്കും; ഇങ്ങനെ എൻെറ ഒരു സഹോദരി സാലസ് ഇടയ്ക്കിടെ എനിക്ക് ഉറപ്പുതന്നിരുന്നു.

എൻെറ ദു:ഖത്തിൽ പങ്കുകൊണ്ട സഹോദരങ്ങളുടെ ജീവിതയാത്രയിൽ ഒരൊററ കൂർമുള്ളുപോലും മുളയ്ക്കരുതേയെന്ന് ഞാൻ തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. ഇങ്ങനെ മൂന്നു നാല് നാളുകൾ കടന്നു. മാർച്ച് 28 രാത്രി വീണ്ടും കണ്ണുവേദന വർദ്ധിച്ചു. ഉറങ്ങാനാവാതെ മുറിയിലൂടെ അങ്ങുമിങ്ങും നടന്നു. പെട്ടെന്ന് കന്യകാമന്ദിരത്തിൻെറ ചുററുമതിലിങ്കലെ വൈദ്യുത വിളക്കിലേക്കു നോക്കി. അസാധാരണമായ ഒരു പ്രകാശം; അത്യുജ്ജ്വലമായ രശ്മികൾ; മുമ്പത്തേക്കാളുപരി, അതു കണ്ണിൽ കുത്തിക്കൊള്ളുകയായിരുന്നു. മൂടൽമഞ്ഞിൻെറ ആദ്യഘട്ടത്തിൽ ഇത്തര

മൊരു പ്രകാശപ്പൊലിമ അനുഭവപ്പെട്ടതാണ്. ഇന്ന് അതിലും നൂറിരട്ടി ശക്തിയുള്ള പ്രകാശക്കതിരുകരം! കണ്ണിന് അടക്കാനാവാത്ത വേദനയും. എൻെറ കണ്ണുകരംക്കു തിമിരം ബാധിച്ചുവോ? ഞാൻ അമ്പരപ്പോടെ ചിന്തിച്ചു. നിശ്ശബ്ദമായി ദൈവാലയത്തിലേക്കു നടന്നു; തളർന്ന മനസ്സോടെ. എല്ലാ വിളക്കുകളിൽനിന്നും നൂറായിരം കതിരുകരം പ്രസരിക്കുന്നു!! അവയുടെ നടുമദ്ധ്യേ കറുപ്പുനിറം.

തിമിരം എന്നെ കയ്യടക്കിയിരിക്കുന്നുവെന്ന് എനിക്കു ബോധ്യമായി, ഒന്നും പ്രാർത്ഥിക്കാനോ ചിന്തിക്കാനോ ആവാതെ ഹൃദയഭാരത്തോടെ ഞാനെൻെറ കിടപ്പുമുറിയിലേക്കു നടന്നു; പലയിടത്തും തട്ടിയും മുട്ടിയും മുന്നോട്ടുപോയി. നിദ്രാരഹിതയായി അങ്ങുമിങ്ങും നടന്നു. പ്രഭാതമായി. എൻെറ തീരാദു:ഖത്തിൻെറ കഥ ആരോടും തുറന്നുപറയാനുള്ള ധൈര്യം അററുപോയിരുന്നു.

വീണ്ടും വീണ്ടും ഞാനെൻെറ നിരീക്ഷണം തുടർന്നു. ഫലം തഥൈവ! രണ്ടു കണ്ണുകരംക്കും തിമിരം!! ഉരുകിക്കരഞ്ഞുകൊണ്ട് വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടേയും രക്തസാക്ഷി ദേവസഹായം പിള്ളയുടേയും കടലാസ്രൂപങ്ങളിൽ ചുടുമുത്തങ്ങരം അർപ്പിച്ചുകൊണ്ടു പ്രാർത്ഥിച്ചു. രക്ഷിക്കണേ.... രക്ഷിക്കണേ എന്ന്; അന്ധകാരത്തിൻെറ അധോലോകത്തേക്ക് എന്നെ തള്ളരുതേ എന്ന് കരരം നുറുങ്ങിയുള്ള പ്രാർത്ഥന! മാർച്ച് 29 പ്രഭാതം ഇങ്ങനെ വേദന വിഴുങ്ങിയാണു നീങ്ങിയത്. എന്നത്തേക്കാളുമുപരി വ്യാകുലതയോടെയാണ് അന്ന് വി. പൂജയിൽ പങ്കെടുത്തത്. പിന്നീട് ഔഷധങ്ങളുടെ വീര്യത്താൽ മയങ്ങിമയങ്ങിക്കിടന്ന് ആ ദിവസത്തിൻെറ ആദ്യയാമങ്ങരം പിന്നിട്ടു. പെട്ടെന്ന്, ആശ്വാസദൂതുമായി ചിലർ വന്നെത്തിയതുകൊണ്ട് ശാന്തമായി ഒന്നുറങ്ങുവാനോ ഏകാന്തദു:ഖം ഉള്ളിലൊതുക്കുവാനോ വയ്യാതായി.

അന്നു സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ധ്യാനവും ജപമാലയുമൊക്കെ ഉപേക്ഷിച്ച് ഞാനെൻെറ മുറിയിൽത്തന്നെ കഴിഞ്ഞു. ഭവനാംഗങ്ങൾ അത്താഴം കഴിഞ്ഞ് വിശ്രമിക്കുന്നു: പരസ്പരം സൗഹൃദം പങ്കുവയ്ക്കുന്നു; നാട്ടുവിശേഷങ്ങൾ കൈമാറുന്നു. അപ്പോൾ ഞാനെൻെറ സങ്കടത്തിൻെറ താങ്ങാനാവാത്ത ഭാരവുംപേറി പ്രാർത്ഥനാലയത്തിൻെറ ഒരു കോണിലിരുന്നു കണ്ണീരുവാർത്തു. ആ രാത്രിയും എനിക്കു വേദന മാത്രം സമ്മാനിച്ചു കടന്നുപോയി.

പിറെറന്നാൾ, പെസഹാത്തിരുനാളിൻെറ തലേനാൾ, ദിവ്യപൂജയ്ക്കുശേഷം ഒരു കൂട്ടുകാരിയുമൊത്ത് കലങ്ങിമറിഞ്ഞ കണ്ണുകളോടെ ഒരു കണ്ണുരോഗവിദഗ്ദ്ധനെ സന്ദർശിക്കാൻ യാത്രയായി. ആശുപത്രി വരാന്തയിൽ, വെള്ളക്കുമ്മായം പൂശിയ ഒരു ഭിത്തിയിൽ സ്ഥാപിച്ചിരുന്ന ദൈവമാതൃസ്വരൂപം കണ്ണിൽ പെട്ടു. ഒരവ്യക്തദർശനം മാത്രം! എൻെറ വിഭാവന ആ അമ്മയിലേക്ക് അതിശീഘ്രത്തിൽ എത്തപെട്ടു. അവളുടെ നിറകൺമിഴികൾ എനിക്കു മുമ്പിൽ തെളിഞ്ഞു തെളിഞ്ഞു വരുമ്പോലെ! കണ്ണിണയ്ക്കുള്ളിൽ രക്തവർണ്ണം പടർന്ന്, രക്തക്കണ്ണീർ തൂകിത്തൂകി എൻെറ നേരെ ഉററുനോക്കുന്ന സ്വർഗ്ഗ ജനനി! സർവ്വജഗത്തിൻെറയും സ്നേഹജനനി! എനിക്ക് അധികം ഉററുനോക്കാൻ സാധിച്ചില്ല; തളർന്ന കണ്ണുകൾ പിൻവലിച്ച് ഡോക്ടറെ കാത്തിരുന്നു.

എൻെറ ആശങ്കകൾ പൊട്ടിത്തെറിക്കുകയായിരുന്നു. പേര് ഉറക്കെ വിളിക്കുന്ന നേഴ്സിനെ കാത്തു കാത്ത്, ഡോക്ടറുടെ വിധി എന്താകുമെന്നു ചിന്തിച്ചു ചിന്തിച്ച്, ഇടറുന്ന പാദമുദ്രകളോടെ അങ്ങുമിങ്ങും നടന്നു. ആകാംക്ഷ കഴുത്തററംവരെ ഉരുകിയെത്തി. അത് തൊണ്ടയ്ക്കകത്ത് ഒതുങ്ങി കുരുങ്ങിക്കിടന്നു.

നേഴ്സ് എത്തി വിദഗ്ദ്ധ പരിശോധനയ്ക്കു തുടക്കമിട്ടു. കണ്ണുകളിൽ തുള്ളിതുള്ളിയായി മരു

ന്നൊഴിച്ചു. ഒന്നേത്തുടർന്ന് മറെറാന്നായി, യന്ത്രക്കൂട്ടുകളുടെ സഹായത്തോടെ ഡോക്ടർ സൂക്ഷ്മനിരീക്ഷണമായി. കർമ്മകുശലതയും നിതാന്തജാഗ്രതയും ഒത്തിണങ്ങുന്ന പരീക്ഷണങ്ങൾ.

വിധിപ്രസ്താവത്തിനായി ഞാൻ കാതോർത്തിരുന്നു. ദൈവതിരുമനസ്സിനു കീഴ്വഴങ്ങൂ ... ഒരു കാൽവരി കയറാനൊരുങ്ങൂ.... മനസ്സാക്ഷിയിൽനിന്ന് നിശ്ശബ്ദമായ ഒരുദ്ബോധനം.

പ്രതീക്ഷിച്ചതു കേട്ടു; തിമിരം.... തിമിരം.... ഇരുകണ്ണുകൾക്കും.... ഇനി നിങ്ങൾക്ക് മൂടൽമഞ്ഞു മാത്രമേ കാണാനാകൂ. ശസ്ത്രക്രിയ നടത്തിയാലും അക്ഷരങ്ങൾ അതേപടി വായിക്കാൻ ഇനിയൊരിക്കലുമാവില്ല.... അവ കൂട്ടിവായിക്കാനുമാവില്ല! ലക്ഷം ലക്ഷം ഇരുമ്പുനാരായങ്ങൾ എൻെറ അന്തരാത്മാവിലേക്ക് തുളച്ചിറങ്ങി.

എനിക്കീ പ്രപഞ്ചഭംഗി ഇനിയൊരിക്കലും ആസ്വദിക്കാൻ സാധിക്കില്ലല്ലോ.... ജ്ഞാനാമൃതം തുളുമ്പുന്ന അക്ഷരങ്ങളിൽ കണ്ണുപാകി നിർവൃതി നുകരാൻ ഇനി ഞാനശക്തയാകുമല്ലോ.... ദൈവാത്മാവിൽനിന്നു സ്വാംശീകരിച്ചെടുക്കുന്ന ദിവ്യജ്ഞാനപീയൂഷം ദിവ്യാക്ഷരങ്ങളിൽ ആവിഷ്കരിക്കുകയെന്നതും ഉപേക്ഷിക്കേണ്ടിവരുമല്ലോ.... ഇതൊക്കെ തനിനിറത്തിൽ വസ്തുതകളായി ഞാൻ നേരിൽ കണ്ടു.

എൻെറ കരൾത്തട്ടിൽ കൊടുങ്കാററിരമ്പി; ചുട്ടുപൊള്ളിക്കുന്ന തീപ്പൊരികൾ ചിതറി; അതിൻെറ വെളിച്ചത്തിൽ അകക്കണ്ണ് ഒന്നു വെട്ടിത്തിളങ്ങി; എൻെറ ജീവിതഗ്രന്ഥം ഒന്നു മലർക്കെത്തുറന്നു. അതിൻെറ വർണ്ണപ്പൊലിമയിൽ എൻെറ വിചാരപഥം തെളിഞ്ഞു. പരംപൊരുളിൻെറ ദൗത്യം ആവഹിച്ച്, അതിൻെറ സാക്ഷാത്കാരത്തിനായി ഓടിത്തീർക്കേണ്ട വഴികൾ ഇനിയുമേറെ.... നീളെ നീളെ; അവയ്ക്കിരുവശങ്ങളിലും കണക്കററ തണൽമരക്കാവുകൾ: എൻെറ വാനമ്പാടി

പ്പക്ഷിക്ക് ഇനിയും പറന്നു വിഹരിക്കുവാൻ അതിവിശാലമായ ആകാശവിതാനം; എന്റെ തൂലികയ്ക്ക് ഇനിയും കുത്തിക്കുറിക്കുവാൻ മൃതസഞ്ജീവനിയായ നിരവധി സ്വർഗ്ഗീയ സന്ദേശങ്ങൾ; താമസിയാതെ യാഥാർത്ഥ്യത്തിലേക്കു ഞാൻ മടങ്ങിവന്നു.

കരൾനിറയെ കനൽക്കട്ടയുമായി ഞാനെന്റെ തപോമന്ദിരത്തിലേക്കു നടന്നു. സങ്കീർത്തകനെപ്പോലെ "കണ്ണീരുകൊണ്ട് ഞാനെന്റെ കിടക്ക നനച്ചു". കരഞ്ഞുകരഞ്ഞ് ഞാൻ തളർന്നു. വിവശയായി, പരവശയായി. കണ്ണുകളിൽ നീർക്കെട്ട് ഒട്ടും ശമിച്ചിട്ടില്ല. തിമിരത്തിന് നീർക്കെട്ട് അകമ്പടിയോ? ചിലർക്കു സംശയം. അങ്ങനെ, യാമങ്ങളോളം വേദനയുടെ തീക്കുണ്ഡത്തിലെരിഞ്ഞു.

പിറേറന്നാൾ പെസഹാത്തിരുനാളിന്റെ ആഘോഷമായി. സർവ്വശക്തിയും സമാഹരിച്ച് ഞാനെന്റെ മനഃശക്തി വീണ്ടെടുത്തു. ഏറെ നാളായിരുന്നു ഹൃദയം തുറന്ന് ഒന്നു പുഞ്ചിരിച്ചിട്ട്. എന്തും വരട്ടെ എന്നു കരുതി ഞാനന്ന് ആഹ്ലാദവതിയായി, ചിരിച്ചു.... ഏറെച്ചിരിച്ചു.... എല്ലാം മറന്ന് ചിരിച്ചു! അങ്ങനെ മനസ്സിനു സുഖം കിട്ടട്ടെ എന്നു കരുതി. അതു ഫലിച്ചു. പിരിമുറുക്കത്തിന് അയവു കിട്ടി. മൂടൽമഞ്ഞിന്റെ കാഠിന്യം തെല്ലു ശമിക്കുകയും ചെയ്തു.

പെസഹാവിരുന്നിലും തുടർന്നുള്ള സമൂഹനമസ്ക്കാരത്തിലും ഞാനും പങ്കുകൊണ്ടു. പാതിരാത്രിയോടടുത്തു. ഒന്നുറങ്ങാൻ കഴിഞ്ഞില്ല. കഴിഞ്ഞവർഷം ദുഃഖവെള്ളിയാഴ്ച ഒരു ആരാധനാമഠത്തിൽ സന്തോഷഭരിതയായി പെസഹാവിരുന്നു കഴിച്ചതും പിറേറന്നാൾ അവിടത്തെ ദൈവാലയത്തിൽ പീഡാനുഭവത്തെപ്പററി പ്രഭാഷണം നടത്തിയതും ഓർമ്മിച്ചു. ഈ വർഷത്തെ ദയനീയ സ്ഥിതി! ഞാനതു മറക്കാൻ ആവുന്നത്ര ശ്രമിച്ചു. ഫലം നാസ്തി. പക്ഷേ, എങ്ങനെയോ ഉറങ്ങി.... ശാന്തമായുറങ്ങി. ഒരിക്കൽകൂടി

ദു:ഖവെള്ളിയാഴ്ച എൻെറ ജീവിതത്തിലേക്കു പ്രവേശിക്കുന്ന പ്രഭാതംവരെ ഉറങ്ങി.

എൻെറ മൂടൽമഞ്ഞിന് സ്വല്പം ലാഘവം വന്നതുപോലെ. എങ്കിലും, ഇടവകപ്പള്ളിവരെ പോകുക അസാധ്യമായിരുന്നു. ആകയാൽ സന്ന്യാസിനീ മന്ദിരത്തിൻെറ കൊച്ചു ദൈവാലയത്തിൽ തപസ്സിരുന്നു. മററെല്ലാവരും ഇടവകയിലെ ദൈവജനത്തോടൊത്ത്. ഞാൻ മാത്രം വിവശയായി എൻെറ കർത്താവുമൊത്ത്; ഏകാന്തമായൊരു പ്രാർത്ഥനാമന്ദിരത്തിൽ.

എൻെറ ശുഭപ്രതീക്ഷകളൊക്കെ താമസമെന്യെ പൂവിടുമെന്ന് അവിടുന്ന് എൻെറ കാതിൽ മന്ത്രിക്കുമ്പോലെ. പ്രശാന്തതയുടെ, സമാധാനത്തിൻെറ, കിരണങ്ങൾ എന്നിലേക്ക് ശക്തമായി ഒഴുകിയിറങ്ങുമ്പോലെ,

ഹൃദയവ്യഥകൾ മറന്ന്, കണ്ണിൻെറ വേദനയും വിങ്ങലും കാര്യമാക്കാതെ, സ്വന്തം മുറിയിലെത്തി ഞാനെൻെറ 'ഹൃദയപ്രാർത്ഥന' തുടർന്നു. ആനന്ദജനകമായ ഒരു പകലുറക്കത്തിലാണത് കലാശിച്ചത്. സായാഹ്നംവരെ വിശ്രമിച്ചുറങ്ങി, ഈ മൂടൽമഞ്ഞിലൂടെ എൻെറ കർത്താവ് എന്തെങ്കിലും നന്മ കൈവരുത്തുമെന്ന ഒരു വിശ്വാസമാണ് ഉണർന്നപ്പോൾ എന്നിൽ കതിരിട്ടു മിന്നിയത്. അവിടുന്ന് ഒരദ്ഭുതം എനിക്കുവേണ്ടി പ്രവർത്തിക്കുമെന്ന്, മൂടൽമഞ്ഞിൻെറ ഈ ഘട്ടം വെട്ടിച്ചുരുക്കുമെന്ന്, അന്തരാത്മാവിൽ നിന്നൊരു മുന്നറിയിപ്പ്! സൗഖ്യദാതാവായ മനുഷ്യപുത്രൻ, ദാവീദിൻെറ പുത്രനായ യേശു, എൻെറ കർത്താവ്, ഈ ദാസിയുടെ കണ്ണിൽ അവിടുത്തേ വിരൽത്തുമ്പുകൊണ്ടു സ്പർശിച്ച് എന്നെ സുഖപ്പെടുത്തുമെന്ന് ശക്തമായൊരു തോന്നൽ! ആനന്ദപരവശയായി ഞാനെൻെറ സ്വർഗ്ഗീയ മധ്യസ്ഥരുടെ ചിത്രങ്ങളിൽ ചുടുചുംബനങ്ങൾ സമർപ്പിച്ചു.

## VII

## – സമാധാനത്തിലേക്കൊരു ജൈത്രയാത്ര! –

എൻെറ സഹനജീവിതത്തെ ശക്തമായി കെട്ടി വരിഞ്ഞ മൂടൽമഞ്ഞിൻെറ കാഠിന്യം കുറഞ്ഞു തുടങ്ങി. അത് ഉരുകിയുരുകി എങ്ങോ വിദൂരഭൂമിയിലേക്ക് അകന്നകന്നു പോകുകയായിരുന്നു. ഈസ്ററിൻെറ തലേനാരം ആയിരുന്നു അത്: തിരുവുത്ഥാന മഹോത്സവനാരം. ഉള്ളിൽനിന്ന് കുളിർമ്മയൂറുന്ന നിശ്വാസം. ശുഭപ്രതീക്ഷയോടെയാണ് അന്ന് ദിവ്യബലിക്കണഞ്ഞത്. കണ്ണിൻെറ നീററലും വേദനയും ശമിച്ചു തുടങ്ങിയിരുന്നു. ആരോ എങ്ങോ തപസ്സനുഷ്ഠിച്ച് എനിക്കുവേണ്ടി എൻെറ കർത്താവിൻെറ പക്കൽ കണ്ണീരോടെ പ്രാർത്ഥിക്കുന്നുണ്ടെന്നൊരു വിചാരം.

എങ്കിലും, നമസ്ക്കാരപ്പുസ്തകത്തിലെ ഒരൊററ അക്ഷരംപോലും കാണാനാവില്ലായിരുന്നു. ബലിപീഠവും അതിന്നടുക്കൽ നിരനിരയായി നില്ക്കുന്ന സന്ന്യാസാർത്ഥിനികളും എൻെറ കണ്ണിന് അദൃശ്യരായിരുന്നു. അവരുടെയൊക്കെ സമീപം മൂടൽമഞ്ഞു കട്ടിയാണെന്നു തോന്നി.

വി. ബലിക്കുശേഷം മുറിയിലെത്തവേ, എൻെറ കൂട്ടുസഹോദരികരം ഉത്ഥാനത്തിരുനാളിൻെറ സന്തോഷത്തികവിൽ സന്ദർശിക്കാൻ വന്നു. എൻെറ പ്രസന്നത അവരിൽ ആശ്ചര്യമുളവാക്കി. അവർ സുഖവിവരങ്ങരം തിരക്കി. കുശലപ്രശ്നങ്ങരംക്കൊക്കെ തക്കതായ മറുപടി നല്കി. എൻെറ ഓരോ വാക്കിലും ഓരോ സ്വർഗ്ഗം വിരിയുന്നതായി എനിക്കനുഭവപ്പെട്ടു.

എൻെറ സഹോദരികളിലൊരാൾ മേശപ്പുറത്തു തുറക്കാതെയുള്ള കത്തുകൾ തുറന്ന് വായിച്ചു കേൾപ്പിച്ചു. സസന്തോഷം ഞാനതുകേട്ടു: 'നിവേദിത' എൻെറ പക്കൽ പറന്നെത്തിയിരിക്കുന്നു; അതിമനോഹരയായിരിക്കുന്നു. ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ. ഈണത്തിൽ പാടിപ്പാടി ഞാനത് ആസ്വദിക്കുന്നു. കണ്ടുമുട്ടുന്നവരോടൊക്കെ ഞാനറിയാതെ അതേപ്പററി പറഞ്ഞു പോകുന്നു– ഒരു സുഹൃത്തിൻെറ വാക്കുകൾ.

സഹോദരീ, സ്വസ്ഥയാകൂ. ഞങ്ങൾ കൂട്ടപ്രാർത്ഥനയുടെ തരംഗങ്ങൾ അങ്ങോട്ടയയ്ക്കുന്നു. വേഗം സുഖമാകും. പുതിയ കാവ്യതല്ലജങ്ങൾക്ക് ഈ വേദനയുടെ നാളുകൾ സഹായകമാകട്ടെ- കേരള പാസ്ററൽ ഓറിയൻേറഷൻ സെൻറർ ഡയറക്ടർ ഡോ. ജി. പി. ആലഞ്ചേരിയുടെ സ്നേഹാശംസകൾ.

"കർത്താവേ, ഇതാ, അങ്ങു സ്നേഹിക്കുന്നയാൾ രോഗിയായിരിക്കുന്നു" (യോഹ. 11:3). സഹോദരി രോഗിണിയാണെന്നറിഞ്ഞതിൽ രോഗിയായ ഞാൻ അത്യധികം വ്യസനിക്കുന്നു. കർത്താവിൻെറ തിരുഹിതം നിറവേറാനായി ഈ മരിയവർഷത്തിൽ 'ഫിയാത്ത്" പറയുക. സഹനത്തിൻെറ കവിത കർത്താവിനു പ്രതിഷ്ഠിക്കുക. ധൈര്യവതിയാകൂ. അസ്ഥിപഞ്ജരത്തിലും ജ്വലിക്കുന്ന ഒരു ഹൃദയമുണ്ടായിരിക്കട്ടെ. കർത്താവ് തിരുമനസ്സാകുന്നപക്ഷം, സൗഖ്യമാകാൻ അരനിമിഷം മതിയാകും. എൻെറ പ്രാർത്ഥന സദാപി കൂട്ടിനുണ്ട്– മറെറാരു സുഹൃത്തായ പ്രൊഫ. ജോസഫ് മാടപ്പിള്ളിയുടെ, ആശ്വാസമൊഴികൾ.

ഒരു കാലത്ത് എൻെറ മൂടൽമഞ്ഞ് ഉരുകിയുരുകി അദൃശ്യമാകുമെന്നും, അന്ന് മുൻപറഞ്ഞ കത്തുകൾക്ക് യഥാവിധി മറുമൊഴി കുറിച്ചയയ്ക്കാമെന്നും കരുതി ഞാൻ സമാധാനപ്പെട്ടു. എങ്കിലും, ഓരോ ചെറിയ മറുമൊഴിക്കത്തയയ്ക്കാൻ ഒരിളയ സഹോദരി എനിക്കുവേണ്ടി പ്രയത്നിച്ചു.

അന്നു പകൽവേള മുഴുവൻ ശാന്തി എന്നെ വിട്ടുമാറാതെനിന്നു; തിരുവുത്ഥാനത്തിരുനാരം അരങ്ങേറുന്നതിൻെറ നാന്ദിയായി എൻെറ കർത്താവ് അനുഗ്രഹിച്ചതാകാം. ആ അനുഗ്രഹം എന്നിൽ പൂങ്കാററുപോലെ വീശി.

സന്ധ്യാനമസ്ക്കാരത്തിന് അടയാളമണി മുഴങ്ങവേ ഞാനും പ്രാർത്ഥനാ മന്ദിരത്തിലെത്തി ഒരൊതുങ്ങിയ കോണിൽ നമ്രശിരസ്ക്കയായിട്ടിരുന്നു. തിരുവരംത്താരയിൽ വാഴുന്ന ദൈവത്തിങ്കലേക്കു കണ്ണുയർത്തുക അസാധ്യമായിരുന്നു. കാരണം, നൂറിരട്ടിശക്തിയിൽ കുത്തിക്കൊള്ളുന്ന, വൈദ്യുതവിളക്കുകളിൽ നിന്നു വമിക്കുന്ന രശ്മികരം എൻെറ കണ്ണുകരംക്ക് വഹിക്കാനാവാത്ത ഭാരമായിരുന്നു.

ഒരു സഹോദരി ഒരു സദ്വാർത്തയുമായി അടുക്കലെത്തി; ഒരു സന്ദർശകൻ വന്നിരിക്കുന്നു എന്നറിയിച്ചു. ഞാൻ സന്ദർശകമുറിയിലെത്തി. ആഗതൻ ഒരഭിഷിക്ത പുരോഹിതൻ. ആദ്ധ്യാത്മികപ്രഭ വെട്ടിത്തിളങ്ങുന്ന മുഖം. വിശുദ്ധിയുടെ പ്രതീകമായ തൂവെള്ളവസ്ത്രം. തിരുവുത്ഥാനത്തിനുശേഷം മഗ്ദലന മറിയത്തിനു പ്രത്യക്ഷനായ യേശുനാഥനെ അനുസ്മരിപ്പിക്കുന്ന ഒരു വന്ദ്യപുരോഹിതൻ! (ഈയുള്ളവളും ഒരു മഗ്ദലനയാണല്ലോ) ദാവീദിൻെറ പുത്രനെ നേരിൽ കാണുന്ന പ്രതീതി! എൻെറ ഹൃദയം നുറുങ്ങിയുള്ള പ്രാർത്ഥനയ്ക്കു ഫലസിദ്ധി! എൻെറ കർത്താവ് എന്നിൽ അദ്ഭുതം പ്രവർത്തിക്കുന്നതിൻെറ മുന്നടയാളം! എനിക്കാശ്വാസമായി. അതിൻെറ തിരത്തള്ളലിൽ ഹൃദയം നിറഞ്ഞു കവിഞ്ഞു. എൻെറ ദൈവം എൻെറ കണ്ണുകരം തൊട്ടു സുഖപ്പെടുത്താൻ തൻെറ അഭിഷിക്തനെ അയച്ചിരിക്കുന്നു! എൻെറ കണ്ണുകരം കുരിശടയാളത്താൽ അദ്ദേഹം മുദ്രിതമാക്കി. ദാവീദിൻെറ പുത്രനായ യേശുവിനെ ധ്യാനിച്ചുനിന്നിട്ട്, വിശ്വാസത്തോടെ, വേദപുസ്തകം എനിക്കു നല്കിയിട്ട്, പെട്ടെന്ന് ഒരു ഭാഗം, ആദ്യം കണ്ണിൽപ്പെടുന്നത്,

വായിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. അതനുസരിച്ചു, തലക്കെട്ടുവാക്ക് എനിക്കു വ്യക്തമായി; അപ്പസ്തോലനടപടി ഒൻപതാം അധ്യായം. എൻെറ സന്തോഷം കരകവിഞ്ഞു. മൂടൽമഞ്ഞ് തുടക്കമിട്ടതിനുശേഷം ആദ്യമായി കണ്ണിനു വിഷയമായ വേദപുസ്തകഭാഗം! അപ്പസ്തോലപ്രമുഖന് അദ്ഭുതകരമായി കൺകാഴ്ച കിട്ടിയ സംഭവകഥയുടെ ആവിഷ്കരണം. മൂന്നു നാലു ദിവസങ്ങൾ കഴിയട്ടെ. ഭംഗിയായി വായിക്കാം— ആ വൈദികൻെറ സ്നേഹമസൃണമായ വാക്കുകൾ! സമാധാനത്തിൻെറ അമൃതമൊഴികൾ! എൻെറ ആനന്ദം പൊട്ടിച്ചിരിയായി അവിടെ വിലയംകൊണ്ടു.

അന്നത്തെ സുഖനിദ്ര! ഹോ! അതെനിക്ക് വർണ്ണിക്കാവതല്ല. എൻെറ ഹൃദയത്തിൻെറ ഭാഷയിൽ ഈ വരികൾ കുത്തിക്കുറിക്കാനേ കഴിയൂ. സ്വർഗ്ഗീയമായൊരു ശാന്തിയും കുളിർമ്മയും എനിക്കു കിട്ടി. എൻെറ കർത്താവിൻെറ അനശ്വരമായ സൗഖ്യദായകശക്തി തൻെറ ഉള്ളിൽ സംവഹിച്ചുകൊണ്ട്, എൻെറ വീട്ടിലെത്തി അവിടുത്തെ നാമത്തിൽ എന്നെ സൗഖ്യമാക്കിയ അഭിവന്ദ്യപുരോഹിതൻ! ഇതിൽ കൂടുതലൊന്നും എനിക്ക് എഴുതാനാവില്ല. ഹൃദയത്തിൻെറ ഭാഷ മുഴുവനായി വാക്കുകളിൽ ആവിഷ്കരിക്കാനാവില്ലല്ലോ!

ഉയിർപ്പുതിരുനാൾ, എൻെറ ജീവിതത്തിൽ ഏററവും സൗഭാഗ്യകരമായ ദിവസം, ഉദിച്ചുമിന്നി. എൻെറ കണ്ണുകൾ പൂർവ്വസ്ഥിതിയിലേക്കു മടക്കയാത്ര ആരംഭിച്ചതായി എനിക്കു ബോധ്യമായി. വേദനയും കണ്ണീർ പ്രവാഹവും നിലച്ചിരുന്നു; സമാധാനത്തോടെ ദിവ്യകാരുണ്യസന്നിധിയിൽ കൃതജ്ഞതാസ്തോത്രങ്ങളോടെ നിലകൊണ്ടു. എല്ലാം ഒരുവിധം ദൃശ്യമാണ്. മുൻപറഞ്ഞ വൈദികൻ ഉയിർപ്പുദിനസന്ദേശം നല്കി; വി. ബലിക്കുള്ള മുന്നൊരുക്കം. ആകസ്മികമായി അടുത്ത ഭിത്തിയിൽ കണ്ണു പതിഞ്ഞു.... The Lord has risen for you എന്ന മനോഹരമായ വാക്യം

അവിടെ ആലങ്കാരികമായി ചിത്രണം ചെയ്തിരുന്നതു വളരെ വ്യക്തമായി കണ്ടു; വായിച്ചു. എൻെറ മൂടൽമഞ്ഞ് അസ്തമിച്ചിരുന്നു.... ആഹ്ളാദംകൊണ്ടു നൃത്തം ചെയ്യണമെന്നു തോന്നി. അടുക്കൽ നിന്നിരുന്ന ലീമാ എന്ന സഹോദരിയോട് ഞാനെൻെറ സന്തോഷത്തിൻെറ രഹസ്യം വെളിപ്പെടുത്തി. എനിക്കു കാണാം.... എനിക്കു കാണാം.... എന്ന പല്ലവി ഞാൻ പലതവണ ആവർത്തിച്ചു. ആ സഹോദരിയും മുഖപ്രസന്നതയോടെ എൻെറ ആഹ്ളാദത്തിൽ പങ്കുകൊണ്ടു.

ദിവ്യപൂജ കഴിഞ്ഞ് ഞാനോടി സ്വന്തം മുറിയിലെത്തി. ചൂടുകണ്ണീരിനു പകരം ആനന്ദാശ്രുക്കളുതിർന്നു: എൻെറ സ്വർഗ്ഗീയ മധ്യസ്ഥരുടെ ചിത്രങ്ങൾ മാറോടു ചേർത്തണച്ചു. നന്ദിയുടെ ഒരായിരം തുടിപ്പുകൾ. ഓരോന്നിലും ഓരോ സ്നേഹസാമ്രാജ്യം! ഉടൻതന്നെ, വി. വേദപുസ്തകം മലർക്കെത്തുറന്നു. ഒന്നുരണ്ടു ഖണ്ഡിക ഹൃദിസ്ഥമാക്കി. അധികാരികളേയും ആശ്രമ ശുശ്രൂഷികളേയുമൊക്കെ ഞാനെൻെറ സന്തോഷവാർത്ത ഓടിനടന്നറിയിച്ചു. എൻെറ കർത്താവ് എന്നെ രക്ഷിച്ചു. അവിടുത്തേ കൃപ എന്നിലേക്ക് പ്രസാദവര വർഷമായി ഒഴുകി. ഈ ഒഴുക്കിലൂടെ മാത്രമേ ഇനിയെൻെറ ജീവിതനൗക ഞാൻ തുഴയുകയുള്ളു; സ്വർഗ്ഗീയ തുറമുഖത്ത് എത്തിയിട്ടേ അതു വിശ്രമിക്കൂ.

എൻെറ "കർത്താവിൻെറ കാരുണ്യാതിരേകംകൊണ്ട്, ഉയരത്തിൽനിന്നുള്ള ഉദയരശ്മി" (ലൂക്കാ 1:78) എന്നെ സന്ദർശിച്ചിരിക്കുന്നു. "ഇരുളിലും മരണത്തിൻെറ നിഴലിലും ഇരുന്ന" (ലൂക്കാ 1:79) എനിക്കിതാ പ്രകാശം കിട്ടിയിരിക്കുന്നു. "പഞ്ഞിപോലെ മഞ്ഞു വിരിക്കുകയും ചാരംപോലെ മൂടൽമഞ്ഞു വിതറുകയും" ചെയ്ത എൻെറ കർത്താവ് "കല്പന അയച്ച് അതിനെ ഉരുക്കിക്കളഞ്ഞിരിക്കുന്നു! സങ്കീർത്തകൻെറ

ഈ അനുഭവം തന്നെ എനിക്കും! സർവ്വപ്രപഞ്ചവും ഇതിനു സാക്ഷ്യം വഹിക്കട്ടെ. പ. കന്യകാമേരി, എന്റെ സ്വർഗ്ഗീയ ജനനി, ആലപിച്ച സ്തോത്രഗീതത്തിൽ ഞാനുമൊന്നു പങ്കുകൊള്ളട്ടെ:

"എന്റെ ആത്മാവ്
കർത്താവിനെ മഹത്വപ്പെടുത്തുന്നു.
എന്റെ ചിത്തം എന്റെ രക്ഷകനായ
ദൈവത്തിൽ ആനന്ദിക്കുന്നു.
.....................................................................
.....................................................................

ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു".

(ലൂക്കാ 1:46-47;49)

❋ ❋ സർവ്വം തിരുഹൃദയസ്വം ❋ ❋



റോസക്കുട്ടി കാപ്പൻ

— ഒരിക്കൽ എന്റെ അസ്ഥികൾ തീക്കൊള്ളിപോലെ എരിഞ്ഞു.

— എന്റെ ഹൃദയം പുല്ലുപോലെ വാടിപ്പോയി........
ആഹാരം കഴിക്കുവാൻ ഞാൻ മറന്നുപോയി........

— കരഞ്ഞുകരഞ്ഞ് ഞാൻ എല്ലും തോലുമായി.
ഞാൻ മരുഭൂമിയിലെ വേഴാമ്പൽപോലെയായി...!

* * * *

— കർത്താവ് എനിക്കുത്തരമരുളി........
എന്റെ പ്രാർത്ഥന കേട്ട് എന്നെ രക്ഷിച്ചു........!

* * * *

— അവിടുത്തെ ജനത്തിന്റെ മുമ്പിൽ
ഞാനെന്റെ നേർച്ചകൾ നിറവേററും........!

(Ps. 102:3_6; 118:5; 116:14)

# മൂടൽമഞ്ഞിൽ മൂന്നാഴ്ച

910.2
AP

റോബങ്ങുട്ടി കാപ്പൻ